“നാം പ്രലോഭനങ്ങളുണ്ടാകുമ്പോൾ നിരാശപ്പെടരുതു്. സകല കഷ്ടപ്പാടുകളിലും നമ്മെ സഹായിക്കാൻ കനിയുന്നതിനായി ഈശ്വരനോടു നാം കൂടുതൽ ശുഷ്കാന്തിയോടുകൂടി പ്രാർത്ഥിക്കണം; അദ്ദേഹം തീർച്ചയായും, സെൻറു പോൾ പറഞ്ഞിരിക്കുന്നതിനനുസരിച്ചു്, “പ്രലോഭനത്തെ താങ്ങുന്നതിനു നമ്മെ പ്രാപ്തരാക്കിത്തീർക്കും.” അതുകൊണ്ടു് എല്ലാ പ്രലോഭനങ്ങളിലും കഷ്ടപ്പാടുകളിലും നാം നമ്മുടെ ആത്മാക്കളെ ഈശ്വരഹസ്തത്തിൻകീഴു് നമിപ്പിക്കുമാറാകട്ടെ.”

—ക്രിസ്ത്വാനുകരണം.

# സത്യദീപം

“ഞാൻ ഭൂമിയിലേക്കു വന്നപ്പോൾ പിതാവിൽനിന്നാണു് പുറപ്പെട്ടതു്. ഇപ്പോൾ ഞാൻ ലോകത്തെ വിട്ടു് പിതാവിന്റെ പക്കലേക്കു പോകുകയാണു്. ഇതു കേട്ടു് അവിടുത്തെ ശിഷ്യന്മാർ അവിടുത്തോടു് പറഞ്ഞു: അങ്ങു് ഇപ്പോൾ വെളിവായി സംസാരിക്കുന്നു. അങ്ങു പറയുന്നതു് ഉപമയല്ല. അങ്ങു സകലതും അറിയുന്നു എന്നും, അങ്ങയോടു ചോദിക്കുന്നതിനു കാത്തിരിക്കേണ്ട ആവശ്യമില്ലെന്നും ഞങ്ങൾക്കിപ്പോൾ ബോദ്ധ്യമായിരിക്കുന്നു.”

—യോഹന്നാൻ XVI: 28-30

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

Reg. No. M. 2293. | 1957 മേയ് 22—ബുധനാഴ്ച | Vol. 30, No. 39


# മനുഷ്യന്റെ അധഃപതനം ദൈവം മുൻകൂട്ടി ദർശിച്ചുവോ?

(ഫാദർ ലാൻസർ സി. ഡി., ബി. ഏ., എൽ. ററി.)

തീർച്ചയായും! മാത്രമല്ല ആത്മശരീരങ്ങളും ബുദ്ധിയും സ്വാതന്ത്ര്യവുമുള്ളവനായി —പ്രസാദവരത്താൽ അലംകൃതനായി— മനുഷ്യൻ ഭൂമുഖത്തു രംഗപ്രവേശം ചെയ്യുന്നതും, ദൈവാജ്ഞയെ ലംഘിച്ചു് അധഃപതിക്കുന്നതും, നിർഭാഗ്യക്കുഴിയിൽനിന്നു് ദൈവം അവനെ സമുദ്ധരിക്കുന്നതും, അതിനുവേണ്ടിയുള്ള അവിടുത്തെ സമസ്തയത്നങ്ങളും അവിടുന്നു ദർശിച്ചു. ലക്ഷോപലക്ഷം ആത്മാക്കൾ നല്ല കള്ളനോടുകൂടെ കഷ്ടാരിഷ്ടതകളുടെ, പാപഫലമായി ഭൂമുഖത്തു തടിച്ചുകൂടിയ ദുരിതങ്ങളുടെ, നെരിപ്പോട്ടിൽ സ്ഫുടംചെയ്യുന്നതും, വി. ത്രേസ്യാ, വി. കൊച്ചുത്രേസ്യാ, വി. തോമസ്മൂർ, വി. കുരിശിന്റെ യോഹന്നാൻ, വി. ലൗറന്തിയോസ് മുതലായ അനേകായിരം സ്നേഹഭ്രാന്തർ വി. പൗലോസിനെ അനുകരിച്ചു് “കുരിശുകളാണു് ഇഹത്തിൽ ഞങ്ങളുടെ ആനന്ദം” എന്നുൽഘോഷിക്കുന്നതും അവിടുന്നു കാണാതിരുന്നില്ല.

പാപവൃക്ഷത്തിൽനിന്നും അനവരതം ഉതിരുവാനിരിക്കുന്ന കയ്പേറിയ കനികൾ കാരുണ്യപ്രവൃത്തികൾക്കു എങ്ങനെ വളമായിത്തീരുന്നുവെന്നും, പാപഫലമായി ശക്തിപ്പെടുവാനിരുന്ന കാമക്രോധാദികളോടും പൈശാചികപ്രലോഭനങ്ങളോടും, ലോകമായങ്ങളോടും അനുദിനം അടരാടി എത്രയെത്ര ആത്മാക്കൾ വീരപദം പ്രാപിക്കുമെന്നും ദൈവം സ്പഷ്ടമായിക്കണ്ടു.

വാനാരൂപികളുടേതിനെക്കാൾ മനോജ്ഞമായ ഗാനാലാപത്തിനു മനുഷ്യനെ പ്രാപ്തനാക്കുന്നതെന്തു്? അവർ ആനന്ദലഹരിയിൽ ആറാടി ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ, മനുഷ്യൻ കണ്ണുനീർതാഴ്‌വരയിൽ ദുഃഖദുരിതക്കുരിശിൽക്കിടന്നു് ദൈവസ്തുതിഗീതം ആലപിക്കുന്നു. ഇതു് ദൈവമഹത്വത്തെ ആയിരംമടങ്ങു വർദ്ധിപ്പിക്കുമെന്നും വാനാരൂപികളെ പതിനായിരംമടങ്ങു മികച്ചുനിൽക്കുന്നതിനു് മനുഷ്യനെ പ്രാപ്തനാക്കുമെന്നും ദൈവത്തിനറിയാമായിരുന്നു.

ഈദൃശവാസ്തവങ്ങളുടെ വെളിച്ചത്തിൽ ആദത്തിന്റെ വീഴ്ച ദൈവം മുൻകൂട്ടി കണ്ടുവെങ്കിലും അവനെ സൃഷ്ടിക്കുവാൻ സന്നദ്ധനായതിൽ വല്ല വല്ലായ്മയും തോന്നേണ്ടതുണ്ടോ?

ദൈവം മനുഷ്യരാശിയെ സൃഷ്ടിക്കുന്നതിനുമുമ്പു് നമ്മിൽ ഒരാളോടു്—വായനക്കാരനോടുതന്നെ—ഇതിനെപ്പററി പ്രഭാഷണം നടത്തിയെന്നുതന്നെ വയ്ക്കുക. അവിടുന്നു ഇങ്ങനെ സംഭാഷണം ആരംഭിക്കുന്നു:-

“ഞാൻ വാനാരൂപികളെ സൃഷ്ടിച്ചിട്ടുണ്ടു്. പ്രാപഞ്ചികവസ്തുക്കളും സസ്യമൃഗാദിലോകങ്ങളും എന്റെ കരവേലകളത്രെ. പക്ഷെ മൃഗങ്ങൾക്കു ബുദ്ധിയോ സ്വാതന്ത്ര്യമോ ഇല്ല. സ്വയം നിയന്ത്രിക്കുന്നതിനു അവയ്ക്കു സാദ്ധ്യമല്ല. എന്നാൽ വാനാരൂപികളെപ്പോലെ സ്വയം നിയന്ത്രിക്കുന്നതിനു കഴിവും സ്വാതന്ത്ര്യവുമുള്ള ഒരു ജീവിയെ ഭൂമുഖത്തു ആവിർഭവിപ്പിക്കുവാൻ എനിക്കുദ്ദേശമുണ്ടു്. അവനു വാനാരൂപികളെപ്പോലെ മരണമില്ലാത്തതും, അറിയുന്നതിനും സ്നേഹിക്കുന്നതിനും കഴിവുള്ള ഒരു ദേഹിയും, മൃഗങ്ങൾക്കുള്ളതുപോലെ ഒരു ദേഹവും ഉണ്ടായിരിക്കും. അവനെ ഞാൻ പ്രപഞ്ചസംഗ്രഹമാക്കിത്തീർക്കും. ഈ ലോകത്തിൽ അവൻ പ്രപഞ്ചനാഥനായിരിക്കും, മരണാനന്തരമോ! മാലാഖമാരുടെതിനേക്കാൾ കുറഞ്ഞതോ കൂടിയതോ ആയ ഒരു ഭാഗ്യത്തിനു് അവനെ ഞാൻ അവകാശിയാക്കുകയുംചെയ്യും. കണ്ടാലും മനുഷ്യന്റെ ഔന്നത്യം!

പക്ഷെ വാനാരൂപികളെപ്പോലെ അവനും പരിമിതനാകകൊണ്ടു്—സർവ്വജ്ഞനോ സർവ്വശക്തനോ അല്ലാത്തതുകൊണ്ടു്—അവനും വീണു എന്നു വരാം. ബലഹീനത പരിമിതത്വത്തോടു സംഘടിതമാണല്ലോ. എങ്കിലും അവൻ എന്നെ ആശ്രയിക്കുമെങ്കിൽ ഞാൻ അവനെ താങ്ങും. ശിശുതുല്യം അവൻ തന്നത്താൻ എന്നെ ഭരമേല്പിക്കുമെങ്കിൽ അമ്മയുടേതുപോലെ എന്റെ സർവ്വശക്തമായ കരങ്ങൾ അവനെ സംവഹിക്കുന്നതാണു്. കഴിവതു അവൻ ചെയ്യണം. കഴിയാത്തവയ്ക്കായി എന്റെ സഹായം അഭ്യർത്ഥിക്കയും വേണം. വേണ്ടിവന്നാൽ എന്റെ ഏകജാതനെത്തന്നെ അവനു സഹോദരനായി ഞാൻ കല്പിച്ചുനൽകും—അവനെ കൈകൊടുത്തുരക്ഷിക്കുവാൻ, താങ്ങുവാൻ, ഉപദേശിക്കുവാൻ, ആശ്വസിപ്പിക്കുവാൻ, അവനുവേണ്ടി ശുപാർശ ചെയ്യുവാൻ.

എന്നാൽ ഇതെല്ലാം അവഗണിച്ചു വർത്തിച്ചാൽ അവൻ നശിക്കും. അവന്റെ ആത്മാവു് സനാതനമാകയാൽ അവന്റെ നാശം നിത്യമായിരിക്കും.”



ഫാത്തിമായിലെ പ്രത്യക്ഷത്തിന്റെ 40-ാം വാർഷികം

(മേയ് 13)

ഈ സ്ഥിതിയിൽ മനുഷ്യനെ സൃഷ്ടിക്കണമോ വേണ്ടയോ? എന്തായിരിക്കും നിന്റെ പ്രത്യുത്തരം? മൃഗരാശിയെ കവിഞ്ഞു് യാതൊരു സ്വതന്ത്രജീവിയേയും സൃഷ്ടിക്കരുതു്, വേറൊരു സൃഷ്ടിക്കും സ്വാതന്ത്ര്യംകൊടുക്കരുതു്. കാരണം അവൻ സ്വാതന്ത്ര്യം ദുരുപയോഗിച്ചു് നാശത്തിൽ പെട്ടേക്കും എന്നു പറയുമോ? സ്വാതന്ത്ര്യം അത്ര നിസ്സാരദാനമായിട്ടാണോ പരിഗണിക്കേണ്ടതു്? അതു അത്ര നിസ്സാരമായിട്ടാണോ നാം പരിഗണിക്കുന്നതു്?

ഒരു സ്കൂളിന്റെ ഉദാഹരണം തന്നെയെടുക്കാം. അവിടെ സ്വാതന്ത്ര്യാന്തരീക്ഷം വേണമോ, അടിമത്തം വേണമോ? അടിമത്തമാണെങ്കിൽ പലപല വിഷമങ്ങളും ചില ഡിസ്സ്മിസ്സുകളും കൂടാതെ കഴിക്കാം. എന്നാൽ സ്വാതന്ത്ര്യപ്രണയികളെ സത്യം, നീതി, സ്വാതന്ത്ര്യം എന്നിവയ്ക്കായി പോരാടുവാനുള്ള രണവീരന്മാരെ പരിശീലിപ്പിക്കുന്ന കളരികളാകുമോ വിദ്യാലയങ്ങൾ? മനുഷ്യനെ സൃഷ്ടിക്കുവാനുദ്ദേശിച്ചപ്പോൾ ദൈവം കാണാതിരുന്നില്ല സ്വാതന്ത്ര്യദുരുപയോഗവും അനന്തരഫലങ്ങളും. എങ്കിലും അവയെല്ലാം സ്വാതന്ത്ര്യോപയോഗത്തിൽ നിന്നുളവാകുന്ന സൽഫലങ്ങളുടെ മുൻപിൽ നിഷ്പ്രഭങ്ങളായി. ധനം ദുരുപയോഗിക്കപ്പെടാം. ശക്തി, ബുദ്ധി എന്നുവേണ്ട ഏതൊരു ലൗകികനന്മയും. അതുകൊണ്ടു് അവ വേണ്ടെന്നുവയ്ക്കാറില്ലല്ലോ.

സ്വാതന്ത്ര്യം ദുരുപയോഗിച്ചു് താറുമാറുകൾക്കു ഇടയാക്കിയെന്ന കാരണത്താൽ ഒരു കുട്ടിയെ സ്കൂളിൽനിന്നു ബഹിഷ്കരിക്കുമ്പോൾ തോന്നും സ്വാതന്ത്ര്യം വേണ്ടിയിരുന്നില്ലെന്നു്. സ്വാതന്ത്ര്യം അനുവദിച്ചതിനു് സ്കൂൾഅധികൃതരെ കാരണവന്മാർ പഴിച്ചുവെന്നു വരാം. എങ്കിലും സ്കൂളിൽ സ്വാതന്ത്ര്യം വേണ്ട, അടിമത്തം മതിയെന്നു എല്ലാവരും പറയുമോ? സ്കൂൾകാര്യം പോകട്ടെ. നീണ്ടനീണ്ട നൂററാണ്ടുകളായി എന്തിനാണു് ഭാരതീയനേതാക്കന്മാർ ത്യാഗങ്ങൾ സഹിച്ചതു്? അടരാടിയതു്? ദുരുപയോഗപ്പെടുത്താവുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി! കൂടാതെ ഇൻഡ്യയിൽ ജനായത്തഭരണവും പ്രായപൂർത്തിവോട്ടവകാശവും ഏർപ്പെടുത്തിയതുകൊണ്ടു് ഉത്തരവാദമുള്ളവർ വളരെയധികം ക്ലേശിക്കുന്നുണ്ടു്. എങ്കിലും നാടിന്റെ അഭിമാനത്തേയും നാട്ടാരുടെ സ്വാതന്ത്ര്യാവകാശത്തേയും പരിഗണിച്ചു് എല്ലാവരും സഹകരിക്കുവാൻ തയ്യാറാകുകയല്ലേ ചെയ്യുന്നതു്? ഈ മനോഭാവംതന്നെയാണു് നന്മതിന്മകളുടെ വൃക്ഷം ഏദേൻതോട്ടത്തിൽ നട്ടുപിടിപ്പിച്ചപ്പോൾ—അഥവാ മനുഷ്യനു നന്മതിന്മ തിരിഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നൽകിയപ്പോൾ ദൈവം പ്രകാശിപ്പിച്ചതു്. മൃഗങ്ങളെ അപേക്ഷിച്ചു് മനുഷ്യനുള്ള മേന്മയെക്കുറിച്ചു് നാം ചിന്തിക്കണം. അതിന്റെ മഹത്വത്തേയും പ്രയോജനത്തേയുംകുറിച്ചു നാം ധ്യാനിക്കണം. അപ്പോൾ താനേ ഉയർന്നുകൊള്ളും, നമുക്കു സ്വാതന്ത്ര്യം പ്രദാനംചെയ്ത ദൈവത്തെ നമിക്കുവാൻ നമ്മുടെ കരവല്ലികൾ.

ചിലരുടെ സംസാരം കേട്ടാൽ എന്തു പറയുന്നുവെന്നു് അവരറിയുന്നില്ലെന്നു തോന്നിപ്പോകും. അഭ്യസ്തവിദ്യർ പറയുന്നതു കേൾക്കാം, വിദ്യാവിഹീനർക്കു വോട്ടവകാശം വേണ്ടെന്നു്. ദരിദ്രർക്കു എന്തിനാണു് വോട്ടവകാശം എന്നു് ധനാഢ്യർ. വൃദ്ധന്മാർക്കു വല്ലയിടത്തും ഒതുങ്ങിയിരുന്നു നല്ലമരണത്തിനു ഒരുങ്ങരുതോ എന്നായിരിക്കും ചെറുപ്പക്കാരുടെ ചിന്താഗതി. അപക്വബുദ്ധികളായ ചെറുപ്പക്കാർക്കു് വോട്ടവകാശം കൊടുത്താൽ സംഗതികൾ എങ്ങനെ കുഴയാതിരിക്കും എന്നു വൃദ്ധന്മാരും. ചുരുക്കിപ്പറഞ്ഞാൽ എല്ലാവർക്കും സ്വാതന്ത്ര്യംവേണം. മററുള്ളവർക്കു അതനുവദിക്കയില്ലെന്നു് നിർബന്ധവുമാണു്. ദൈവത്തിനും ഇതിൽ ഒഴിവില്ല. അവർക്കു വേണമെന്നു് ശഠിക്കുന്നതായ സ്വാതന്ത്ര്യം ദൈവത്തിനു് അവർ അനുവദിച്ചുകൊടുക്കുകയില്ല. ദൈവം അവരുടെ കളിപ്പാട്ടമാണോ എന്നു തോന്നിപ്പോകും അവരുടെ സംസാരംകേട്ടാൽ. ദൈവം അവരെ ആശ്രയിച്ചുകഴിയണം. അതിനു ഒരുക്കമില്ലാത്ത ദൈവം വേ

(ശേഷം 3-ാംപേജിൽ)

വിമർശനപംക്തി

# റോമാസഭയെപ്പററി

(തുടർച്ച)

ചോദ്യം 10. "റോമാസഭയുടേയും ഹിന്ദുക്കളുടേയും തമ്മിലുള്ള വിഗ്രഹാരാധനയിലെ വ്യത്യാസമെന്തു്?"

ശ്രീ വി. എം. മാത്യു (ആനിക്കാട്ട്) വിൻെറ ഈ ചോദ്യവും ഊളമ്പാറ ആശുപത്രിയിലെ ഒരു രോഗിയുടെ ചോദ്യവും തമ്മിലുള്ള വ്യത്യാസമെന്തു് എന്നു് ഒരു എതിർചോദ്യം ചോദിച്ചാൽ അദ്ദേഹം എന്തു മറുപടിപറയുമോ അതുതന്നെ അദ്ദേഹത്തിൻെറ ചോദ്യത്തിനും മറുപടിയാക്കാമെന്നു തോന്നുന്നു. ഊളമ്പാറ ആശുപത്രിയിലെ രോഗി ഭ്രാന്തനാണു്. രണ്ടുപേരുടേയും ചോദ്യങ്ങൾക്കു തമ്മിൽ വ്യത്യാസമില്ലായെന്നു സൂചിപ്പിക്കുമ്പോൾ, ഊളമ്പാറരോഗിയെപ്പോലെ ഭ്രാന്തനാണു് ചോദ്യകർത്താവും എന്നാണല്ലോ കേൾവിക്കാരൻ മനസ്സിലാക്കുക. ഹിന്ദുക്കളുടെ ഇടയിലെ സ്വരൂപവണക്കം വിഗ്രഹാരാധനയാണു്; അതും റോമാസഭയുടെ സ്വരൂപവണക്കവും തമ്മിൽ വ്യത്യാസമില്ലായെന്നു പറഞ്ഞാൽ, റോമാസഭയുടെ സ്വരൂപവണക്കം വിഗ്രഹാരാധന തന്നെയാണെന്നാണല്ലോ വരിക. വിഗ്രഹാരാധന എന്ന നാമം കത്തോലിക്കർ ഉപയോഗിക്കുന്നതല്ല. മി. മാത്യു അതു് വളരെ ഔദാര്യപൂർവ്വം, ചോദിക്കാതെതന്നെ, റോമാസഭയ്ക്കു നൽകുകയാണു്. പക്ഷെ റോമാസഭയുടെ സ്വരൂപവണക്കം വിഗ്രഹാരാധനയാണെന്നു മി. മാത്യുവിനോടു ആരു പറഞ്ഞു?

വിഗ്രഹം എന്നു പറഞ്ഞാൽ എന്താണു്? രൂപം, ആകൃതി, ശരീരം എന്നെല്ലാം നിഘണ്ടുവിൽ അതിനു അർത്ഥംകൊടുത്തുകാണും. പക്ഷെ എല്ലാ രൂപങ്ങളേയും ആകൃതികളേയും ഛായകളേയും നാം വിഗ്രഹങ്ങളെന്നു പറയാറുണ്ടോ? ശ്രീ മാത്യു അദ്ദേഹത്തിൻെറ പ്രിയപ്പെട്ട പിതാവിൻെറ ഒരു ഫോട്ടോ എടുത്തുവച്ചാൽ അതിനെ വിഗ്രഹമെന്നു പറയാറുണ്ടോ? അദ്ദേഹം തൻെറ പ്രിയപ്പെട്ട മാതാവിൻെറ ആകൃതിയെ സദാപി മനോദർപ്പണത്തിൽവച്ചു പൂജിച്ചാൽ മാതാവിൻെറ വിഗ്രഹത്തെ പൂജിക്കുന്നുവെന്നു അദ്ദേഹം പറയാറുണ്ടോ? ഇല്ലെന്നു മററാരേക്കാളും മുൻപേ അദ്ദേഹംതന്നെ ഉൽഘോഷിക്കുമല്ലോ. ചുരുക്കത്തിൽ എല്ലാ രൂപങ്ങളേയും പ്രതിമകളേയും, പ്രായോഗികമായി നാം വിഗ്രഹങ്ങളെന്നു പറയാറില്ലെന്നുള്ളതു് വിസ്മരിക്കരുതു്.

ഇനി വിഗ്രഹാരാധന എന്നു പറഞ്ഞാലെന്താണു്? "ദൈവത്തിനുമാത്രം ചെയ്യേണ്ടതായ പരമ ആരാധനയെ വല്ല സൃഷ്ടിക്കും ഉദാഹരണമായി വല്ല രൂപത്തിനോ പ്രതിമയ്ക്കോ മനുഷ്യനോ, നൽകുന്നതിനാണു് വിഗ്രഹാരാധനയെന്നു പറയുന്നതു്. ഒരു ഹിന്ദു തൻെറ പിതാവിൻെറയോ, പ്രിയപ്പെട്ട ജനത്തിൻെറയോ, ഇനി ശ്രീകൃഷ്ണൻെറതന്നെയോ ഒരു പ്രതിമയുണ്ടാക്കി ഓർമ്മയ്ക്കായി വീട്ടിൽ വച്ചുകൊണ്ടിരിക്കുന്നുവെന്നു വിചാരിക്കുക. നാം അതിനെ വിഗ്രഹാരാധനയെന്നു പറയുന്നില്ല. എന്നാൽ ഏതിൻെറയെങ്കിലും ഒരു പ്രതിമയുണ്ടാക്കി, ആ പ്രതിമ ദൈവമാണെന്നോ, ദൈവത്തിൻെറ ശക്തി ആവഹിച്ചിരിക്കുന്നതാണെന്നോ സങ്കല്പിച്ചു് ദൈവത്തിനുമാത്രം ചെല്ലേണ്ടതായ ആരാധന അതിനു സമർപ്പിക്കുകയാണെങ്കിൽ അതിനെ വിഗ്രഹാരാധനയെന്നുതന്നെ പറയണം. പ്രതിമ ഉണ്ടാക്കുന്നതു വിഗ്രഹാരാധനയല്ലാ; അതിനെ ആരാധിക്കുമ്പോഴാണു് വിഗ്രഹാരാധനയാകുന്നതു്.

കത്തോലിക്കർ ക്രിസ്തുവിൻെറയും വിശുദ്ധന്മാരുടേയും ചിത്രങ്ങളും പ്രതിമകളും ഉണ്ടാക്കുന്നുണ്ടു്. പക്ഷെ അതിനെ ആരാധിക്കുന്നില്ല. (ഏതെങ്കിലും കത്തോലിക്കൻ അറിഞ്ഞുകൊണ്ടു് അതിനെ ആരാധിക്കുന്നപക്ഷം അതു വിഗ്രഹാരാധനയാകും. അത്തരം പ്രവൃത്തി ഗുരുതരമായ ചാവുദോഷമാണെന്നു സഭ തങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു) കത്തോലിക്കർ ക്രൂശിതരൂപത്തോടൊ, പുണ്യവാന്മാരുടെ സ്വരൂപങ്ങളോടൊ പ്രാർത്ഥിക്കുന്നില്ല. നിർജീവങ്ങളായ അവയ്ക്കു നമ്മുടെ പ്രാർത്ഥന കേൾക്കുന്നതിനോ നമ്മെ സഹായിക്കുന്നതിനോ ശക്തിയില്ലെന്നു ഓരോ കത്തോലിക്കനുമറിയാം. ആ സ്വരൂപങ്ങൾ പ്രതിനിധീകരിക്കപ്പെടുന്ന വ്യക്തികളോടു്—ക്രിസ്തുവിനോടും വിശുദ്ധന്മാരോടും—ആണു പ്രാർത്ഥിക്കുന്നതു്. ക്രിസ്തുവിനേയും വിശുദ്ധന്മാരേയും ഓർക്കുവാൻ ഈ പ്രതിമകൾ സഹായിക്കുന്നുവെന്നുമാത്രം.

ഓർമ്മയെ നിലനിറുത്തുന്നതിലേക്കു ചിത്രങ്ങളും പ്രതിമകളും ഉണ്ടാക്കുന്നസമ്പ്രദായം ക്രൈസ്തവസഭയുടെ ആരംഭംമുതൽതന്നെ നടപ്പിലിരുന്നുവെന്നാണു് റോമയിലെ അന്തർഭൗമികപ്രേതാലയങ്ങൾ തെളിയിക്കുന്നതു്. മഹാനായ ഗ്രിഗറിമാർപ്പാപ്പാ (590—604) എഴുതിയിരിക്കുന്നു: "വായിക്കുവാൻ അറിഞ്ഞുകൂടാത്തവർക്കു് ഗ്രന്ഥങ്ങളിൽനിന്നു ലഭിക്കാത്ത ജ്ഞാനം ചിത്രങ്ങളിൽനിന്നു ലഭിക്കട്ടെയെന്നു കരുതിയാണു് ദേവാലയങ്ങളിൽ ചിത്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതു്." കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായ വിശുദ്ധ ജർമ്മാനൂസ് (710—730) പറയുന്നു: "പ്രചോദകങ്ങളായ പ്രഭാഷണങ്ങൾപോലെതന്നെ, പുണ്യജീവിതത്തിനു സഹായിക്കുന്നവയാണു് വിശുദ്ധന്മാരുടെ പ്രതിമകൾ. ചിത്രം സംഗൃഹീതമായ ചരിത്രമാണു്; അതു നമ്മുടെ ചിന്തകളെ സ്വർഗ്ഗീയപിതാവിങ്കലേക്കു നയിക്കുന്നു. വിശുദ്ധന്മാരുടെ പ്രതിമകളുടെ മുൻപിൽ മെഴുകുതിരി കത്തിക്കുന്നതിലോ കുന്തുരുക്കം പുകയ്ക്കുന്നതിലോ ആർക്കെങ്കിലും ഇടർച്ചതോന്നുന്നെങ്കിൽ അതു് അടിസ്ഥാനരഹിതമായിട്ടുള്ളതാകുന്നു. എന്തെന്നാൽ അവ ആ വിശുദ്ധന്മാരുടെ സുകൃതങ്ങളെ പ്രതിനിധീകരിക്കുന്ന ചിഹ്നങ്ങൾ മാത്രമാകുന്നു." (The Commandments in Sermons, pp. 78—79)

ഇതേവരെ പറഞ്ഞതിൽനിന്നു കത്തോലിക്കർക്കു വിഗ്രഹാരാധനയില്ലെന്നും, തന്മൂലം "കത്തോലിക്കരുടേയും ഹിന്ദുക്കളുടേയും വിഗ്രഹാരാധനതമ്മിലുള്ള വ്യത്യാസം എന്തു്" എന്നുള്ള ചോദ്യം ശുദ്ധ ഉച്ചക്കമ്പമാണെന്നും വ്യക്തമാണല്ലോ. കത്തോലിക്കർ ക്രിസ്തുവിൻെറയും വിശുദ്ധന്മാരുടേയും സ്വരൂപങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നും അവയെ വണങ്ങുന്നുണ്ടെന്നുമുള്ളതു ശരിതന്നെ. ഇതിനു സമാനമായ ഒരു പ്രവൃത്തി വേദപുസ്തകത്തിൽ നാം വായിക്കുന്നുണ്ടു്. ഇസ്രായേൽക്കാർ ആദോംദേശത്തായിരിക്കുകയിൽ, ഘോരസർപ്പങ്ങൾ അവരെ ദംശിക്കുകയും തദ്വാരാ വളരെപ്പേർ മരിക്കുകയുംചെയ്തു. ജനങ്ങളിൽനിന്നു സർപ്പത്തെ അകററിക്കളയുവാൻ മോശ പ്രാർത്ഥിച്ചപ്പോൾ ദൈവം മോശയോടു പറഞ്ഞു: "നീ പിച്ചളകൊണ്ടു ഒരു ഘോരസർപ്പമുണ്ടാക്കി അതിനെ അടയാളമായി സ്ഥാപിക്കുക. സർപ്പം ആരെയെല്ലാം കടിക്കുന്നുവോ അവർ അതിനെ നോക്കട്ടെ. അവർ ജീവിക്കും." (സംഖ്യ XXI. 4—8)

ദൈവത്തിൻെറ ആജ്ഞ അനുസരിച്ചു് മോശ പിച്ചളകൊണ്ടു് ഒരു സർപ്പത്തിൻെറ പ്രതിമ ഉണ്ടാക്കി. അതിനെ ഒരു അടയാളമായി സ്ഥാപിച്ചു സർപ്പം ഒരു മനുഷ്യനെ കടിക്കുമ്പോൾ അവൻ പിച്ചളകൊണ്ടുള്ള ഈ സർപ്പവിഗ്രഹത്തെ കണ്ണുകളുയർത്തി നോക്കുകയും അങ്ങനെ അവൻ ജീവിക്കുകയും ചെയ്തിരുന്നു. (സംഖ്യ XXI 9) മോശ ഇങ്ങനെ ഉയർത്തിയതു് ഒരു സർപ്പത്തെയല്ലായിരുന്നു; പ്രത്യുത സർപ്പത്തിൻെറ പിച്ചളകൊണ്ടുള്ള വിഗ്രഹത്തെയായിരുന്നു. "മോശ മരുഭൂമിയിൽവച്ചു സർപ്പത്തെ ഉയർത്തിയതു എങ്ങനെയോ അങ്ങനെതന്നെ മനുഷ്യപുത്രനും ഉയർത്തപ്പെടുവാനിരിക്കുന്നു" (യോഹ: III, 14) എന്നു ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ടു്. ഇസ്രായേൽക്കാർ ഈ പിച്ചളസർപ്പത്തെ തങ്ങളോടുകൂടി കൊണ്ടുപോകുകയും അതിനെ സൂക്ഷിക്കുകയും ചെയ്തിരുന്നു. (4 രാജാ: XVIII, 4)

ദൈവത്തിൻെറ ആജ്ഞ അനുസരിച്ചു് ഇസ്രായേൽക്കാർ ഈ സർപ്പവിഗ്രഹത്തോടു കാണിച്ചതു് വിഗ്രഹാരാധനയായിരുന്നോ? ആയിരുന്നെങ്കിൽ അതും ഹിന്ദുക്കളുടെ സർപ്പാരാധനയും (വിഗ്രഹാരാധനയും) തമ്മിലുള്ള വ്യത്യാസമെന്തു്? ആയിരുന്നെങ്കിൽ ഇങ്ങനെ വിഗ്രഹാരാധന നടത്തുവാൻ ദൈവം ഇസ്രായേൽക്കാരോടു കല്പിച്ചതെന്തു്? ശ്രീ വി. എം. മാത്യുവും അദ്ദേഹത്തെപ്പോലെയുള്ള ചിന്താഗതിക്കാരും ഇതേപ്പററി ഗാഢമായി ആലോചിക്കുമെന്നു വിശ്വസിക്കുന്നു. സൃഷ്ടവസ്തുക്കളെ ദൈവമായി സങ്കല്പിച്ചു് ദൈവത്തിനു യോഗ്യമായ ആരാധന സമർപ്പിക്കരുതു്; അതു ദൈവം വിലക്കിയിട്ടുള്ളതാണു്. ദൈവത്തിൻെറയോ അവിടുത്തെ വിശുദ്ധന്മാരുടേയോ സ്വരൂപങ്ങൾ ഉണ്ടാക്കുന്നതിനെ ദൈവം വിലക്കിയിട്ടില്ല (ചോദിച്ചാൽ പറയാം എന്ന പംക്തിയിലെ 15, 16, 70 ഈ ചോദ്യങ്ങൾക്കു നൽകിയിരിക്കുന്ന ഉത്തരങ്ങൾ കൂടി നോക്കുക)

ചോ 11. "റോമാസഭ ബാക്കിയുള്ള എല്ലാവരെയുംകാൾ മലങ്കരയാക്കോബായ സഭയെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുററി നടക്കുന്നതിൻെറ രഹസ്യമെന്തു്?"

എല്ലാ ആടുകളെയും—വഴിതെററിപ്പോയവയേയും തൊഴുത്തു കണ്ടിട്ടില്ലാത്തവയേയും—ഒന്നുപോലെ തൊഴുത്തിലേക്കു കൊണ്ടുവരണമെന്നും, അങ്ങനെ ഒരു ഇടയനും ഒരു തൊഴുത്തുമാകണമെന്നുമാണു്, ദിവ്യസ്ഥാപകനെപ്പോലെ തന്നെ കത്തോലിക്കാസഭയും ആഗ്രഹിക്കുന്നതു്. അതിനായി പരമാവധി പരിശ്രമിക്കുന്നുമുണ്ടു്. കത്തോലിക്കമിഷ്യനറിമാർക്കു പ്രവേശനസ്വാതന്ത്ര്യമുള്ള എല്ലാ രാജ്യങ്ങളിലും ഇന്നു് അവർ മതപ്രചാരണവേലയിൽ വ്യാപൃതരുമാണു്. 1949-ലെ ഒരു കണക്കനുസരിച്ചു് 25494 വൈദികരും, 8773 സന്യാസസഹോദരന്മാരും 54892 കന്യാസ്ത്രീകളും 525 ഡോക്ടർമാരും സ്വന്തം നാടും വീടും വിട്ടു വിദേശരാജ്യങ്ങളിൽ മിഷ്യനറിമാരായി പോയിട്ടുണ്ടു്. ഇവരെ സഹായിച്ചുകൊണ്ടു് 91677 ഉപദേശികളും 80314 അദ്ധ്യാപകന്മാരും മതപ്രചരണവേലയിൽ വ്യാപൃതരായിരിക്കുന്നു. ആകയാൽ ലോകമാസകലം വ്യാപിച്ചുകിടക്കുന്ന "റോമാസഭ ബാക്കിയുള്ള എല്ലാവരെയുംകാൾ മലങ്കര യാക്കോബായസഭക്കാരെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുററി നടക്കുന്നു"വെന്നു പറയുന്നതു് അർത്ഥശൂന്യവും വസ്തുതകൾക്കെതിരുമാകുന്നു.

കേരളത്തിലെ കത്തോലിക്കർ, കേരളീയ യാക്കോബായ സഭയുടെ പുനരൈക്യത്തിൽ താരതമ്യേന കൂടുതൽ ശ്രദ്ധാലുക്കളായിരിക്കുന്നുവെന്ന അർത്ഥത്തിലായിരിക്കാം മി. മാത്യു ഇങ്ങനെ ചോദിച്ചിരിക്കുന്നതു്. അങ്ങനെയെങ്കിൽ അതിൻെറ കാരണം അല്പം ആലോചിച്ചാൽ മി. മാത്യുവിനുതന്നെ കണ്ടുപിടിക്കാമായിരുന്നു. അദ്ദേഹത്തിൻെറ ഒരു സഹോദരനും അപരിചിതനായ ഒരാളും ഒരു കുഴിയിൽ വീണുകിടക്കുന്നതു കണ്ടാൽ മി. മാത്യു ആദ്യം കരയ്ക്കു കയററുവാൻ ശ്രമിക്കുന്നതു് ആരേയായിരിക്കും? സഹോദരനെയല്ലേ? ജന്തുസഹജമായ ഒരു പ്രേരണയ്ക്കു വശംവദനായി, സ്വന്തം സഹോദരനായിരിക്കും അദ്ദേഹം ആദ്യം രക്ഷാഹസ്തം നീട്ടിക്കൊടുക്കുക. രണ്ടുപേരുടെയും ജീവൻെറ വില ഒന്നുപോലെയാണെന്നും, രണ്ടുപേരെയും ഒന്നുപോലെ രക്ഷിക്കേണ്ടതാണെന്നും അറിഞ്ഞുകൂടാഞ്ഞിട്ടല്ല; മനസ്സില്ലാഞ്ഞിട്ടല്ല രക്തപരമായ മമതാബന്ധം സഹോദരൻെറ ജീവനു മുൻഗണന നൽകുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചുപോകുകയാണു്.

കേരളത്തിലെ കത്തോലിക്കരുടെ നിലയും ഇതുതന്നെ. കേരളത്തിലെ കത്തോലിക്കരും മലങ്കര യാക്കോബായസഭക്കാരും ഒരേസമുദായത്തിൽ പെട്ടവരും ഏകോദരസഹോദരരുമാണു്. 16 നൂററാണ്ടുകളോളം അവരങ്ങനെ ജീവിച്ചുപോരുകയും ചെയ്തു. വിശ്വാസസംബന്ധമായ വൈപരീത്യമല്ല, സഭയുടെ പരമാദ്ധ്യക്ഷനോടുള്ള അനാദരവല്ലാ അവരെ തമ്മിൽ വേർപ്പെടുത്തിയതു്. വേർപാടിനു ശേഷം പിരിഞ്ഞുപോയ പുത്തൻകൂററുകാർ പരിതസ്ഥിതികളുടെ സമ്മർദ്ദത്താൽ യാക്കോബായ വിശ്വാസം സ്വീകരിക്കേണ്ടിവന്നിട്ടുണ്ടെങ്കിലും, യാക്കോബായ വിശ്വാസസ്വീകരണത്തിനു വേണ്ടിയല്ലാ അവർ പിരിഞ്ഞുപോയതു്. ഇങ്ങനെ സ്വന്തം മാംസത്തിൻെറ മാംസവും അസ്ഥിയുടെ അസ്ഥിയുമായ മലങ്കരയാക്കോബായക്കാർ പഴയ തൊഴുത്തിലേക്കു തിരിച്ചുവരണമെന്നും അങ്ങനെ പഴയ ഐക്യം സംസ്ഥാപിതമാകണമെന്നും കേരളകത്തോലിക്കർ അഭിലഷിക്കുന്നതിൽ അപ്രകൃതമായൊന്നുമില്ലല്ലോ.

എല്ലാവരെയും ഒന്നുപോലെ പരിഗണിക്കേണ്ടിയിരിക്കുമ്പോൾ മലങ്കര യാക്കോബായക്കാരോടു ഇങ്ങനെ ഒരു പ്രത്യേകത തോന്നുന്നതു മനുഷ്യസഹജമായ ഒരു ബലഹീനതയാണെന്നു തോന്നിയേക്കാം. എന്നാൽ ഈ ബലഹീനതയ്ക്കു അപ്പസ്തോലന്മാർപോലും വിധേയരായിരുന്നു. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും എൻെറ സുവിശേഷം അറിയിക്കുവിൻ" (മർക്കോ: XVI, 15) എന്നാണു് ക്രിസ്തു അപ്പസ്തോലന്മാർക്കു നൽകിയിരുന്ന ശാസനം അവരാകട്ടെ, "ബാക്കിയുള്ള എല്ലാവരെയുംകാൾ" സ്വസമുദായാംഗങ്ങളായ യഹൂദന്മാരെ "മതത്തിൽ ചേർക്കുവാൻ കടലും കരയും ചുററി നടക്കുക"യാണു് ചെയ്തതു്. പത്രോസ്സ് തന്നെ തൻെറ ആദ്യത്തെ പ്രസംഗം "യഹൂദന്മാരേ" എന്നു സംബോധന ചെയ്തുകൊണ്ടാണു തുടങ്ങുന്നതു്. അപ്പസ്തോലന്മാരുടെ ഈ നടപടിയിൽ "എന്തെങ്കിലും രഹസ്യം" അടങ്ങിയിട്ടുണ്ടെന്നു പറയാനുണ്ടോ? ഉണ്ടെങ്കിൽ ആ രഹസ്യം തന്നെയാണു മലങ്കര യാക്കോബായക്കാരെ ചേർക്കുവാനുള്ള കത്തോലിക്കരുടെ ശ്രമത്തിലും അടങ്ങിയിരിക്കുന്നതെന്നു പറയാം.

ചോദ്യം 12. "ക്രിസ്തീയമുറപ്രകാരം ബന്ധത്തിലുള്ളവരെ വിവാഹം ചെയ്യുവാൻ പാടില്ല. ഈ അടുത്ത സമയത്തു് (രണ്ടു പേർ) അവർ നിന്ന സഭ അനുവദിക്കാത്തതുകൊണ്ടു കത്തോലിക്കസഭയിൽ ചേരുകയും, അടുത്ത ബന്ധത്തിലുള്ള ഒരു സ്ത്രീയെ ഒരു പുരുഷനു കത്തോലിക്കാ പള്ളിയിൽ വെച്ചു വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. ഇതു ശരിയോ?"

ഇതിലെ തെററു് എവിടെയെന്നു മനസ്സിലാകുന്നില്ല. ദൈവം വിവാഹത്തെ ഒരു കൂദാശയായി ഉയർത്തുകയും, വിവാഹബന്ധം ആമരണം നിലനില്ക്കേണ്ടതാണെന്നു് വ്യവസ്ഥാപിക്കുകയും

(ശേഷം 11-ാംപേജിൽ)


Chakola's
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ഡിസൈനുകൾ ധാരാളം സ്റ്റോക്കുണ്ട്.

EP

Assisi Sisters of Mary Immaculate



ഈ സന്യാസിനീസഭയിൽ VI ഫോറം ജയിച്ചവരോ അതിലും കൂടുതൽ വിദ്യാഭ്യാസമുള്ളവരോ ആയ പെൺകുട്ടികളെ സ്വീകരിക്കുന്നതാണു്. കൂടുതൽ വിവരങ്ങൾ ഇവിടത്തെ സ്ഥാപനങ്ങളും കന്യകാമഠങ്ങളും സന്ദർശിച്ചോ താഴെകാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചോ അറിയുക

Sr. General, Assisi Convent,
Green Gardens, Shertallay.

# അവൾ ഒരു ചാട്ടം, അവനോ, ഓട്ടം

(എൻ. എക്സ്. കുര്യൻ ബി. എ. ബി. എൽ.)

ചാടിയതു് ആരാണു്? ഓടിയവൻ ആരാണു്? എന്തിനാണു്, എന്തുകൊണ്ടാണു്; ഇതൊക്കെ അറിയണം അല്ലേ. എന്തിനാണറിയുന്നതു്. നിങ്ങൾക്കു് നിങ്ങളുടെ കാര്യം നോക്കിയാൽ പോരെ? സ്വന്തം കാര്യം സിന്താബാദ്; നീ നിന്റെ കാര്യം നോക്കുക; ഇതല്ലേ ഇന്നത്തെ പുരോഗമനകാലത്തിന്റെ പ്രമാണം. എന്നാൽ മറെറാരു പ്രമുഖമായ പ്രമാണമുണ്ടു്. അതു് സനാതനമായ പ്രമാണം. ഈശ്വരൻ കല്പിച്ച പ്രമാണം. നീ നിന്റെ കാര്യം നോക്കിയാൽ പോര, മററുള്ളവരുടെ കാര്യവും നോക്കണം, പ്രത്യേകിച്ചു് ആ മററുള്ളവർ അവരുടെ കാര്യം നോക്കാൻ അപ്രാപ്തരാണെങ്കിൽ. ഈശ്വരവിശ്വാസംതന്നെ പലക്കും കുറവായിരിക്കുന്ന ഇക്കാലത്തു് സഹോദര സ്നേഹത്തിന്റെ കാര്യം എങ്ങനെയാണു് വിലപ്പോകാൻ പോകുന്നതു്! എന്നാൽ ദൈവസ്നേഹവും, സഹോദരസ്നേഹവും എല്ലാവരിൽനിന്നും പൊയ്പോയിട്ടില്ല. ആകയാൽ ദൈവസ്നേഹമുള്ള ചിലർ ഈ പ്രമാണത്തിനു് ഒരു പുതിയ പ്രേരണ കൊടുക്കുവാൻ സംരംഭങ്ങൾ തുടങ്ങിയിട്ടുണ്ടു്. ആ സംരംഭങ്ങളിൽ ഒന്നാണു് "ക്രിസ്റ്റോഫർ" പ്രസ്ഥാനം. ഫാദർ കെല്ലർ എന്നു പേരുള്ള സുപ്രസിദ്ധ അമേരിക്കൻ വൈദികന്റെ ഈ സംരംഭം അമേരിക്കയിലും മററു പല സ്ഥലങ്ങളിലും ശക്തിയായും നിശ്ശബ്ദമായും ഫലോന്മുഖമായും പ്രവർത്തിച്ചുപോരുന്നുണ്ടു്. ഈ പ്രസ്ഥാനം വലിയ കാര്യങ്ങൾ ഒന്നും ചെയ്യാനല്ല ആവശ്യപ്പെടുന്നതു്. സത്യപ്രകാശം പ്രചരിപ്പിക്കാനും. അവശതയിലാണ്ടുകിടക്കുന്നവരെ ഉദ്ധരിച്ചു സഹായിക്കാനും, ഓരോരുത്തനും അവനവനാൽ കഴിയുന്നതു്, സന്ദർഭാനുസരണം ചെയ്യണമെന്നുമാത്രമാണു് ഈ പ്രസ്ഥാനം ആവശ്യപ്പെടുന്ന പരിപാടി. അതു് അനുഷ്ഠിക്കുന്നതിൽ നിന്നും ഒഴികഴിവുകൾ പറഞ്ഞു ഒഴിഞ്ഞുപോകാൻ സന്മനസ്സുള്ള ഒരുത്തക്കും സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ വലിയ കാര്യമൊന്നും ചെയ്യാനല്ല ആവശ്യപ്പെട്ടിരിക്കുന്നതു്. നല്ലതു ചെയ്യാനുള്ള ഉദ്യമം എത്ര നിസ്സാരമായിരുന്നാലും അതിനു ശക്തിയും ചൈതന്യവും നൽകാൻ സർവ്വശക്തനായ ജഗദീശൻ സന്നദ്ധനായിരിപ്പുണ്ടു്. ഇതിനെ ഉദാഹരിക്കുന്ന അനേകം മഹാസംഭവകഥകൾ ഈ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ മാഞ്ഞുപോകാത്ത വിധത്തിൽ സ്ഥലം പിടിച്ചിട്ടുണ്ടു്. അവയിൽനിന്നും ഒന്നെടുത്തു് ഇവിടെ ഉദ്ധരിക്കാം. അമേരിക്കൻ ഐക്യനാട്ടിൽ കുറേ വർഷങ്ങൾക്കുമുമ്പു സംഭവിച്ച ഈ ഉദ്ധാരകകൃത്യത്തിനു് നേതൃത്വം നൽകിയതു്, നിസ്സാരമായ പരിതസ്ഥിതികളിൽ നിന്നുമാണെങ്കിലും ആഗോളവ്യാപകമായ കോളിളക്കത്തിനു് അന്താരാഷ്ട്രമണ്ഡലങ്ങളിൽ ഇതു കാരണമാക്കിയിട്ടുണ്ടു്. ഇരുമ്പുമറയ്ക്കുള്ളിൽ നടക്കുന്ന "സമത്വസുന്ദരസാഹോദര്യ"ത്തിന്റെ യഥാർത്ഥവസ്തുതകളെ അല്പമായിട്ടെങ്കിലും ഒന്നു് വെളിച്ചത്തിൽ കൊണ്ടുവന്നിട്ടുള്ള ഈ സംഭവകഥ അമേരിക്കൻ റീഡേഴ്സ് ഡൈജസ്റ്റെന്ന പ്രഖ്യാത മാസികയുടെ ആമുഖമായിട്ടുതന്നെ കുറേ കൊല്ലങ്ങൾക്കു മുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു്. ആ ലേഖനം വിഷയത്തിന്റെ ഗൗരവത്തിനു ചേർന്നവിധംതന്നെ സുപ്രസിദ്ധ സാഹിത്യകോവിദനായ ഫുൾട്ടൺ ഔസലരുടെ കലാപേലവമായ തൂലികയിൽനിന്നുമാണു് ഉൽകൃഷ്ടമായി ഉടലെടുത്തിരിക്കുന്നതും. ആ മാസികയോടും ലേഖനത്തോടുമുള്ള കടപ്പാടിനെ രേഖപ്പെടുത്തിക്കൊണ്ടും അതിനെ ആവുന്നത്ര അവലംബിച്ചുകൊണ്ടുമാണു് ഇതെഴുതുന്നതു്.

അന്നു് ഒരു ഞായറാഴ്ചയായിരുന്നു. പ്രഭാതത്തിൽതന്നെ ദേവാലയത്തിൽ പോയി വിശുദ്ധ ബലി മുതലായ മതകർമ്മങ്ങളിൽ സംബന്ധിച്ചശേഷം, റിഡ്ഫീൽഡ് എന്ന ഗ്രാമത്തിലെ ഒരുകൃഷീവല കുടുംബത്തിലെ അംഗങ്ങൾ കാലത്തെഭക്ഷണംകഴിക്കാൻസമ്മേളിച്ചിരിക്കയാണു്. കുടുംബനാഥനായ ഡാനിയൽമാക്കിയോൺപള്ളിപ്പരിസരത്തിൽനിന്നും അന്നു വാങ്ങിയ മതപരമായ ചെറുകഥാപുസ്തകങ്ങൾ കുഞ്ഞുങ്ങൾക്കു പങ്കിട്ടുകൊടുത്തുകൊണ്ടിരുന്നു കുടുംബനാഥയായ ലൂയിസാ, മാനസികമായും കായികമായും സുന്ദരി, ചുരുചുരുക്കും ചൊടിയും മിടുക്കും പ്രസരിപ്പുമുള്ള ഒരു ചെറുപ്പക്കാരി, അന്നു വന്ന ന്യൂയോക്കുടൈംസ് പത്രത്തിൽ അങ്ങിങ്ങായി കണ്ണോടിച്ചുകൊണ്ടു് പാത്രങ്ങളിൽ ഭക്ഷണവിഭവങ്ങൾ മേശപ്പുറത്തു വിളമ്പിക്കൊണ്ടിരിക്കുകയാണു്. പാത്രങ്ങളിൽ പങ്കിട്ടുകൊണ്ടിരുന്ന അവളുടെ ശ്രദ്ധയെ ആ പത്രത്തിലേക്കു് പ്രത്യേകം പ്രതിഷ്ഠിച്ചുകൊണ്ടു് ആ കുടുംബിനി ഇങ്ങനെവിളിച്ചുപറഞ്ഞു: "അയ്യയ്യോ, ഒരു ഭയങ്കര സംഭവം. ഇന്നലെ മദ്ധ്യവയസ്കയായ ഒരു വിധവയെ നയാക്കിനു് സമീപെയുള്ള ഒരു തോട്ടത്തിൽനിന്നും സോവിയററു് അനുചരന്മാർ അപഹരിച്ചുകൊണ്ടുപോയിരിക്കുന്നു." മാക്കിയോൺ: "അങ്ങനെ എന്തെല്ലാം അനിഷ്ടസംഭവങ്ങൾ നടക്കുന്നു. അതിൽ നമുക്കെന്താണു് കാര്യം. ആറു കുഞ്ഞുങ്ങളുടെ തള്ളയായ നിനക്കില്ലേ. നൂറുകൂട്ടം കാര്യങ്ങൾ നേരിട്ടുനോക്കാൻ വേറെ?"

ലൂയിസാ: "അങ്ങനെ പറയല്ലേ, പ്രിയനേ, ഇതും നമ്മുടെ കാര്യമല്ലേ, അല്ലാതെ ആരുടെ കാര്യമാണു്. ഇതിന്റെ ബാക്കികൂടെ ദയവായി ഒന്നുകേൾക്കണേ; സോവ്യററു് എംബസിയിൽ എന്തോ ജോലി നോക്കിക്കൊണ്ടിരുന്ന ഈ സ്ത്രീ ആ ജീവിതരീതിയിൽ വീർപ്പുമുട്ടി, സ്വാതന്ത്ര്യാന്തരീക്ഷത്തിൽ ജീവിക്കാനും, സ്വന്തം പിഴപ്പിനു വഴിതേടിയും മറെറങ്ങോ പോയി ജോലിചെയ്തുകൊണ്ടിരിക്കവേയാണു്, റഷ്യൻ ചാരന്മാർ ആ വിധവയെ തട്ടിയെടുത്തു എംബസിമന്ദിരത്തിൽ തടവിൽ പാപ്പിച്ചിരിക്കുന്നതു്. നമ്മേ ആരെയെങ്കിലുമാണു് ഇങ്ങനെ പിടിച്ചുകൊണ്ടുപോകുന്നതെങ്കിൽ നാം അടങ്ങിയിരിക്കുമോ?"

മാക്കിയോൺ: "ഓഹോ, ഇപ്പോഴാണല്ലോ കാര്യം മനസ്സിലായതു്; ലിജിയൻ, സൊഡാലിററി ഇവയിലൊക്കെയുള്ള സജീവമായ അംഗത്വം പോരാഞ്ഞിട്ടു്, ഫാദർ കെല്ലറിന്റെ പ്രസ്ഥാനത്തിലും ഇപ്പോൾ നീ തലയിട്ടിരിക്കയാണല്ലോ. കൊള്ളാം, എന്നാൽ ഒരു കാര്യം പറയാം, ഇരുമ്പുമറയുടെ കരിമ്പാറവാതുക്കലാണു് നീ തലയിട്ടടിക്കാൻ തുടങ്ങുന്നതു്. ഇതു് വളരെ ദുർഘടമായ ഒരു പ്രശ്നവുമാണു്. ഇതിനു് നാം എന്തു ചെയ്യണമെന്നാണു് നീ പറയുന്നതു്?"

ലൂയിസാ: "ഇതു് ഐക്യനാടല്ലേ, പൗരസ്വാതന്ത്ര്യവും, വ്യക്തിമാഹാത്മ്യബോധവും പരമാവധി പരിപാലിച്ചുപോരുന്ന ഒരു പ്രദേശമല്ലേ ഇതു്. ഒരു വ്യക്തി ആരുതന്നെ ആയാലും ഇവിടെ താമസിക്കുന്ന കാലത്തോളം, ഇവിടത്തെ നീതിന്യായക്കോടതികളുടെ പ്രബലഹസ്തങ്ങൾ അന്യായമായി തടവിൽ കുടുങ്ങിക്കിടക്കുന്ന ആ വ്യക്തിക്കു സഹായം ചെയ്യുവാൻ സമർത്ഥമല്ലാതെ വരുമോ?"

മാക്കിയോൺ: "ലൂയിസ്സാ, ഞാൻ വക്കീലും നിയമജ്ഞനുമൊന്നുമല്ല; നിനക്കാണെങ്കിൽ, നിന്റെ സഹോദരൻ പീററിന്റെ നിയമജ്ഞാനം കുറച്ചൊക്കെ വശമുണ്ടെന്നും വരാം."

ലൂയിസാ:- "നിയമജ്ഞാനമൊന്നും എനിക്കില്ലെങ്കിലും, അഡ്വോക്കേററായ പീററർ ഈ വിഷയത്തിൽ നമ്മെ സഹായിക്കാതിരിക്കയില്ല. ഇന്നു് അവൻ ഉച്ചഭക്ഷണത്തിനു് ഇവിടെ വരുമെന്നു പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ അവനോടുതന്നെ ഈ കാര്യം പറഞ്ഞു പ്രതിവിധിയുണ്ടോ എന്നു നോക്കാം."

ലൂയിസായുടെ കനിഷ്ഠസഹോദരനായ ഈ പീററർ നിയമപരീക്ഷകളിൽ അടുത്തകാലത്തുമാത്രമാണു് ബിരുദുകൾ നേടിയിട്ടുള്ളതു്. കോടതികളിൽ വ്യവഹരിച്ചുതുടങ്ങിയിട്ടുമില്ല. എങ്കിലും ഇയാൾ പ്രസരിപ്പുള്ള ഒരു കൊച്ചുമിടുക്കനായിരുന്നു. പോരെങ്കിൽ ലൂയി

---

The Benedictine Monastery of Siluvaigiri (Sendarapetty P. O. Salem Dist.) is receiving monastic vocations. Minimum qualification passed S. S. L. C. Only subjects with good references and good marks can enter in consideration.

---

(1-ാംപേജ് തുടർച്ച)

ണ്ടേവേണ്ടാ. തങ്ങളാണു് ദൈവത്തെ ഉണ്ടാക്കിയതു്. ആയുസ്സിൽ കൊതിയുണ്ടെങ്കിൽ ദൈവം മൗനം ഭജിക്കണം. ദൈവത്തെ ആദരിക്കാം വിരോധമില്ല എന്നാൽ ദൈവം അവരുടെ വൈദ്യനാകണം. മരുന്നുകൾ ഉണ്ടാക്കി സുഖക്കേടുകളെല്ലാം പൊറുപ്പിച്ചുകൊടുക്കുന്ന വൈദ്യൻ! ഇഷ്ടാനുസരണം ധനം സമ്പാദിച്ചുകൊടുക്കുന്ന കാര്യസ്ഥൻ! നോക്കണം മനുഷ്യർ പോകുന്ന പോക്കു്!

എന്നാൽ നാം ഓർക്കണം നമുക്കു് സ്വാതന്ത്ര്യം പ്രദാനംചെയ്തപ്പോൾ ദൈവകരങ്ങൾ ബന്ധിതങ്ങളായിരുന്നില്ലെന്നു്. അവിടുത്തെ സർവ്വശക്തിയും ബോധജ്ഞാനവുംപോലെ അവിടുത്തെ സ്വാതന്ത്ര്യവും അഭംഗമായി നിലകൊള്ളുന്നു, നമ്മോടു് അവിടുത്തെ ഹിതാനുസരണം വർത്തിക്കാനുള്ള സ്വാതന്ത്ര്യവും. എങ്കിലും നമുക്കു് സ്വതന്ത്രമായി നൽകിയിട്ടുള്ള സ്വാതന്ത്ര്യത്തിൽ അവിടുന്നു കൈകടത്താറില്ല. അതിന്റെ ഉപയോഗത്തിൽ വരുത്തുന്ന വീഴ്ചയ്ക്കു് സ്വതന്ത്രരെന്ന കാരണത്താൽ നാം ഉത്തരവാദികളായിരിക്കും. മരണംവരെ ഈ സ്വാതന്ത്ര്യത്തെ സ്വതന്ത്രമായി കൈകാര്യം ചെയ്യുവാൻ നമുക്കു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ കഴിവുണ്ടായിട്ടു് സ്വാതന്ത്ര്യം നന്നായി ഉപയോഗിക്കാത്തവർ ശിക്ഷാവിധിക്കും തെറുപറയാനുള്ള അവസരങ്ങളും സൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും നേർവഴിയിൽനിന്നു് വ്യതിചലിക്കാത്തവരും അനുതാപപൂർവ്വം നേർവഴിയിൽ പ്രവേശിച്ചവരും സമ്മാനത്തിനുമർഹരാകും.

---


# 151 ദിവസം മുമ്പ്

കാളൻ'സ് ഔഷധങ്ങളുടെ വിലയിൽ മാററം വരുത്തിയപ്പോൾ "അവസരം കിട്ടുന്നതിന്നനുസരിച്ചു് കാളൻ'സ് ഔഷധങ്ങളുടെ വില കുറയ്ക്കുന്ന കാര്യത്തിൽ ഞങ്ങൾ ഏററവും ജാഗരൂകരാണെന്നു" പ്രസ്താവിച്ചതനുസരിച്ചു് 1957 മേയ്മാസം 17-ാംനു- വെള്ളിയാഴ്ച മുതൽ കാളൻ'സ് ഔഷധങ്ങളുടെ വിലയിൽ താഴെ പറയുംപ്രകാരമുള്ള കുറവുകൾ വരുത്തിയിരിക്കുന്ന വിവരം ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും ഏററവും സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

1957 മേയ് 17-ാംനു- വരെ

| ഉണ്ടായിരുന്ന വില | ക. ണ. പ. |
|---|---|
| കാളൻ'സ് നിംബാസവം 20 ഔ. കുപ്പി 1ക്കു് | 2— 8—0 |
| കാളൻ'സ് ദ്രാക്ഷാഘ്രുതം 5/8 (അരേഅരക്കാൽ) റാത്തൽ കുപ്പി 1ക്കു് | 4—12—0 |
| കാളൻ'സ് ശാരിബാതൈലം 19 ഔ. കുപ്പി 1 ക്കു് | 3—12—0 |

1957 മേയ് 17-ാംനു- മുതൽക്കുള്ള

| പുതിയ വില | ക. ണ. പ. |
|---|---|
| കാളൻ'സ് നിംബാസവം 20 ഔ.കുപ്പി 1ക്കു് | 2— 4—0 |
| കാളൻ'സ് ദ്രാക്ഷാഘ്രുതം 5/8 (അരേഅരക്കാൽ) റാത്തൽ കുപ്പി 1ക്കു് | 4— 6—0 |
| കാളൻ'സ് ശാരിബാതൈലം 19 ഔ. കുപ്പി 1ക്കു് | 3— 6—0 |

# മറെറാരു മുഖ്യ അറിയിപ്പ്

കാളൻ'സ് ഔഷധങ്ങളുടെ പ്രചാരത്തിൽ അസൂയയുള്ളവരും, അനുകരണങ്ങൾക്കും പകർത്തലുകൾക്കും വ്യാജവാഗ്ദാനങ്ങൾക്കും സമർത്ഥന്മാരും, അവസാനമായി സോപ്പുകച്ചവടത്തിന്നിറങ്ങിയിട്ടുള്ളവരുമായ, നെല്ലായിലെ "ഔഷധശാല"ക്കാർ

## കാളൻ'സ് ദ്രാക്ഷാഘ്രുതം

പതിവായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നവരേയും, മേലാൽ ഉപയോഗിപ്പാൻ ഉദ്ദേശിക്കുന്നവരേയും വഴിതെററിക്കുന്നതിനുവേണ്ടി, നിയമത്തിന്റെ തണലിൽനിന്നുകൊണ്ടു് "ഇതാ! ഇവിടെ "സ്പെഷൽ ദ്രാക്ഷാഘ്രുതം" ഉണ്ടു്" എന്നും, ചിലരോടു് "ഇതാ ഞങ്ങളുടെ പക്കലും—ഞങ്ങളുടെ "ഔഷധശാല"യിലും "ദ്രാക്ഷാഘ്രുതം" ഉണ്ടു്" എന്നും, "ഇതാ നോക്കു! കാളൻ എന്നു് ഇതിന്മേലും ഉണ്ടു്, ഞങ്ങൾക്കും മൂന്നുകൂട്ടം മരുന്നുകൾ ഉണ്ടു്, അതും ഇതും ഒന്നുതന്നെയാണു്" എന്നും മററും പറഞ്ഞും, പറയിപ്പിച്ചും, വ്യാപാരത്തിനു് പുറപ്പെട്ടിരിക്കുന്നതിനാൽ, "കാളൻ'സ് ദ്രാക്ഷാഘ്രുതം" വാങ്ങുവാനുദ്ദേശിക്കുന്നവർ താഴെ പറയുന്ന വിവരങ്ങൾ ഓർമ്മയിൽ വെക്കുന്നതു ഏററവും ഉപകാരപ്രദമായിരിക്കും.

സാക്ഷാൽ "കാളൻ" വൈദ്യനാൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതും,

സാക്ഷാൽ "കാളൻ" സ്ഥാപനത്തിൽ സംസ്കരിച്ചുവരുന്നതും,

നിരാശയിൽ കഴിഞ്ഞുകൂടിയിരുന്ന അനേകശതം രോഗികളെ രോഗവിമുക്തരാക്കിയിട്ടുള്ളതും രോഗവിമുക്തരാക്കിക്കൊണ്ടിരിക്കുന്നതും,

ആരോഗ്യസംരക്ഷണത്തിനുവേണ്ടി രോഗികളല്ലാത്തവരും, രോഗശമനത്തിനുവേണ്ടി രോഗികളും ദിനംപ്രതി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ

ദ്രാക്ഷാഘ്രുതത്തിന്റെ ലേബലിന്മേൽ "കാളൻവൈദ്യ"ന്റെ പേരോ, "ഔഷധശാല" എന്നോ "സ്പെഷൽ" എന്നോ ഉള്ള വാക്കുകളോ കാണുന്നതല്ല. പ്രത്യുത, ലേബലിന്മേൽ സാക്ഷാൽ കാളൻ സ്ഥാപനത്തെ കുറിക്കുന്ന ഈ മുദ്രയും. ഇംഗ്ലീഷിൽ ദ്രാക്ഷാഘ്രുതം എന്നു് എഴുതിയിട്ടുള്ളതിന്റെ മുകളിൽ "Kalan's" എന്ന വാക്കും, ചുവടെ ഇംഗ്ലീഷിൽ "Kalan, Nellayi" എന്ന വിലാസവും ഉണ്ടായിരിക്കുമെന്നതിനു പുറമെ, കുപ്പിയുടെ മുകൾവശത്തുള്ള പാക്കിങ്ങു് നീക്കിയാൽ കാണുന്ന അടപ്പിന്മേൽ ഇംഗ്ലീഷിൽ "കാളൻ'സ് ദ്രാക്ഷാഘ്രുതം" എന്നു് അടിച്ചിരിക്കുന്നതായും കാണാവുന്നതാണു്.

ടെലിഗ്രാം: "കാളൻ" അളഗപ്പനഗർ

ഫോൺ: 542 അളഗപ്പനഗർ.

കാളൻ, നെല്ലായി (S. India)

സായുടെ സഹോദരനുമല്ലേ; പരസേവനതല്പരതയും ഈ യുവാവിനു ഒട്ടും കുറവല്ലായിരുന്നു.

ഉച്ചഭക്ഷണത്തിനുവന്ന പീററിനോടു ലൂയിസാ ചോദിച്ചു: "പീററർ വായിച്ചില്ലേ, ഇന്നത്തെ ന്യൂയോർക്കുടൈംസിലെ ഭയങ്കരവാർത്ത?"

പീററർ:- "ഞാനും വായിച്ചു. അതൊരു ഭയങ്കരസംഭവംതന്നെയാണു്."

ലൂയിസാ:- "ഭയങ്കരമാണെന്നു സമ്മതിച്ചുകൊണ്ടു് നാം വെറുതെ ഇരുന്നാൽമതിയോ? നീ പഠിച്ച നിയമങ്ങളിൽ ഇതിനുള്ള പ്രതിവിധിയൊന്നുമില്ലേ?"

പീററർ:- "പ്രതിവിധി കണ്ടേക്കാം; എന്നാൽ ഇതു ദുർഘടമായ ഒരു കാര്യമാണു്."

ലൂയിസാ:- "ദുർഘടമായ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്നതിലല്ലേ, നിയമജ്ഞന്മാരുടെ സാമർത്ഥ്യമിരിക്കുന്നതു്."

പീററർ കുറേനേരം ആലോചിച്ചുനിന്നശേഷം ഇങ്ങനെ പറഞ്ഞു: "ഉണ്ടു്, പരിഹാരമുണ്ടു്. "ഹെബിയാസ്കോർപ്പസ്" എന്നൊരു നിയമമാർഗ്ഗമുണ്ടു്, ഇങ്ങനെയുള്ള കാര്യത്തിൽ പ്രതിവിധിനൽകാൻ.

ലൂയിസാ:- "അതെന്തോന്നാണു പീററർ. ഞങ്ങൾക്കുകൂടെ മനസ്സിലാകുന്ന ഭാഷയിൽ ഒന്നു പറഞ്ഞുതരണം."

പീററർ:- "അന്യായമായി തടവിൽ പാർപ്പിച്ചിരിക്കുന്ന വ്യക്തിയെ കോടതിമുമ്പാകെ ഹാജരാക്കാൻ, അങ്ങനെ വച്ചിരിക്കുന്നവരോടു കല്പിക്കുന്നതിനു് കോടതിക്കു ലഭിച്ചിരിക്കുന്ന അസാധാരണമായ ഒരു നൈയ്യാമിക ശക്തിയാണിതു്."

ലൂയിസാ:- "എന്നാൽ പീറററേ, ഉടനെതന്നെ കോടതിയെക്കൊണ്ടു് അതൊന്നു പ്രയോഗിപ്പിക്കണം. ആ സാധുവിധവയെ റഷ്യയിലേക്കു കപ്പൽകയററി അയച്ചു് അവരുടെ കഥ കഴിക്കുംമുമ്പു ഇതു ചെയ്യണം."


പീററർ സ്വഭവനത്തിലേക്കു മടങ്ങിപ്പോയി. നിയമപ്പുസ്തകങ്ങൾ പരിശോധിച്ചും സീനിയർ വക്കീലന്മാരോടു് ആലോചിച്ചുംകൊണ്ടു് ഐക്യനാട്ടിലെ സുപ്രീംകോടതിയിൽ, "കശാംകിനാ" എന്നു പേരായ ആ വിധവയെ കോടതിമുമ്പാകെ ഹാജരാക്കാൻ, ഐക്യനാട്ടിലെ റഷ്യൻ എംബസിയായ ലമാക്കിനോടു് കല്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൊടുത്തു. പത്രത്തിൽ കണ്ട വാർത്ത അവിടെ പലരുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടായിരുന്നു. അവരിൽ പലരും ഈ വിധവയെ മോചിപ്പിക്കാൻ പ്രതിവിധികാണാതെ കുഴങ്ങുകയുമായിരുന്നു. അപ്പോഴാണു് അഡ്വോക്കേററു് പീറററുടെ ഹർജിസംഗതി അവരിൽ പലരുടേയും അറിവിൽ പെട്ടതു്. ഇതിന്റെ പരിണാമം എന്തായിരിക്കുമെന്നറിവാൻ പലരും, പ്രത്യേകിച്ചു് പത്രപ്രതിനിധികളും ഉല്ക്കണ്ഠയോടെ വർത്തിച്ചുമിരുന്നു. പീറററുടെ ഹർജി കോടതി സ്വീകരിച്ചു. വിധവയെ ഹാജരാക്കാൻ ലമാക്കിനു കല്പനഅയക്കയും ഹർജി വിചാരണയ്ക്കുള്ള ദിവസം നിശ്ചയിച്ചു് അവധിവയ്ക്കയുംചെയ്തു. അവധിദിവസം അഡ്വോക്കേററു പീറററും സാക്ഷികളും കോടതിയിൽ നേരത്തെ ഹാജരായി. അനേകം ജനങ്ങൾ ഇതിന്റെ ഫലമറിയാൻ കോടതിയിൽ ഹാജരായി. നിശ്ചിതസമയത്തു് ജഡ്ജി ബഞ്ചിൽ ഉപവിഷ്ടനായി.

അഡ്വോക്കേററു് പീററർ എണീററു് ഉപചാരപൂർവ്വം ബഹുമാനപ്പെട്ട കോടതിയോടു് ഇങ്ങനെ ഉണർത്തിച്ചു: "കോടതിസമക്ഷം ഞാൻ ബോധിപ്പിച്ച ഹെബിയാസ്കോർപ്പസ്ഹർജി ഇന്നത്തേക്കു വിചാരണയ്ക്കുവച്ചിരിക്കയാണല്ലോ. സാക്ഷികൾ ഹാജരുണ്ടു്, വാദിക്കാൻ ഞാൻ തയാറുമാണു്."


ജഡ്ജി ചില കടലാസുകൾ നോക്കിക്കൊണ്ടിരിക്കയായിരുന്നു. പീറററിനെ അഭിമുഖീകരിച്ചുകൊണ്ടു് കോടതിയിൽനിന്നും ഇങ്ങനെ പ്രസ്താവിച്ചു: "എതിർകക്ഷി ഹാജരില്ല, അവധിവേണമെന്നു അപേക്ഷിച്ചിട്ടുണ്ടു്. എന്നുമാത്രമല്ല, വിദേശവകുപ്പിൽനിന്നും ഈ ഹർജിവാദത്തിനു സാവകാശംകൊടുക്കണമെന്നു് നിർദ്ദേശവും ലഭിച്ചിട്ടുണ്ടു്. ആകയാൽ രണ്ടുദിവസത്തേക്കു അവധികൊടുത്തു് ഹർജിവിചാരണ മാററിവച്ചിരിക്കുന്നു."

അഡ്വോക്കേററു്പീറററും, അവിടെ തടിച്ചുകൂടിയിരുന്ന പത്രപ്രതിനിധികൾ ഉൾപ്പെടെയുള്ള അമേരിക്കൻപൗരന്മാരും ഇച്ഛാഭംഗപ്പെട്ടു് തല്ക്കാലം പിന്തിരിയേണ്ടിയുംവന്നു. എന്നാൽ നമ്മുടെ വക്കീൽ വിട്ടില്ല. കോടതിയിൽ ബോധിപ്പിക്കാൻ അനുസാധിക്കാതെപോയ വാദങ്ങൾ ആ പൗരന്മാരുടെ മുമ്പിൽ അയാൾ ആവേശപൂർവ്വം നടത്തി. അവധിവേണമെന്നു് ലമാക്കിൻ ആവശ്യപ്പെട്ടിരിക്കുന്നതു് കപടവിദ്യക്കാരനായ അയാളുടെ ഒരടവാണെന്നും, അവധിദിവസത്തിനു മുമ്പു് ആ വിധവയെ കപ്പൽകയററി, റഷ്യയിലേക്കയച്ചു് ആ സാധുവിന്റെ കഥ കഴിക്കാനാണു് അയാളുടെ ഉദ്യമമെന്നും പീററർ പ്രസ്താവിച്ചു. ഈ അഭിപ്രായം ശരിയാണെന്നു് ആ പൗരന്മാർക്കും തോന്നി. ആകയാൽ അവരിൽ ചിലർ റഷ്യൻ എംബസിമന്ദിരത്തിന്റെ പരിസരങ്ങളിലേക്കു നീങ്ങി. അവിടെ ചെന്നു് ഈ അനീതിയെപ്പററിയുള്ള അവരുടെ വിമർശനങ്ങളും വാദകോലാഹലങ്ങളും നടത്തിക്കൊണ്ടിരുന്നു. ആ എംബസിമന്ദിരത്തിന്റെ മൂന്നാംനിലയിൽ വാതലുകൾ ബന്ധിച്ചു് തടവിൽ കുടുക്കിയിരുന്ന കശാംകിന നിരാശാഭരിതയായിട്ടാണു് കഴിച്ചുകൂട്ടിയിരുന്നതെങ്കിലും, അവക്കറിയാമായിരുന്ന അല്പസ്വല്പമായ ഇംഗ്ലീഷ്ഭാഷയിൽനിന്നും താഴെ നടക്കുന്ന സംഭാഷണം അവരെ സംബന്ധിച്ചാണെന്നും, തന്നെ മോചിപ്പിക്കാൻ ആ അമേരിക്കൻപൗരന്മാർ സന്നദ്ധരാണെന്നും, ഓരോ സംരംഭങ്ങൾ ചെയ്യുന്നുണ്ടെന്നും ആ വിധവയ്ക്കു മനസ്സിലായി. ഈവക സംഭവങ്ങളാൽ ധൈര്യം അവലംബിച്ചുകൊണ്ടു് ആ സ്ത്രീ ആ മൂന്നാംനിലയുടെ മുൻവശത്തെ വരാന്തയിലേക്കു വന്നു കീഴ്പോട്ടുനോക്കി. കീഴ്ക്കാംതൂക്കായി നില്ക്കുന്ന പൊക്കംകൂടിയ ആ കെട്ടിടത്തിന്റെ മുകളിൽനിന്നും താഴേക്കു ചാടി. ഒന്നാംനിലയുടെ മുൻവശത്തുണ്ടായിരുന്ന ടെലിഫോൺകമ്പിയിൽ കാൽതടഞ്ഞു കൈയൊടിഞ്ഞും ശരീരം നുറുങ്ങിയും ആ സാധു താഴത്തെ കട്ടംതറയിലേക്കു വീണു. ടെലിഫോൺകമ്പിയിൽ പിടിക്കാമെന്നും അങ്ങനെ ആ വീഴ്ചയുടെ അപകടത്തിൽനിന്നും രക്ഷപെടാമെന്നും കശാംകിന കരുതിയെങ്കിലും താഴോട്ടുള്ള ഗതിയുടെ ശക്തികൊണ്ടു് ഉദ്ദേശിച്ചതുപോലെ അപകടരഹിതമായിട്ടല്ല ആ ചാട്ടം ചെന്നുനിന്നതു്. താഴെ ഉണ്ടായിരുന്ന അനുഭാവികളായ ആ പൗരന്മാർ ആ സാധുവിധവയെ താങ്ങിയെടുത്തു് ആസ്പത്രിയിൽ കൊണ്ടുചെന്നാക്കി. അവിടത്തെ സമർത്ഥമായ ശുശ്രൂഷയിലും ചികിത്സയിലും കശാംകിന സുഖംപ്രാപിച്ചു. തന്നോടുചെയ്ത കൊടുംചതിവുകളുടേയും കഠോരകൃത്യങ്ങളുടേയും കഥകളൊക്കെ കശാംകിന വെളിപ്പെടുത്തി. അവളുടെ ജീവനുവേണ്ടിയും സ്വാതന്ത്ര്യത്തിനുവേണ്ടിയുമുള്ള ആ ചാട്ടത്തിന്റെ മാറെറാലി, ഇരുമ്പുമറയ്ക്കകത്തും പുറത്തും മുഖരിതമായി. ഇതിനു കാരണഭൂതനായ എംബസി ലമാക്കിൻ നാണിച്ചു തലതാഴ്ത്തി ഐക്യനാട്ടിൽനിന്നും ഓടിപ്പോയി. ഇതിന്റെയൊക്കെ കടിഞ്ഞാൺ പിടിച്ചിരുന്ന മൊളോട്ടോവു് അന്താരാഷ്ട്രമണ്ഡലങ്ങളിലെ സ്വാതന്ത്ര്യപ്രേമികളുടെ മുമ്പിൽ മ്ലാനവദനനായി വർത്തിക്കേണ്ടിയുംവന്നു. ഇങ്ങനെ അവളുടെ ചാട്ടവും അവന്റെ ഓട്ടവും നാം കണ്ടുവല്ലോ. എന്നാൽ ഈ ചാട്ടത്തിനും ഓട്ടത്തിനും പ്രേരണനല്കിയ ആ കൊച്ചുമിടുക്കി, പരസേവനനിരത, ലൂയിസായുടെ, അധർമ്മവിധ്വംസകമായ ആ ചാട്ടവും അതുകണ്ടു് ധൈര്യംപൂണ്ട അഡ്വോക്കേററു് പീറററുടെ അമേരിക്കൻ സുപ്രീംകോർട്ടിലേക്കുള്ള നൈയാമികമായ ഓട്ടവുമല്ലേ സന്മനസ്സുള്ള ഓരോരുത്തർക്കും ഏതാദൃശസന്ദർഭങ്ങളിൽ സന്മാർഗ്ഗത്തിലേക്കുള്ള സാധനപാഠമായി സ്ഥിതിചെയ്യുന്നതു്. അധർമ്മങ്ങളുടെ മുമ്പിൽ കണ്ണുമടച്ചിരുന്നു അവയെ പഴിച്ചതുകൊണ്ടു കാര്യമായില്ല. അവയെ ഒഴിച്ചുമാററാൻ ഓരോരുത്തരും ആവുന്നതു ചെയ്യണം!

—ഠ—




സത്യപ്രതിജ്ഞാകർമ്മത്തിനു പ്രസിഡണ്ടിനെയും വൈസ്പ്രസിഡണ്ടിനെയും പാർലിമെന്റു് സെൻട്രൽ ഹാളിലേക്കു ലോക്സഭാസ്പീക്കർ, ഇന്ത്യാ ചീഫ്ജസ്റ്റിസ് എന്നിവർ ചേർന്നു ആനയിക്കുന്നു.



വൈസ്പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണനു, പ്രസിഡണ്ടു് സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുന്നു. ഇൻഡ്യയുടെ ചീഫ്ജസ്റ്റിസും ലോക്സഭാസ്പീക്കറും പിന്നിൽ ആസനസ്ഥരായിരിക്കുന്നു.



പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദ് ഇന്ത്യാ ചീഫ്ജസ്റ്റിസിന്റെ സാന്നിദ്ധ്യത്തിൽ സത്യപ്രതിജ്ഞ നിർവ്വഹിക്കുന്നു.



പ്രധാനമന്ത്രി നെഹ്റു; മററു മന്ത്രിമാർ, നയതന്ത്രപ്രതിനിധികൾ, സുപ്രീംകോടതി ജഡ്ജിമാർ, എലക്ഷൻ കമ്മീഷണർ, പ്ലാനിങ്ങ്കമ്മീഷൻ മെമ്പർമാർ, എം പി മാർ, പ്രശസ്തരായ മററു സന്ദർശകർ മുതലായവർ സത്യപ്രതിജ്ഞ നിർവ്വഹിച്ച അവസരത്തിൽ സന്നിഹിതരായിരുന്നു.

വർണ്ണശബളമായ തുണിത്തരങ്ങളുടെ കാഴ്ചബംഗ്ലാവു്
പേഴ്സിനും പേഴ്സനാലിററിക്കും പററിയ ഒരേ ഒരു സ്ഥാപനം
നിങ്ങൾക്കാവശ്യമുള്ള തുണിത്തരങ്ങൾ
ഞങ്ങളുടെ ഷോറൂമിൽനിന്നും തിരഞ്ഞെടുക്കുക!
ഫാഷൻ ഫാബ്രിക്സ്,
മൻസിപ്പൽ ഓഫീസ്റോഡ്,
തൃശ്ശൂർ

ജീവചരിത്രം

# മിസ്സ് എഡൽ ക്വീൻ

(മേരി എസ്. കൊച്ചുമുട്ടം ബി. ഏ.)

"ഈ ലോകത്തിൽ നിന്റെ സ്നേഹത്തിനു് ബലിയാകുവാൻ യോഗ്യതയുള്ള ചെറിയ ആത്മാക്കളുടെ ഒരു വൃന്ദത്തെ തിരിഞ്ഞെടുക്കണം എന്നു നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു." ഇപ്രകാരമാണു് വി. കൊച്ചുത്രേസ്യാ തന്റെ വിശ്വവിഖ്യാതമായ സ്വയംകൃത ചരിതം അവസാനിപ്പിക്കുന്നതു്. ഇഹത്തിലും പരത്തിലും തന്റെ ജീവിതം ആത്മാക്കളുടെ രക്ഷയ്ക്കായി ചിലവഴിക്കുവാൻ സന്നദ്ധയായ അവൾ തന്റെയും സഹജീവികളുടെയും ആത്മരക്ഷയെ ആഗ്രഹിക്കുന്ന ഏവൎക്കും ഒരു ഉത്തമമാതൃകയാണു്. ഈ വിശുദ്ധയുടെ ആദൎശം അനുസരിച്ചു് ജീവിച്ചു്—കന്യകാലയത്തിനു പുറത്തു്—ദൈവസ്നേഹത്തിനു ബലിയായിത്തീൎന്ന ഒരു വീരവനിതയാണു്, പുണ്യചരിതയാണു്, മാതൃകാ യുവതിയാണു് മിസ് എഡൽ ക്വീൻ.

എഡൽ 1907-ൽ ആണു് ഭൂജാതയായതു്. മാതൃകാപരമായി വിദ്യാൎത്ഥിദശ ചെലവഴിച്ചശേഷം യൗവനാരംഭത്തോടെ ദൈവികകാൎയ്യങ്ങളിൽ വിമുഖനായ ഒരു മാന്യന്റെ സെക്രട്ടറിപദത്തിൽ പ്രവേശിച്ചു. എഡൽ, തന്റെ ജീവിതം ദൈവത്തിനായി, അതേ "എനിക്കു ദാഹിക്കുന്നു" എന്നരുളിയ ആ ദിവ്യരക്ഷകന്റെ ദാഹശമനത്തിനായി ബലികഴിക്കുവാൻ നിശ്ചയിച്ചിരുന്നു. തന്റെ വിശ്രമസമയം അപ്പസ്തോലികജോലിക്കായി ചെലവഴിക്കുവാൻ നിശ്ചയിച്ചിരുന്ന അവൾ ആദ്യമായി പരിശ്രമിച്ചതു് തന്റെ യജമാനനെ സൽപന്ഥാവിലേക്കാനയിക്കുന്നതിനായിരുന്നു. ക്രിസ്തുവിൽ അയാളെ നവീകരിക്കുന്നതിനുള്ള അവളുടെ നിരന്തരപരിശ്രമഫലമായി, കാലക്രമത്തിൽ തനിക്കു ഒരു സംഗതി വ്യക്തമായി കാണുവാൻകഴിഞ്ഞു—അദ്ദേഹത്തിനു് തന്നിൽ പ്രേമം ജനിച്ചിരിക്കുന്നു എന്നു്. പക്ഷേ അയാളുടെ പ്രേമയാചന ഒരു തിരിച്ചടിയിൽതന്നെ കലാശിച്ചു. ഭരിരോയ ക്ലാരകളുടെ സഭയിൽ പ്രവേശിച്ചു് ക്രിസ്തുനാഥനെ തന്റെ പ്രാണനാഥനായി സ്വീകരിപ്പാൻ നിശ്ചയിച്ചിരുന്ന അവൾ സധൈൎയ്യം പ്രസ്താവിച്ചു. താൻ മറ്റൊരാളുമായി വാഗ്ദാനം ചെയ്തുകഴിഞ്ഞു എന്നു്.

എന്നാൽ പരിതസ്ഥിതികൾ അവളുടെ ഈ നിശ്ചയത്തെ ശിഥിലീകരിക്കയാണുണ്ടായതു്. ഇതിനിടയിൽ എഡൽ ഡബ്ളിൻ പട്ടണത്തിൽ സാധുജനോന്നമനത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്ന ലീജിയൻ ഓഫ് മേരി എന്ന ഭക്തസംഘടനയിൽ അംഗമായി ചേൎന്നു. അവളുടെ വ്യക്തിത്വം മറ്റുള്ളവരുടെ ശ്രദ്ധയെ അവളിലേക്കാകൎഷിക്കുകയും, അതു് അവൾ പറഞ്ഞവയും പ്രവൎത്തിച്ചവയും ജാജ്വല്യമാനമാക്കിത്തീൎക്കുകയും ചെയ്തു.

കാലക്രമേണ ഇരുപതു വയസ്സു മാത്രംപ്രായമുള്ള അവൾ ഡബ്ളിനിലെ ലീജിയൻ ഓഫ് മേരി പ്രസീദിയത്തിന്റെ അദ്ധ്യക്ഷയായിത്തീൎന്നു. അവൾ കരയുന്നവരോടുകൂടി കരയുകയും, മറ്റുള്ളവരുടെ വിഷമതകളിൽ ആത്മാൎത്ഥമായി പങ്കുകൊള്ളുകയും ചെയ്തു. തന്റെ വാക്കിലും പ്രവൃത്തിയിലും മറ്റുള്ളവരുടെ ദുഃഖം പ്രതിഫലിപ്പിച്ചു. ഇതു ദുഃഖാഗാധത്തിൽ കിടന്നവരെപ്പോഴും ആശ്വസിപ്പിക്കുവാൻ അവൾക്കു് ശക്തി നല്കി.

ഇതിനിടയിൽ അവളുടെ മനസ്സു് കന്യകാലയത്തിലെ ശാന്തസുന്ദരവും ഭക്തിസംവൎദ്ധകവുമായ കനത്ത ഭിത്തികൾക്കുള്ളിൽ സഞ്ചരിക്കാതിരുന്നില്ല. ലോകബഹളങ്ങൾക്കിടയിൽപെട്ടു്, കൎമ്മപരമായ ഒരു ജീവിതം നയിച്ചിരുന്ന അവൾ, ധ്യാനത്തിലും, പ്രാൎത്ഥനയിലും ഏറെ സമയം വ്യയം ചെയ്യുകയും സന്യാസജീവിതം കൈവരിക്കുന്നതിനുള്ള അവസരം പാൎത്തിരിക്കയും ചെയ്തു. എന്നാൽ ദൈവപരിപാലന അവളുടെ ആഗ്രഹം തകിടംമറിക്കുകയാണു് ചെയ്തതു്. അവൾ രോഗബാധിതയായി ശയ്യാവലംബിയായിത്തീൎന്നു.

കഥാനായികയ്ക്കു് ഏതാണ്ടു പതിനെട്ടു മാസത്തേക്കു് ഒരു സാനിട്ടോറിയത്തിൽ വസിക്കേണ്ടിവന്നു. എന്നാൽ അവിടെയും അവൾ തന്റെ ആദൎശത്തിൽനിന്നും അണുമാത്രം വ്യതിചലിച്ചില്ല. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ആദൎശങ്ങൾ മറ്റുള്ളവൎക്കു കാണിച്ചുകൊടുക്കുകയും യഥാൎത്ഥത്തിൽ അവൾ മറ്റു രോഗികൾക്കു് ആശ്വാസകാരണമായിത്തീരുകയും ചെയ്തു. ഒരിക്കലും അവൾ തന്റെ കഠിനമായ വേദനകളെപ്പററി പരാതിപ്പെടുകയോ നിന്ദാപൂൎവ്വം പിറുപിറുക്കുകയോ ചെയ്തിട്ടില്ല. സൗകൎയ്യം ലഭിക്കുമ്പോഴെല്ലാം അവളുടെ ശ്രദ്ധ പതിഞ്ഞിരുന്നതു് വിശുദ്ധന്മാരുടെ ജീവചരിത്രപാരായണത്തിലായിരുന്നു. തന്റെ ആദൎശജീവിതംനിമിത്തം മററു രോഗികൾ അവളെക്കുറിച്ചു് "ഇവൾ വിശുദ്ധാത്മാക്കളെപ്പോലെ ജീവിക്കുന്നു" എന്നു പറയത്തക്കവിധം അതുകണ്ടു് മറ്റുള്ളവരുടെ ശ്രദ്ധയെ അവൾ ആകൎഷിച്ചു കഴിഞ്ഞിരുന്നു.

സാനിട്ടോറിയത്തിലെ നീണ്ട വാസത്തിനുശേഷം അവൾ—അതേ T. B. ബാധിതയായ ആ രോഗി—ആ ധീരവനിത, സ്വഭവനത്തിലേക്കുതിരിച്ചു അവളുടെരോഗശാന്തിവിഷമകരമായിക്കണ്ടിരുന്ന മറ്റുള്ളവൎക്കു് ഇതിൽ അതിശയം തോന്നി പക്ഷേ അവൾ, സഹജീവികളിൽ ക്രിസ്തുവിനെ കണ്ടിരുന്ന അവൾ, തന്റെ ജോലിയിൽ ഏൎപ്പെടുവാൻ തിടുക്കംകൂട്ടി. ഏതാണ്ടു് ഈ അവസരത്തിൽ തന്നെയാണു് ലീജിയൻ പ്രവൎത്തകർ തങ്ങളുടെ സേവനം സെൻട്രൽ ആഫ്രിക്കയിലേക്കു വ്യാപിപ്പിക്കുവാൻ പരിശ്രമിച്ചതു്. നമ്മുടെ കഥാനായിക ഈ വിഷമതയേറിയ പരിശ്രമത്തിൽ മുൻകൈ എടുത്തു പ്രവൎത്തിച്ചു. പക്ഷേ T. B. ബാധിതയായ ഇവൾ, തൽക്കാൎയ്യത്തിനു് അപ്രാപ്തയാണെന്നു സംശയിച്ച അധികാരികൾ, ആഫ്രിക്കയിലെ വിഷമതകളേയും ഭയങ്കരതയേയും അവളുടെ മുൻപിൽ നിരത്തിവച്ചു. പക്ഷേ ആത്മരക്ഷാജോലിക്കായി തന്നെത്തന്നെ സമൎപ്പിച്ച എഡലിനെ പിൻതിരിക്കുവാൻ വിഷമതകൾ പൎയ്യാപ്തമായിരുന്നില്ല.

വിഷമതകളാണു് താൻ ആഗ്രഹിക്കുന്നതു് എന്നും, ഒരു വിനോദയാത്രയ്ക്കല്ല ഞാൻ തയ്യാറാകുന്നതെന്നുമായിരുന്നു അവളുടെ മറുപടി ഏറെ താമസിയാതെ എഡൽ സഹപ്രവൎത്തകരുമൊത്തു് ആഫ്രിക്കയിലെ മൊംബോസായിൽ എത്തി മിഷ്യൻപ്രവൎത്തനങ്ങൾ ആരംഭിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ഏതൊരുവനേയും നിരാശാഭരിതനാക്കത്തക്ക പരിതസ്ഥിതികളാണു് അവൾക്കഭിമുഖീകരിക്കുവാനുണ്ടായിരുന്നതു്. ഭാഷാവൈപരീത്യം, പേഗനിസം, കാലാവസ്ഥ ഇവ അവളുടെ മാൎഗ്ഗത്തിൽ വിഘ്നതടികളായി കാണപ്പെട്ടു. ഇവയെല്ലാം അതിജീവിച്ചു് എഡൽ ലീജിയൻ ഓഫ് മേരി ബ്രാഞ്ചുകൾ സ്ഥാപിച്ചു. ദേശീയമെത്രാന്മാർ അവളുടെ പ്രവൎത്തനത്തിൽ സംപ്രീതരായി ആഫ്രിക്കയിൽ കത്തോലിക്കാപ്രവൎത്തനത്തിനുള്ള ഉത്തമമായ മാൎഗ്ഗം ഇതുതന്നെയെന്നു അഭിപ്രായപ്പെട്ടു. ഇൻഡ്യൻമഹാസമുദ്രത്തിലെ സാൻസിബാർദ്വീപിലും പ്രവേശിച്ചു് അവൾ ജോലി തുടൎന്നു. എന്നാൽ അവളുടെ അലൗകികപ്രവൎത്തനങ്ങളെ താങ്ങുവാൻ തന്റെ ബലഹീനശരീരത്തിനു് പ്രാപ്തിയില്ലായിരുന്നു. അവളുടെ ആരോഗ്യം തീരെ ക്ഷയിച്ചുവന്നു. അവൾ ഈ അവസരത്തിൽ തന്റെ സകല ചിന്തയും ഈശോയിലും മറിയത്തിലും കേന്ദ്രീകരിച്ചു. 1944-ൽ തന്റെ 37-ാമത്തെ വയസ്സിൽ അവൾ നിത്യനിദ്ര പ്രാപിച്ചു. ആ അവസരത്തിൽ അവളുടെ മുഖം ദൈവികപ്രഭയാൽ പ്രശോഭനമായിരുന്നുവെന്നു പറയപ്പെടുന്നു. എഡലിന്റെ മരണത്തിനു മുൻപുതന്നെ ആഫ്രിക്കയിൽ 1000 ത്തിൽപ്പരം തദ്ദേശീയരായ ലീജിയൻപ്രവൎത്തകർ ജീവകാരുണ്യപ്രവൎത്തനങ്ങളിൽ തന്നോടു സഹകരിക്കുവാനുണ്ടായിരുന്നു. ആത്മരക്ഷാജോലിയിൽ രക്ഷകനുമൊത്തു് എന്തൊരു സഹകരണം!

(തുടരും)

# വിവിധവൃത്താന്തങ്ങൾ

## ലേബർപാർട്ടി ലീഡർ മാർപ്പാപ്പായെ മുഖംകാണിച്ചു

ലേബർപാർട്ടി ലീഡർ മി. ഹ്യൂ ഗേയ്റ്റ്സ്കൽ വത്തിക്കാൻ സന്ദൎശിക്കുകയും പരിശുദ്ധ മാൎപ്പാപ്പായെ മുഖം കാണിച്ചു് 15 മിനിട്ടുനേരം സംഭാഷണം നടത്തുകയും ചെയ്തിരിക്കുന്നു. പരിശുദ്ധപിതാവു് അവിടുത്തെ രഹസ്യലൈബ്രറിയിൽ വച്ചാണു ഈ സന്ദൎശനം അനുവദിച്ചതു്. ഇറ്റാലിയൻ സോഷ്യലിസ്റ്റുകളുമായി യോജിക്കുന്നതു സംബന്ധിച്ചു പ്ലാൻ ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളെപ്പററി പഠിക്കുന്നതിനാണു് മി. ഗേയ്റ്റ്സ്കൽ അനൗദ്യോഗികമായി റോമിൽ എത്തിയിരിക്കുന്നതു്.

## കൎദ്ദിനാളിനോടു യഹൂദജനങ്ങൾക്കുള്ള ആദരവു്

പാരീസിൽ മോണ്ട്മാർട്ടർതെരുവിൽ യഹൂദന്മാരുടെ ഒരു നിശാസങ്കേതത്തിന്റെ ചുമരിൽ ടുളൂസിലെ മെത്രാപ്പോലീത്തായായിരുന്ന അത്യുന്നതകൎദ്ദിനാൾ സലിജു് തിരുമനസ്സിലെ ഓൎമ്മയ്ക്കായി ഒരു സ്മാരകം പ്രതിഷ്ഠിച്ചിരിക്കുന്നു. ഫ്റാൻസിനെ ജൎമ്മൻസേനകൾ ആക്രമിക്കുകയും അവരുടെ രഹസ്യപ്പോലീസുകാർ യഹൂദവൎഗ്ഗക്കാരെ വേട്ടയാടുകയും ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ കൎദ്ദിനാൾ തിരുമേനി അവൎക്കു ചെയ്തുകൊടുത്ത സഹായങ്ങൾക്കു പ്രതിനന്ദി കാണിക്കാനായിട്ടാണു് അതു സ്ഥാപിച്ചിരിക്കുന്നതു്. സ്മാരകത്തിന്റെ അനാച്ഛാദനാവസരത്തിൽ മുൻസോഷ്യലിസ്റ്റു് മിനിസ്റ്ററും ഇപ്പോൾ ഇസ്രായേൽ ലീഗിന്റെ പ്രസിഡന്റുമായ എം. പിയെറെ ബ്ലോക്കു് അവർകൾ പരേതനായ കൎദ്ദിനാൾ തിരുമേനിയുടെ വിശിഷ്ടഗുണഗണങ്ങളെ പ്രകീൎത്തിച്ചു പ്രസംഗിച്ചു ഇപ്പോഴത്തെ ടുളൂസ് മെത്രാപ്പോലീത്താ മോൺ: ഗാരോൺ തിരുമേനിയും ഫ്റാൻസിലെ ഗ്രാൻറു് റാബി അവർകളും ഓരോ പ്രസംഗം ചെയ്യുകയുണ്ടായി.

## വെഞ്ചരിപ്പുസമയത്തു കാബിനററു് നിൎത്തിവച്ചു

ഈസ്റ്റർ പ്രമാണിച്ചു് കത്തോലിക്കാ ഭവനങ്ങളെല്ലാം വെഞ്ചരിക്കുന്ന കൎമ്മം നടത്തിക്കൊണ്ടിരുന്ന ഇറ്റലിയിലെ ഒരു വൈദികൻ ഇറ്റാലിയൻ പ്രധാനമന്ത്രിയുടെ ഭവനത്തിലെത്തിയപ്പോൾ അവിടെ ജോർഡാനിലെ വിഷമസന്ധിയെപ്പററി ആലോചിക്കുന്നതിനു മന്ത്രിസഭ കൂടിക്കൊണ്ടിരിക്കുകയായിരുന്നു. പ്രധാനമന്ത്രി സിഞ്ഞോർ സെന്നിയും മററു മന്ത്രിമാരുംആപ്പീസ്മുറിയിൽകൂടി വിദേശമന്ത്രി സിഞ്ഞോർ മാർട്ടീനോ റിപ്പോർട്ടു സമൎപ്പിക്കുന്ന രംഗത്തിലാണു് ആശീൎവ്വദിക്കുന്ന വൈദികൻ വിശുദ്ധ ജലം തളിക്കുന്നതിനായി അവിടെ പ്രവേശിച്ചതു്. മന്ത്രിമാരെല്ലാം ആദരപൂൎവ്വം എഴുന്നേററു നില്ക്കുകയും കൎമ്മം കഴിയുന്നതുവരെ സഭാനടപടികൾ നിൎത്തിവയ്ക്കുകയും ചെയ്തു. അദ്ദേഹം മുറിവിട്ടുപോയപ്പോൾ ഗൗരവാവഹമായ അവരുടെ ചൎച്ചകളിൽ വീണ്ടും അവർ വ്യാപൃതരായി.

## യു. എൻ. സെക്രട്ടറി ജനറൽ മാർപ്പാപ്പായെ സന്ദർശിച്ചു

യു. എൻ. സിക്രട്ടറി ജനറൽ മി. ഡാഗ് ഹാമർഷോൾഡ് പരിശുദ്ധ മാൎപ്പാപ്പായെ സന്ദൎശിച്ചു നാല്പതുമിനിട്ടു ദീൎഘിച്ച ഒരു സംഭാഷണം നടത്തിയിരിക്കുന്നു. ഒരു രഹസ്യസന്ദൎശനത്തിനു ഇത്രയും സമയമനുവദിക്കുക മാൎപ്പാപ്പായുടെ പരിപാടികളിൽ സാധാരണയല്ല. സംഭാഷണവിഷയങ്ങളുടെ ഗൗരവതരമായ പ്രാധാന്യമാണു് ഈ വ്യതിയാനത്തിനു കാരണമെന്നു തോന്നുന്നു. സിക്രട്ടറി ജനറൽ ഐക്യരാഷ്ട്ര സംഘടനയുടെ നിരായുധീകരണയത്നങ്ങളേയും അണുബോംബു പരീക്ഷണങ്ങളെ തടയുന്നതിനുള്ള സാദ്ധ്യതകളേയും പററി സംസാരിച്ചു എന്നാണു് ഊഹിക്കപ്പെടുന്നതു്.

## 9 മക്കളുടെ അമ്മ വിശുദ്ധപദത്തിലേക്കു്

സ്പെയിൻരാജ്യക്കാരിയായ ജൊആക്കീനായെ വിശുദ്ധ എന്നു പേരുവിളിക്കുന്നതിനുള്ള നടപടികൾ അതിന്റെ അവസാനഘട്ടത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണു്. സിദ്ധയുടെ മാദ്ധ്യസ്ഥംമൂലം സംഭവിച്ചതായ രണ്ടു അത്ഭുതങ്ങളെപ്പററി റീത്തുകളുടെ തിരുസംഘം ഈയിടെ പരിശോധനകൾ നടത്തി. സിദ്ധയുടെ പേർ ജൊവാക്കിനാ ദെ വെഡ്രൂനാ ദെ മാസ് എന്നാണു്. ചെറുപ്പത്തിൽ അവർ വിവാഹിതയായി. 16 കൊല്ലത്തെ ദാമ്പത്യജീവിതത്തിൽ 9 കുഞ്ഞുങ്ങളെ ദൈവം അവൎക്കു പ്രദാനംചെയ്തു. ഭൎത്താവു മരിച്ചു. കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും ശിക്ഷണത്തിനും വേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തശേഷംഅവർ യുവതികളുടെ വിദ്യാഭ്യാസസേവനത്തിൽ ഏൎപ്പെട്ടു. 1826-ൽ ഉപവിയുടെ കൎമ്മലീത്താക്കാർ എന്ന പേരിൽ ഒരു സ്ഥാപനം അവർ സംഘടിപ്പിച്ചു. അതിന്റെ സ്ഥാപകയും പ്രധാനപ്രവൎത്തകയും ജൊവാക്കീനാ തന്നെ ആയിരുന്നു. മരണംവരേയും, ഇങ്ങനെ 9 മക്കളുടെ അമ്മയും ഒരു സന്യാസഭവനത്തിന്റെ സ്ഥാപകയും അതിലെ അംഗവുമായി ജീവിച്ചു് പുണ്യപദത്തിലേക്കുയരുന്നതിനു അവൎക്കു സാധിച്ചു.

## മാർപ്പാപ്പായുടെ ഉററമിത്രം തടങ്കലിൽ അന്തരിച്ചു

പന്ത്രണ്ടാം പീയൂസ് മാൎപ്പാപ്പായുടെ ഒരുററമിത്രമായിരുന്ന മോൺ: പീററർ വെർഹൻ. പന്ത്രണ്ടു കൊല്ലക്കാലം സൈബീരിയായിലെ സോവ്യററുതടവിൽ കഴിച്ചുകൂട്ടിയശേഷം അദ്ദേഹം കഴിഞ്ഞ ഫെബ്രുവരി 7-ാം തീയതി മരണമടഞ്ഞു. ഒന്നാംലോകമഹായുദ്ധത്തിൽ അദ്ദേഹം ആസ്ട്രിയൻ സൈന്യത്തിൽചേൎന്നു് പടക്കളത്തിൽ പോരാടി. അതിനുശേഷം 37-ാം വയസ്സിലാണു് വൈദികപട്ടം സ്വീകരിച്ചതു്. കഴിഞ്ഞ മഹായുദ്ധം ആരംഭിക്കുന്നതിനു മുമ്പു്, അന്നു ജൎമ്മനിയിലെ നൺഷിയോ ആയിരുന്ന ഇപ്പോഴത്തെ മാൎപ്പാപ്പായുമായി അദ്ദേഹം ഉററബന്ധത്തിലായി. 1940-ൽ മാൎപ്പാപ്പാ അദ്ദേഹത്തെ ഒരു ഡൊമസ്റ്റിക്കു് പ്രിലേററായി ഉയൎത്തി. ജൎമ്മനിയിൽ താമസക്കാരായ യുക്രൈൻകത്തോലിക്കരുടെ അപ്പസ്തോലിക്കു് വിസിറ്റേററായിട്ടാണു് അദ്ദേഹം നിയമിതനായതു്. 1945-ൽ കമ്മ്യൂണിസ്റ്റുകൾ ബർലിൻ കീഴടക്കിയപ്പോൾ മോൺ. വെർഹൻ അറസ്റ്റുചെയ്യപ്പെടുകയും റഷ്യൻസൈബീരിയായിലെ ക്രാസ്നോയാക്കു് തടങ്കൽകേന്ദ്രത്തിലേക്കയക്കപ്പെടുകയും ചെയ്തു. അവിടെവച്ചാണു് 67-ാമത്തെ വയസ്സിൽ അദ്ദേഹം ചരമമടഞ്ഞതു്.

## സ്കൗട്ടുകളുടെ ദൈവമാതൃപ്രതിഷ്ഠ

കത്തോലിക്കാസ്കൗട്ടുകൾ അവരുടെ സ്വൎണ്ണജൂബിലി ആഘോഷിക്കുന്ന അവസരമാണല്ലോ ഇതു്. കെൻറിലുള്ള എയ്ലസ്ഫോർഡ് ഫ്റയറിയിൽവച്ചു് അതിന്റെ സമാപനപരിപാടികൾ നിൎവ്വഹിക്കുന്നതിനു നിശ്ചയിച്ചിരിക്കുകയാണു്. ഇംഗ്ലണ്ടിലെ അപ്പസ്തോലിക്കു് ഡലിഗേററായ ആർച്ചുബിഷപ്പു് ഓഹാറാ തിരുമേനി ആഗസ്റ്റു് 15-ാം തീയതി സമാരംഭിക്കുന്ന ത്രിദിനദിവ്യപൂജകൾ ഉൽഘാടനം ചെയ്യുന്നതും മററു പല മെത്രാന്മാരും അതിൽ സംബന്ധിക്കുന്നതുമാണു്. എല്ലാ രാജ്യങ്ങളിൽനിന്നും ഈ മൂന്നുദിവസവും അവിടെ ഇടവിടാതെ കത്തിക്കുന്നതിനു ഓരോ തിരി വീതം കൊണ്ടുവരണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു്. 18-ാം തീയതി പാതിരാക്കുർബാനയോടുകൂടിയാണു് പരിപാടികൾ അവസാനിക്കുക. ആ കുർബാനയുടെ ഇടയ്ക്കായിരിക്കും ലോകമാകെയുള്ള സ്കൗട്ടുകളെ പരിശുദ്ധ ദൈവമാതാവിനു പ്രതിഷ്ഠിക്കുക. എയ്ലസ്ഫോർഡിനടുത്തു ബക്ക്മോറിൽ ഒരു സാൎവ്വദേശീയസ്കൗട്ടുക്യാമ്പു നടത്തുന്നതിനു നിശ്ചയിച്ചിട്ടുണ്ടു്. ചീഫ്സ്കൗട്ടായ ലോർഡ് റൊവ്വലൻ അതു സന്ദൎശിക്കുന്നതാണു്. ലോകത്താകെ ഇപ്പോൾ പന്ത്രണ്ടരലക്ഷം കത്തോലിക്കാസ്കൗട്ടുകളുണ്ടു്. ജൂബിലിയുടെ സമാപനപരിപാടികളിൽ സംബന്ധിക്കുന്ന സ്കൗട്ടുകൾ പാതിരാക്കുർബാനയ്ക്കുമുമ്പായി ഒരു ദീപപ്രദക്ഷിണം നടത്തുന്നതാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MAY 22 || No. 39.


## നമ്മുടെ വിദ്യാഭ്യാസപ്രശ്നം

III

### മതപരമായ വിദ്യാഭ്യാസം

വ്യക്തിയെ അവന്റെ ലൗകികവും പാരത്രികവുമായ ജീവിതലക്ഷ്യങ്ങൾ പ്രാപിക്കത്തക്കവണ്ണം രൂപവൽക്കരിക്കുക എന്നുള്ള വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ ശരിയായി ധരിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസത്തിൽ മതത്തിനു നൽകപ്പെടേണ്ട പ്രാധാന്യം സ്വയം വിശദമാകുന്നതാണ്. മതവിദ്യാഭ്യാസത്തെ പുറംതള്ളിക്കൊണ്ടുള്ള ശാസ്ത്രീയമോ സാങ്കേതികമോ ആയ വിദ്യാഭ്യാസപദ്ധതികളൊന്നും പൂർണ്ണമാവുകയില്ല എന്നും അപ്രകാരം ഏകപക്ഷീയമായ വിദ്യാഭ്യാസരീതികൊണ്ടു ചില ബുദ്ധിരാക്ഷസന്മാരെ സൃഷ്ടിക്കാൻ കഴിഞ്ഞാൽതന്നെയും അതു സമ്യക്കായ ഒരു വ്യക്തിവികസനമായി പരിഗണിക്കാൻ സാധിക്കുന്നതല്ല എന്നും പണ്ഡിതന്മാരായ വിദ്യാഭ്യാസപ്രവർത്തകന്മാർ വ്യക്തമായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. വിദ്യാഭ്യാസരംഗത്തുനിന്നു മതത്തെ ഉച്ചാടനം ചെയ്യുന്നതിനുള്ള ഭൗതികതാവാദികളുടെ നിലപാടിലുള്ള പാകപ്പിഴ പ്രധാനമായി ഇതിലാണടങ്ങിയിരിക്കുന്നതു്. വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്രഅഡൈ്വസറി ബോർഡ് 1948 ജനുവരിമാസത്തിൽ ഡൽഹിയിൽ സമ്മേളിച്ച അവസരത്തിൽ വിദ്യാഭ്യാസമന്ത്രി മൗലാനാ അസാദ് പ്രസ്താവിച്ചതിങ്ങനെയായിരുന്നു:- "മതവിദ്യാഭ്യാസം നൽകുന്നതിനെപ്പററി 19-ാം ശതാബ്ദത്തിലുണ്ടായിരുന്ന ലിബറൽ വീക്ഷണഗതി ഇന്നു വിലയില്ലാതായിത്തീർന്നിരിക്കുകയാണെന്നു നിങ്ങൾക്കറിയാമല്ലോ. കുട്ടികളുടെ നിർബാധമായ മാനസികവികസനത്തിനു മതം വിലങ്ങുതടിയായി നില്ക്കുമെന്നു വിചാരിക്കപ്പെട്ടിരുന്നു. ഇന്നാകട്ടെ, മതവിദ്യാഭ്യാസം തിരസ്കരിക്കപ്പെടുവാൻ പാടുള്ളതല്ലെന്നു സമ്മതിക്കപ്പെട്ടിരിക്കുകയാണ്. ദേശീയവിദ്യാഭ്യാസത്തിൽനിന്നു മതഘടകം നീക്കിക്കളഞ്ഞാൽ ധാർമ്മികങ്ങളായ അർഹഗണനകളെപ്പററി മതിപ്പുണ്ടായിരിക്കുകയില്ല; മനുഷ്യോചിതമായ രീതിയിലുള്ള സ്വഭാവരൂപവല്ക്കരണവും സാദ്ധ്യമല്ല." അമേരിക്കൻ സുപ്രീംകോടതി ജസ്റ്റിയായിരുന്ന ജസ്റ്റീസ് ലൂവിസ് എൻ. ഫോസെററു് ഒരിക്കൽ വേൾഡ് സൺഡേസ്കൂൾവാർഷികത്തിൽ ഇപ്രകാരം പ്രസംഗിച്ചു:- "യുവജനങ്ങളുടെ ഇടയിൽ വർദ്ധമാനമായി വരുന്ന തിന്മയുടേയും കുററങ്ങളുടേയും പ്രവാഹത്തെ തടയുന്നതിനുള്ള ഏകമാർഗ്ഗം മതവിദ്യാഭ്യാസമാകുന്നു...... ഉത്തമപൗരന്മാരുടെ രൂപവത്ക്കരണത്തിനുള്ള സർവ്വപ്രധാനമായ ഘടകം മതവിദ്യാഭ്യാസമാകുന്നു." മതഘടകത്തെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള വിദ്യാഭ്യാസം ഒരു തരത്തിലും പൂർണ്ണമല്ലെന്നും, അതു മനുഷ്യനെ പൂർണ്ണമായ ഒരു ജീവിതത്തിനൊരുക്കുവാൻ പര്യാപ്തമല്ലെന്നും സ്പഷ്ടമാണ്.

### സഭയുടെ അവകാശം

വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള സ്വാഭാവികമായ അവകാശം കുട്ടികളുടെ മാതാപിതാക്കന്മാരുടേതാണെന്നും അതിനെ കൈയടക്കുന്നതിനു രാഷ്ട്രത്തിനവകാശമില്ലെന്നും നാം കണ്ടു. എന്നാൽ അതേസമയം രാജ്യത്തിന്റെ നിലവാരത്തിനനുസരിച്ച ഒരു വിദ്യാഭ്യാസമാനദണ്ഡം പാലിക്കുന്നതിനു ജനങ്ങളെ നിർബന്ധിക്കുവാൻ രാഷ്ട്രത്തിനവകാശമുണ്ടു്. അതിൽ സാമ്പത്തികമായി അവർക്കുള്ള അവശതകളും അസൗകര്യങ്ങളും നിവാരണംചെയ്യുന്നതിനുള്ള കർത്തവ്യവും രാഷ്ട്രത്തിൽ അവശേഷിക്കുന്നു. മാതാപിതാക്കന്മാരുടെ മൗലികമായ അവകാശങ്ങളെ കൈകയറാതെ അതിന്റെ കുറവുകളെ പരിഹരിക്കുകയാണ് രാഷ്ട്രത്തിന്റെ ധർമ്മം. എന്നാൽ സഭയ്ക്കു ഇക്കാര്യത്തിൽ ഇടപെടാൻ എന്താണവകാശം എന്നു വല്ലവരും ചോദിച്ചേക്കാം. സഭ ലോകത്തിൽ മനുഷ്യന്റെ ആദ്ധ്യാത്മികാഭിവൃദ്ധിക്കുവേണ്ടി ദൈവത്താൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഒരു പരിപൂർണ്ണസ്ഥാപനമാണ്. അതുകൊണ്ടു് മനുഷ്യന്റെ ആദ്ധ്യാത്മികകാര്യങ്ങളെ സ്പർശിക്കുന്ന എല്ലാ രംഗങ്ങളിലും പ്രവർത്തിക്കുന്നതിനുള്ള ദൈവദത്തമായ സ്വാതന്ത്ര്യവും കർത്തവ്യവും അതിനുണ്ടു്. മതവിദ്യാഭ്യാസംകൂടാതെ യാതൊരു വിദ്യാഭ്യാസവും പൂർണ്ണമോ ഫലപ്രദമോ ആവുകയില്ലെന്നു മേൽപ്രസ്താവിച്ചുവല്ലോ. മതവിദ്യാഭ്യാസത്തെ വിദ്യാഭ്യാസരംഗത്തിൽ പ്രായോഗികവും ഫലപ്രദവുമാക്കുന്നതിനുള്ള കർത്തവ്യമാണ് സഭയെ അതിൽ ഇടപെടുന്നതിനു ആവശ്യമാക്കുന്നതു്. ഔദ്യോഗികമായ ഈ കർത്തവ്യം ദൈവദത്തമാകയാൽ രാഷ്ട്രാധികാരത്തിനു അതിനു പ്രതിബന്ധം സൃഷ്ടിക്കാൻ അവകാശമില്ല. ഒരു വ്യക്തിയുടെ മതപരമായ വിദ്യാഭ്യാസവും പരിശീലനവും സംബന്ധിച്ച ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരവകാശമാണതു്. സിവിൽ അധികാരികൾ ഈ രംഗത്തു അനാവശ്യമായി ഇടപെടുമ്പോഴാണ് പലവിധത്തിലുള്ള സംഘട്ടനങ്ങളും പ്രശ്നങ്ങളും ഉണ്ടാവുക. വിദ്യാഭ്യാസംസംബന്ധിച്ച സഭയുടെ നില വളരെ വ്യക്തവും നിശ്ചിതവുമാണ്. സഭയുടെ കാനൻനിയമങ്ങളും തിരുസഭാദ്ധ്യക്ഷന്മാരുടെ പ്രബോധനങ്ങളും ആർക്കും മനസ്സിലാക്കാവുന്നവിധത്തിൽ അതിനെ വിശദീകരിക്കുന്നുണ്ടു്; കത്തോലിക്കാസഭയുടെ കാനൻനിയമം എല്ലാ പരിഷ്കൃതഗവമ്മെണ്ടുകളും കത്തോലിക്കരുടെ കാര്യത്തിൽ അംഗീകരിച്ചുറപ്പിച്ചിട്ടുള്ളതത്രെ. വിദ്യാഭ്യാസത്തെപ്പററി അതിൽ പ്രതിപാദിച്ചിട്ടുള്ളതിപ്രകാരമാണ്:- "കാനൻ 1375: സഭയ്ക്കു സ്വന്തമായി സ്കൂളുകൾ നടത്തുന്നതിനുള്ള അവകാശമുണ്ടു്"... എലിമെൻററി സ്കൂളുകൾമാത്രമല്ല, മിഡിൽസ്കൂളുകളും ഹൈസ്കൂളുകളും" "കാനൻ 1381/3: അദ്ധ്യാപകന്മാരേയും പാഠപുസ്തകങ്ങളേയും അംഗീകരിക്കുന്നതിനും, (സ്വീകാര്യമല്ലാത്ത) അദ്ധ്യാപകന്മാരേയും (സ്വീകാര്യമല്ലാത്ത) പുസ്തകങ്ങളേയും നീക്കം ചെയ്യണമെന്നു മതസ്ഥൃതിന്റേയും ധാർമ്മികാവകാശത്തിന്റേയും പേരിൽ നിർബന്ധിക്കുന്നതിനുമുള്ള അവകാശം രൂപതാദ്ധ്യക്ഷനായ മെത്രാനിൽ നിക്ഷിപ്തമായിരിക്കുന്നു." "കാനൻ 1374: കത്തോലിക്കാ കുട്ടികൾ "ന്യൂട്രലോ," "മിക്സഡോ" ആയ (അതായതു്, അകത്തോലിക്കാ മാനേജ്മെൻറിൽ) അകത്തോലിക്കാ സ്കൂളുകളിൽ പോകുവാൻ പാടില്ലാത്തതാണ്." ഈ കാനൻനിയമങ്ങളുടെ വ്യാപ്തിയെ വിശദീകരിച്ചു പതിനൊന്നാംപീയൂസ് മാർപ്പാപ്പാ ഒരവസരത്തിൽ ഈ വിഷയത്തെപ്പററി പ്രതിപാദിക്കുകയുണ്ടായി. തിരുമനസ്സിലെ വാക്കുകൾ ഇപ്രകാരമാണ്:- "തിരുസഭയുടെ സന്താനങ്ങളുടെ വിദ്യാഭ്യാസത്തിന്റെ എല്ലാ തുറകളും സംബന്ധിച്ചു് മേൽനോട്ടം വഹിക്കേണ്ടതു് സഭയുടെ നിഷേധിക്കപ്പെടുവാൻ പാടില്ലാത്ത അവകാശവും കൈയൊഴിയുവാൻ പാടില്ലാത്ത കർത്തവ്യവുമാണ്. ഇതു പൊതുവോ സ്വകാര്യമോ ആയ എല്ലാ സ്ഥാപനങ്ങളേയും ബാധിക്കുന്നു. ഇതു മതപഠനം നടത്തപ്പെടുന്ന സ്ഥാപനങ്ങളെ മാത്രമല്ല, വിദ്യാഭ്യാസത്തിന്റെ എല്ലാ വകുപ്പുകളേയും ധാർമ്മികപരിശീലനത്തിന്റെ എല്ലാ നിയന്ത്രണങ്ങളേയും ഉൾക്കൊള്ളുന്നതാണ്. ഇതു അനാവശ്യമായ ഒരു ഇടപെടലായി പരിഗണിക്കപ്പെടാവുന്നതല്ല; പ്രത്യുത തത്വപരമായും ധാർമ്മികമായും തന്റെ സന്താനങ്ങൾക്കു നേരിടാവുന്ന ഗൗരവാവഹമായ വിപത്തിൽനിന്നു അവരെ രക്ഷിക്കുന്നതിനുള്ള സഭയുടെ മാതൃപരമായ വ്യഗ്രതാപ്രകടനം മാത്രമാണതു്." അതുകൊണ്ടു കത്തോലിക്കാ കുട്ടികളെ കത്തോലിക്കാ സ്കൂളുകളിലും കത്തോലിക്കാ മതാദ്ധ്യക്ഷന്മാരുടെ നിയന്ത്രണത്തിലും വിദ്യഅഭ്യസിപ്പിക്കുക എന്നുള്ളതാണ് സഭയുടെ ആദർശം. അവരെ ഉത്തമകത്തോലിക്കരായി പരിശീലിപ്പിക്കുന്നതിനു ഈ പരിപാടി ആവശ്യകവുമത്രെ. അതുകൊണ്ടാണ് കത്തോലിക്കാസഭ വിദ്യാലയങ്ങൾ നടത്തുന്നതിനു പണ്ടുമുതലേ അതീവജാഗ്രത പ്രദർശിപ്പിച്ചുപോരുന്നതു്. കത്തോലിക്കാവിദ്യാലയങ്ങൾ ശാസ്ത്രീയമോ സാങ്കേതികമോ ആയ വിദ്യാദാനപ്രവർത്തനത്തിൽ ആരുടേയും പിന്നിലല്ല എന്നുള്ളതും പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു പരമാർത്ഥമാണ്. വിദ്യാഭ്യാസം വളരെ പിന്നോക്കമായിരുന്ന കാലഘട്ടങ്ങളിലും സഭ നിരവധി ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ചു വിദ്യാലയങ്ങൾ നടത്തിപ്പോന്നു. അതിന്റെ അനന്തരഫലമാണ് ഇന്നു ഇന്ത്യയ്ക്കു പൊതുവേയും കേരളത്തിനു പ്രത്യേകിച്ചും ഇത്ര ഉന്നതമായ ഒരു സാക്ഷരതാനിലവാരം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളതു്. ഒരുത്തമകത്തോലിക്കാ വിദ്യാലയത്തിൽ ശിക്ഷണം ലഭിക്കുക എന്നതു രാജ്യത്തിനു ഒരുത്തമപൗരനെ ഒരുക്കിയെടുക്കുകയാണെന്നതിനു ആർക്കും എതിരുപറയുവാൻ സാദ്ധ്യമല്ല. പിന്നെ എന്തിനാണ് കത്തോലിക്കരുടെ സ്വകാര്യവിദ്യാലയങ്ങളുടെ നേർക്കു ഇത്രവലിയ എതിർപ്പുകാണിക്കുന്നതിനു ഒരു വിഭാഗം ശഠിച്ചുനില്ക്കുന്നതെന്നാണ് മനസ്സിലാകാത്തതു്.

### സംയുക്തപ്രസ്താവന

കത്തോലിക്കാസഭ വിദ്യാഭ്യാസകാര്യത്തിൽ യുക്തിപൂർവ്വം സ്വീകരിച്ചുപോരുന്ന നിലപാടിനെപ്പററി ഓരോ രാജ്യത്തുമുള്ള മെത്രാന്മാർ സംയുക്ത ഇടയലേഖനങ്ങളും പ്രസ്താവനകളും കാലാകാലങ്ങളിൽ നൽകാറുണ്ടു്. 1955-ൽ അമേരിക്കയിലെ മെത്രാന്മാർ പുറപ്പെടുവിച്ച ഏതാദൃശമായ ഒരു ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "വിദ്യാഭ്യാസം സിദ്ധിക്കുന്നതിനു ഒരു കുട്ടിക്കുള്ള അവകാശവും അതു് കുട്ടിക്കു പ്രദാനം ചെയ്യുന്നതിനുള്ള കടമയും അടിയുറച്ചു നില്ക്കുന്നതു് അവനു് ഒരാത്മാവുണ്ടു് എന്നുള്ള വസ്തുതയിലാണ്. മനുഷ്യാത്മാവു് ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും, വ്യക്തിയുടേയും സമുദായത്തിന്റേയും നന്മയ്ക്കുവേണ്ടി വികസിപ്പിക്കപ്പെടേണ്ട കഴിവുകളോടുകൂടിയതുമാണ്. വ്യക്തിതാദബോധത്തിന്റെ വികസനമോ സാമൂഹ്യസേവനമോ മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം; പ്രത്യുത ഇവയോരോന്നിനും അതതിന്റെ സമ്യക്കായ പ്രാധാന്യം നൽകത്തക്കവിധത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യം സഫലമാക്കുകയാണതു്...നമ്മുടെ എല്ലാ കടമകളിലും ഏററം പ്രമുഖമായ കടമ നമ്മുടെ സ്രഷ്ടാവിനോടുള്ള കടമയായതുകൊണ്ടു് എല്ലാ ധാർമ്മിക പരിശീലനങ്ങളിലും പ്രഥമസ്ഥാനം മതത്തിനു നൽകപ്പെടണം. അതായതു് ദൈവത്തേയും അവിടുത്തെ പ്രമാണങ്ങളേയും അറിയുക; അവിടുത്തെ പ്രമാണങ്ങളോടു അനുസരണത്തിന്റെ മനോഭാവം സ്വീകരിക്കുക. വിജ്ഞാനത്തിന്റെ മററു ശാഖകളിലുള്ള അഭ്യസനത്തോടൊപ്പം മതപരവും ധാർമ്മികവുമായ പരിശീലനം നൽകപ്പെടുമ്പോഴാണ് അതു് ഏററവും സഫലമായി തീരുക." അമേരിക്കൻ ഹയരാർക്കിയുടെ ഈ ആദർശം തന്നെയാണ് ലോകത്തെവിടെയുമുള്ള കത്തോലിക്കർ മുറുകെപിടിച്ചുപോരുന്നതു്. ഇതു പുതിയൊരു അവകാശവാദമോ പ്രക്ഷോഭണമോ അല്ല. സഭ എക്കാലത്തും ഈ തത്വത്തിൽ ഉറച്ചുനിന്നു് അതിനെ പാലിക്കുന്നതിനു വേണ്ടി നഷ്ടങ്ങളും ക്ലേശങ്ങളും പീഡനങ്ങളും സഹിച്ചിട്ടുള്ളതാണ്. കുറെ കൊല്ലങ്ങൾക്കുമുമ്പ് ഇതേപ്പററി മി. എം. എസ്. ശ്രേഷ്ഠ എം.എൽ.സി. മദ്രാസ് നിയമസഭയിൽവച്ചു പ്രസ്താവിച്ചതു വളരെഅർത്ഥവത്തായിരിക്കുന്നു. "ഈ രാജ്യത്തു മാത്രമല്ല ലോകത്തെവിടെയും ഇക്കാര്യത്തിൽ കത്തോലിക്കാ ആദർശം ഇതാണ്: കത്തോലിക്കർക്കു സ്വന്തമായി വിദ്യാലയങ്ങൾ ഉണ്ടായിരിക്കണം. കത്തോലിക്കാ കുട്ടികൾ കത്തോലിക്കാ അന്തരീക്ഷത്തിൽ വിദ്യയഭ്യസിപ്പിക്കപ്പെടുകയും വേണം. ഈ നിലപാടു ശരിയാണോ എന്നുള്ള പ്രശ്നമേ സംഗതമല്ല. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ കുട്ടികൾ ഒരു കത്തോലിക്കാ അന്തരീക്ഷത്തിൽ അഭ്യസിപ്പിക്കപ്പെടുന്നതിനുവേണ്ടി അവരെ കത്തോലിക്കാ വിദ്യാലയങ്ങളിൽ അയക്കണമെന്നുള്ളതു് ഞങ്ങളുടെ വിശ്വാസത്തോടു വളരെ ബന്ധപ്പെട്ട ഒരു തത്വമാണ്. അതുകൊണ്ടു് ഞങ്ങൾക്കു ശരിയാണെന്നു ബോദ്ധ്യമുള്ള വിധത്തിൽ ഞങ്ങളുടെ വിശ്വാസത്തെ അനുസരിക്കുവാൻ ഞങ്ങളെ അനുവദിക്കുക മാത്രമാണ് ഭരണതത്വമനുസരിച്ചു ചെയ്യാവുന്നതു്." ഇംഗ്ലണ്ടിലെ വിദ്യാഭ്യാസം സംബന്ധിച്ച ഒരു വാർഷിക റിപ്പോർട്ടിൽ കത്തോലിക്കരുടെ നിലപാടിനെ വ്യക്തമായി നിർവചിച്ചിരിക്കുന്നതിപ്രകാരമാണ്:- "മതപഠനം സംബന്ധിച്ചു ഒട്ടാകെയുള്ള പ്രശ്നത്തിൽ റോമൻ സഭയുടെ നിലപാടു വ്യക്തമായി അറിയപ്പെട്ടിട്ടുള്ളതും ഇവിടെ പ്രത്യേകം പ്രതിപാദിക്കുന്നതിനാവശ്യമില്ലാത്തതുമാണ്. ഒററവാക്കിൽ പറഞ്ഞാൽ അതിന്റെ നയം അതിന്റെ കുട്ടികൾക്കു അതിന്റേതായ വിദ്യാലയങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ്. ഈ നയത്തിനു വിരുദ്ധമായ ഒരുടമ്പടി അതുമായി ഉണ്ടാക്കുക എന്നതു ചിന്തിക്കേണ്ട ആവശ്യമില്ലാത്ത കാര്യമാണ്." അതുകൊണ്ടു് വിദ്യാഭ്യാസം സംബന്ധിച്ചു കത്തോലിക്കാസഭയ്ക്കു അഭേദ്യമായ തത്വങ്ങളെ ആശ്രയിച്ചു ഉറച്ചു ഒരാദർശമുണ്ടു്. അതിനെ ബലികഴിക്കുക സാദ്ധ്യമല്ല. വിദ്യാഭ്യാസത്തെ ഒരു പ്രശ്നമാക്കുന്ന എല്ലാവരും ഈ വസ്തുതയെ യഥാർത്ഥം പരിഗണിക്കുകയാണെങ്കിൽ ആരോഗ്യപരമായ ഒരു വിദ്യാഭ്യാസസംവിധാനം ഫലപ്രദമായി കെട്ടിപ്പടുക്കുവാൻ സാധിക്കും. വിദ്യാഭ്യാസസംവിധാനം ഒരു പ്രധാനചർച്ചാവിഷയമായിത്തീർന്നിരിക്കുന്ന ഈ അവസരത്തിൽ അതിൽ പങ്കെടുക്കുന്ന എല്ലാവരും ഈ മൗലികതത്വങ്ങൾക്കു അർഹമായ പരിഗണന നൽകണമെന്നു ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു

## പ്രസാധകക്കുറിപ്പുകൾ

### കോട്ടയത്തെ വിദ്യാഭ്യാസകോൺഫറൻസ്

കോട്ടയത്തെ ഗവമ്മെൻറു് ട്രെയിനിംഗ് സ്കൂളിൽവച്ചു്, ഡിവിഷനൽ എഡ്യൂക്കേഷനൽ ആഫീസറുടെ ക്ഷണമനുസരിച്ചു് മേയ് മാസം 16-ാം തീയതി വ്യാഴാഴ്ച സായാഹ്നത്തിൽ വിദ്യാഭ്യാസപ്രശ്നങ്ങളെ ചർച്ചചെയ്യുവാൻ ഒരു യോഗംകൂടി. യോഗത്തിൽ വിദ്യാഭ്യാസമന്ത്രി ശ്രീ ജോസഫ് മുണ്ടശ്ശേരി ഇപ്രകാരം പ്രസംഗിച്ചു:-

"പ്രിയപ്പെട്ട അദ്ധ്യാപകന്മാരേ, മാനേജരന്മാരേ, ഇതു കേവലം അനൗപചാരികമായ ഒരു കോൺഫറൻസാണ്. ഇതുപോലെ ഒരു കോൺഫറൻസ് ഏതാനും ദിവസംമുൻപു കോഴിക്കോട്ടു വച്ചു നടന്നു. ഈ യോഗത്തിനുള്ള ക്ഷണക്കത്തുകൾ വളരെ വൈകിയാണ് വിതരണംചെയ്തതെന്നു ഞാൻ മനസ്സിലാക്കുന്നു. ഈ കാര്യത്തിൽ അമാന്തം പററിയെന്നു സമ്മതിക്കുന്നു. എങ്കിലും ഇത്രയും പേർ സൗമനസ്യപൂർവ്വം സന്നിഹിതരായിരിക്കുന്നതിനു നന്ദി. ഗവമ്മെൻറിന്റെ വക്താക്കൾ എന്ന നിലയിൽ വിദ്യാഭ്യാസമന്ത്രിയും വിദ്യാഭ്യാസവകുപ്പുസെക്രട്ടറിയും വിദ്യാഭ്യാസഡയറക്ടറും നിങ്ങളെക്കൊണ്ടു് എന്തെങ്കിലും സമ്മതിപ്പിക്കാനല്ല നിങ്ങളെ ഇവിടെ ക്ഷണിച്ചുവരുത്തിയിട്ടുള്ളതു്. നേരെമറിച്ചു് അടിയന്തിരമായി പരിഹാരം കാണേണ്ടുന്ന പ്രശ്നങ്ങൾസംബന്ധിച്ചു് നിങ്ങൾക്കു നൽകാനുള്ള നിർദ്ദേശങ്ങൾ ചോദിച്ചു മനസ്സിലാക്കാനാണ്.

"ഈ കോൺഫറൻസിൽ ആലോചിക്കേണ്ട പ്രശ്നങ്ങളെപ്പററി ചുരുക്കിപ്പറയാം. 1) പ്രാഥമികവിദ്യാഭ്യാസത്തിന്റേയും സെക്കണ്ടറിവിദ്യാഭ്യാസത്തിന്റേയും ഉള്ളടക്കം എന്തായിരിക്കണം? അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയും നിലവിലുള്ള പദ്ധതിയും വെവ്വേറെ തുടരണമോ രണ്ടുംകൂടി ഉരുക്കിച്ചേർത്തു ഒരു പുതിയ പദ്ധതി വാർത്തെടുക്കണമോ? 25, 30 വയസ്സിൽ ജീവിതായോധനത്തിനു തയ്യാറായാൽ പോരാ, 20 വയസ്സിനു മുൻപുതന്നെ ഹയർസെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസംകൊണ്ടുമാത്രം ബി. എ. യും ബി. എല്ലുമൊന്നും പാസാകാതെ ഒരു യുവാവു് ജീവിതായോധനത്തിനു അരയും തലയുംമുറുക്കി പയററുരംഗത്തിൽ ഇറങ്ങാൻ തയ്യാറായിക്കഴിയണമെന്നു് ഒരു അഭിപ്രായം യൂറോപ്പിൽ പൊതുവെ ഇപ്പോൾ പൊന്തിവന്നിട്ടുണ്ടു്. അതു നമുക്കും സ്വീകാര്യമല്ലേ?

### പ്രൈവററ് ഏജൻസി

"14 വയസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ പൂർണ്ണമായ ചുമ

തല സ്റ്റേററിനായിരിക്കണമെന്നു ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. ഈ ഉത്തരവാദിത്വം ഇവിടെ ഇപ്പോൾതന്നെ സക്കാർ ഏറെറടുക്കണമോ? അല്ലെങ്കിൽ അതു ഏറെറടുക്കുന്നതു പല പതനങ്ങളായി മതിയോ? വിദ്യാഭ്യാസത്തിൻെറ പ്രൈവററ്ഏജൻസി പരമാർത്ഥത്തിൽ പബ്ളിക്ക് ഏജൻസിയാണ്. ഗവമ്മെൻറു തീരുമാനിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായിട്ടാണല്ലോ പ്രൈവററ്ഏജൻസി വിദ്യാഭ്യാസപ്രവത്തനം നിവ്വഹിക്കുന്നതു്. പ്രൈവററ്സ്കൂളുകളിലെ അദ്ധ്യാപകന്മാക്കു് ഗവ: നേരിട്ടു ശമ്പളം കൊടുക്കണമോ? പ്രൈവററ്സ്കൂൾ അദ്ധ്യാപകൻെറ ശമ്പളം രൂപാ 16 അണയും ഗവമ്മെൻറ് നേരിട്ടു കൊടുക്കേണ്ടിവരികയാണെങ്കിൽ പ്രൈവററ്സ്കൂളുകളുടെ കായ്യത്തിൽ ഗവ: നില എന്തായിരിക്കണം? മലബാറിൽ ഗവമ്മെൻറ് പ്രൈവററ്സ്കൂൾ അദ്ധ്യാപകശമ്പളം നേരിട്ടുകൊടുക്കുന്നു. ഇവിടെ അദ്ധ്യാപകശമ്പളം ഗ്രാൻറ്-ഇൻ-എയിഡാണു്. മാനേജരാണ് പേമാസ്റ്റർ. മാനേജർ ശമ്പളം നൽകിയില്ലെങ്കിൽ പരാതിപ്പെടുകയെന്നൊരു മാർഗ്ഗമേയുള്ളു അദ്ധ്യാപകനു്.

"ഇന്ത്യാഗവമ്മെൻറിൻെറ സെക്കണ്ടറിസ്കൂൾ കമ്മീഷൻെറ ശുപാശകൾ 90 ശതമാനവും നാം നടപ്പിലാക്കി. നമ്മുടെ ഹൈസ്കൂളുകൾ വിവിധോദ്ദേശപരിശീലനകേന്ദ്രങ്ങളായി മാറേറണ്ടതുണ്ടോ? പ്രാഥമികവിദ്യാഭ്യാസത്തിൻെറ തുടച്ചയായിരിക്കണമോ, സ്വതന്ത്രവും സ്വയംപൂർണ്ണവും ആയിരിക്കണമോ അപ്പർസെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസം! പി. എസ്. എസ്. സ്കീം മലബാറിൽക്കൂടി നടപ്പിലാക്കണമോ? നോൺടീച്ചിങ്ങ് സ്റ്റാഫിനും ഗവ: നേരിട്ടു ശമ്പളം കൊടുക്കണമോ? കൊടുക്കേണ്ടിവരികയാണെങ്കിൽ ഫീസുപിരിവിൻെറ 20 ശതമാനം മാനേജ്മെൻറിനു നൽകാൻ സാധിക്കുന്നതല്ല.

"ശല്യകരമായ ഒരു അവസ്ഥാവിശേഷമുണ്ട്. അതിനു ഗവർമ്മെൻറ് ഉത്തരവാദപ്പെട്ടതാണ്. അതു എനിക്കു അനുഭവപ്പെട്ടിട്ടുള്ളതാണ്. എന്നെപ്പോലെ അനുഭവിച്ച ആളുകൾ ചുരുക്കമായിരിക്കും. അദ്ധ്യാപകരും മാനേജ്മെൻറുമായുള്ള വേഴ്ചയിൽ പല വിഷമതകളുണ്ട്. ഞാൻ ഗവമ്മെൻറിൽ അംഗമായി ഒന്നരമാസത്തിനുള്ളിൽ കിട്ടിയിട്ടുള്ള 3000 പരാതികളിൽ 2000 ത്തിൽപ്പരവും മാനേജരന്മാർ നടത്തുന്ന സ്കൂളദ്ധ്യാപകന്മാരിൽനിന്നും കിട്ടിയിട്ടുള്ളതാണ്. മാനേജരന്മാർ നിവ്വഹിച്ചതും നിവ്വഹിക്കുന്നതുമായ മഹത്തായ സേവനത്തെ ഞാൻ അവഗണിക്കുന്നില്ല. യാഥാർത്ഥ്യങ്ങളേയും എനിക്കു അവഗണിക്കാൻ നിവൃത്തിയില്ല. മാനേജ്മെൻറ് സ്കൂൾഅദ്ധ്യാപകന്മാരുടെ പരാതികൾ കൈകാര്യം ചെയ്തു വിദ്യാഭ്യാസഡയറക്ടർക്കു് കിറുക്കുപിടിക്കാതിരിക്കുന്നതു് അത്ഭുതകരമാണ്. ഇതു് അത്യുക്തിയല്ല. 70,000 അദ്ധ്യാപകരിൽ 55,000 ത്തിൽപ്പരവും പരാതിക്കാരാകുന്ന കാലാവസ്ഥയ്ക്കു മൗലികമായ എന്തോ ന്യൂനതയുണ്ട്. ഇനി അതു് 65,000 ത്തിൽപ്പരമായി വർദ്ധിച്ചു് അവ ഒററയൊററയായി കൈകാര്യംചെയ്യാൻ വിടുന്നതു് അനുവദനീയമല്ല. ഗവമ്മെൻറ് എന്തു നിദ്ദേശം നൽകിയാലും ചില മാനേജരന്മാർ അനുസരിക്കാൻ തയാറില്ല. മനേജരന്മാരെപ്പററി പറയാൻ എനിക്കു ഭയമുണ്ട്. അവരിൽ ചിലർ മദ്ധ്യവേനൽ അവധിയാകുമ്പോൾ അദ്ധ്യാപകന്മാരെ പിരിച്ചുവിട്ട് നളചരിതത്തിലെ ദമയന്തിയെപ്പോലെ നിലകൊള്ളും. അവരുടെ മുമ്പിൽ സെക്രട്ടറിയും ഡയറക്ടറും ഡെപ്യൂട്ടിഡയറക്ടറും നിസ്സഹായരാണ്. എഡ്യൂക്കേഷനൽ കോഡിനും ഡിപ്പാർട്ടുമെൻറൽ കൺവൻഷനും നിയമപ്രാബല്യമില്ലെന്നു ഈ മാനേജരന്മാർ അധികാരികളുടെ മുഖത്തുനോക്കി പറയും. അതുകൊണ്ടു് കോഡിനും കൺവൻഷനും നിയമപ്രാബല്യം നൽകുന്നതോടുകൂടി ആവശ്യമായ പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു വിദ്യാഭ്യാസനിയമം ഉണ്ടാകേണ്ടതു ആവശ്യമായിത്തീന്നിരിക്കുന്നു. ഇതിൻെറ അർത്ഥം പ്രൈവററുസ്കൂൾ മാനേജ്മെൻറിനെ ആക്രമിക്കുകയല്ല. പൊതുജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളംകാലം പൊതുജനങ്ങൾ ആഗ്രഹിക്കുന്നവിധത്തിൽ പ്രൈവററ്ഏജൻസി വിദ്യാഭ്യാസരംഗത്തു സേവനം നിവ്വഹിക്കുകതന്നെവേണം. മാനേജ്മെൻറിൻെറ ന്യായമായ അവകാശങ്ങൾ അവഗണിച്ചു് എന്തെങ്കിലും നിയമനിമ്മാണം ചെയ്യണമെന്നു് ഗവമ്മെൻറിനു ഉദ്ദേശമില്ല. പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർക്കു പെൻഷൻ നൽകണമോ, പ്രോവിഡൻറ്ഫണ്ടു് ഏർപ്പെടുത്തണമോ രണ്ടുംകൂടി വേണമോ എന്നും നിർണ്ണയിക്കണം. ഇന്ത്യാ ഗവമ്മെൻറിൻെറ ഗ്രാൻറു കിട്ടത്തക്കവിധത്തിൽ അദ്ധ്യാപകന്മാരുടെ ശമ്പളം ക്രമവല്ക്കരിച്ചു വർദ്ധിപ്പിക്കണമോ? ഇതുസംബന്ധിച്ചു നിയമസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. പ്രസക്തമായ എല്ലാ പ്രശ്നങ്ങളെപ്പററിയും ചിന്തിച്ചു വ്യക്തമായ നിർദ്ദേശങ്ങൾ ചുരുക്കിപ്പറയുക."

മന്ത്രിയുടെ പ്രസംഗത്തിൽ ഒട്ടുവളരെ വിഷയങ്ങൾ ഞെക്കിക്കൊള്ളിച്ചിരിക്കുകയാണ്. വിദ്യാഭ്യാസരീതിയെ അലകും പിടിയുംമാറി ഒരു പുതിയ വ്യവസ്ഥിതിയിലെത്തിക്കുവാനുള്ള വ്യഗ്രതയാണ് അതിൽ നിഴലിച്ചുകാണുന്നതു്. വിദ്യാഭ്യാസം എത്രമാത്രം കരുതലോടും പരസ്പരധാരണയോടും മികച്ച വിദ്യാഭ്യാസപ്രവത്തകരുടെ ഏകയോഗമായ ചച്ചകളോടുംകൂടി കൈവയ്ക്കേണ്ട ഒരു രംഗമാണെന്നു ബ: മന്ത്രിയും അത്യുല്പതിഷ്ണുക്കളായ അദ്ദേഹത്തിൻെറ സഹപ്രവത്തകരും ചിന്തിക്കണമെന്നാണ് ഞങ്ങൾക്കു ഇത്തരുണത്തിൽ അനുസ്മരിപ്പിക്കുവാനുള്ളതു്. ഇവിടെ ഒരു വിദ്യാഭ്യാസകോഡുണ്ടായിരുന്നു. അതിനു വളരെയധികം താറുമാറാക്കപ്പെട്ടിരിക്കാം. ആരാണ് അതിനുത്തരവാദികൾ? നിയമസാധുത്വം അതിനു നൽകുവാൻ സ്വീകായ്യമായ മാർഗ്ഗങ്ങളില്ലേ? വിദ്യാഭ്യാസരംഗത്തു നിരർത്ഥകവും മുൻപിൻ നോക്കാത്തതുമായ സക്കലറുകളുടെ പ്രവാഹം തുടങ്ങിയിട്ട് ഇവിടെ കാലം കുറെ ആയിട്ടുണ്ടു്. പാവപ്പെട്ട മാനേജരന്മാർ ഇതികത്തവ്യതാമൂഢരാക്കപ്പെട്ടിരിക്കുകയാണ്. അതിനവരെ പഴിച്ചിട്ടു കായ്യമില്ല. അതുമൂലം അവക്കെതിരായി കുറെയേറെ പരാതികൾ ഫയൽചെയ്തതുകൊണ്ടും പുണ്യമില്ല. വിദ്യാഭ്യാസരംഗം ആരോഗ്യകരമായി പ്രവത്തിക്കുന്നതിനു സാധിക്കുന്ന ഒന്നാക്കിത്തീക്കണം. അതിനു സൗമനസ്യപൂവ്വകമായ സഹകരണമനോഭാവം ദീക്ഷിക്കപ്പെടണം. മൗലികതത്വങ്ങളും ആദശങ്ങളും അവകാശാധികാരങ്ങളും ആദരിക്കപ്പെടണം. അപ്പോഴാണ് അന്തരീക്ഷം തെളിയുന്നതും പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകുന്നതും. വിദ്യാഭ്യാസമന്ത്രി അവർകളുടെ പരിശ്രമങ്ങൾ ഈ മാർഗ്ഗത്തിൽ പുരോഗമിക്കട്ടെയെന്നു ഞങ്ങൾ ആശംസിക്കുന്നു.

## "പപ്പായ്ക്കു് എൻെറ വലിയ ചുംബനം"

(ഫാദർ തോമസ് മണക്കാട്ട്)

ഒരു ഇരുപതു കൊല്ലങ്ങൾക്കു മുമ്പ് നടന്ന ഹൃദയസ്പൃക്കായ സംഭവമാണു് എൻെറ ഈ ലേഖനത്തിൻെറ ഉള്ളടക്കം. അന്നു് സ്പെയിൻ രാജ്യം ആഭ്യന്തരകലഹംകൊണ്ടു് നട്ടംതിരിയുകയായിരുന്നു. വിശുദ്ധന്മാരുടെ പിള്ളത്തൊട്ടിയെന്നു് പേരും പെരുമയും നേടിയ ആ മഹത്തായ രാജ്യത്തിൻെറ ഒരു ദുർഭഗഘട്ടമായിരുന്നു അതു്. കമ്മ്യൂണിസ്റ്റ് ചാരന്മാരുടെ അവിശ്രമപരിശ്രമഫലമായി സ്പെയിനിലെ ഒരു ജനവിഭാഗം കമ്മ്യൂണിസ്റ്റ് കെണിയിൽപെട്ടു. അവർ ദൈവത്തിനും സ്വരാജ്യത്തിനും എതിരായി കലഹം അഴിച്ചുവിട്ടു. അവരുടെ സഹായത്തിനു് ആളും പണവും റഷ്യയിൽനിന്നും സ്പെയിനിലേക്കു് ഒഴുകി. രാജ്യമെങ്ങും വിപ്ലവത്തിൻെറ ചോരക്കൊടി പാറിപ്പറന്നു. രാജ്യത്തിൻെറ ഭരണകൂടംപോലും ചഞ്ചലമായി എങ്കിലും കരുണാവാരിധിയായ ദൈവം സ്പെയിൻ രാജ്യത്തെ കൈവെടിഞ്ഞില്ല. നൂററാണ്ടുകളായി ആ രാജ്യവാസികളിൽ ഉറഞ്ഞുകിടന്നിരുന്ന മതചൈതന്യം പെട്ടെന്നു് ഉണന്നു വശായി. ദൈവത്തിനും രാജ്യത്തിനുംവേണ്ടി വീരശൂരന്മാരായ അനേകായിരം യുവജനങ്ങൾ അരയും തലയും മുറുക്കി അണിനിരന്നു് രംഗപ്രവേശം ചെയ്തു. കൊള്ളയും കൊള്ളിവെയ്പ്പിനും തയ്യാറായി റഷ്യൻ കൊടിക്കീഴിൽ തടിച്ചുകൂടിയ ജനവിഭാഗത്തോടു് അവർ ഏററുമുട്ടി. അന്നത്തെ അവരുടെ വീരനേതാവാണ്—കമ്മ്യൂണിസ്റ്റുകാരെ ഒന്നടങ്കം അടിച്ചമത്തിയ ധീരനായകനാണ്—ഇന്നു് സ്പെയിൻ രാജ്യത്തെ ഭരിച്ചുകൊണ്ടിരിക്കുന്ന ലോകപ്രസിദ്ധനായ ജനറൽ ഫ്രാങ്കോ. അദ്ദേഹത്തിൻെറ സേനാനായകന്മാരിൽ ഒരാളായ കർണൽ മൊസ്കാഡോ അന്നു് മാഡ്റിഡിൽനിന്നും 50 മൈൽ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന റെറാളിഡോ പ്രോവിൻസിൻെറ മിലിററി ഗവർണർ ആയിരുന്നു. അവിടെയായിരുന്നു സ്പെയിനിലെ പ്രധാന സൈനിക പരിശീലന കേന്ദ്രമായ അൽക്കാസർകോട്ട സ്ഥിതിചെയ്തിരുന്നതു്. കമ്മ്യൂണിസ്റ്റ് കക്ഷിയുടെ പ്രധാനമായ ഉദ്ദേശം ആ കോട്ട കൈവശപ്പെടുത്താനായിരുന്നു. അതു ഗ്രഹിച്ച മൊസ്കാഡോ തൻെറ സവ്വശക്തിയുമുപയോഗിച്ചു് അതിനെ എതിക്കുവാൻ തയ്യാറായി. ഏററവും ബലവത്തായ ഒരു കോട്ടയായിരുന്നു അതു്. ഭൂനിരപ്പിനു താഴെ മൂന്നുനാലു നിലകളുള്ള രക്ഷാസങ്കേതങ്ങൾ അവിടെ സുലഭമായിരുന്നു. അതിനാൽ കുറെ ദിവസത്തേക്കെങ്കിലും ശത്രുക്കളോടു ചെറുത്തുനിൽക്കാമെന്നു് അവർ ധൈര്യപ്പെട്ടു. അങ്ങിനെ 1100 ഭടന്മാരും 700-ൽ പരം അഭയാത്ഥികളും ആ കോട്ടയിൽ അഭയംതേടി.

ശക്തരായ ശത്രുഗണം സമരം ആരംഭിക്കുന്നതിനു മുമ്പ് ദേശീയകക്ഷിനേതാവായ മൊസ്കാഡോയ്ക്കു് ഒരു മുന്നറിവു നൽകി. ഏററവും ഭീകരവും ഹൃദയഭേദകവുമായിരുന്നു ആ മുന്നറിയിപ്പ്. അതിൻെറ വിശദരൂപം താഴെ ചേക്കുന്നു.

ജനറൽ മൊസ്കാഡോ! ഇതാ ഞങ്ങൾ 10 മിനിററു് സമയം താങ്കൾക്കു തരുന്നു. അതിനകം താങ്കളും സൈന്യവും അഭയാത്ഥികളും ഞങ്ങൾക്കു് നിരുപാധികം കീഴടങ്ങിക്കൊള്ളണം. അല്ലാത്തപക്ഷം സമരത്തിൻെറ ആദ്യപടിയായി ഞങ്ങളുടെ ബന്ധനത്തിലിരിക്കുന്ന നിങ്ങളുടെ പ്രിയപുത്രൻ ലൂയിസിനെ ഞങ്ങൾ വെടിവച്ചു കൊല്ലുന്നതായിരിക്കും. ഈ പ്രഖ്യാപനത്തിൻെറ പരമാത്ഥം നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി നിങ്ങളുടെ പ്രിയപുത്രൻ ലൂയിസ് തന്നെ ഇപ്പോൾ നിങ്ങളെ ഫോണിൽ വിളിക്കുന്നതാണ്. അരമിനിട്ടു കഴിയുന്നതിനു മുമ്പു തന്നെ ലൂയിസ് പ്രിയപിതാവിനെ ഫോണിൽ വിളിച്ചു:

"പപ്പാ!"

പിതാവു്: "മകനെ, ലൂയിസ് എന്താണ് കാര്യം."

പുത്രൻ: "ഒന്നുമില്ല പപ്പാ! ഇവർ എന്നോടു പറയുകയാണ്. അൽക്കാസർകോട്ട പപ്പാ ഇവർക്കു വിട്ടൊഴിഞ്ഞു കൊടുത്തില്ലെങ്കിൽ എന്നെ കൊന്നുകളയുമെന്നു്."

പിതൃസ്നേഹം നിറഞ്ഞ ആ കുരുന്നുകുഞ്ഞിൻെറ കുയിൽനാദം ആ ധീരനായ പിതാവിൻെറ ഹൃദയത്തെ ആകെ ഒന്നുലച്ചു. എങ്കിലും ഉടൻതന്നെ ധൈര്യം അവലംബിച്ചു് പുത്രനോടു പറഞ്ഞു: "മകനെ; എൻെറ കൺമണി! നിൻെറ ആപൽഘട്ടം ഞാൻകാണുന്നു. നീ ധൈര്യം അവലംബിക്കുക. നിന്നെത്തന്നെ നീ ദൈവത്തിനു സമപ്പിക്കുക. മാതൃരാജ്യത്തിനുവേണ്ടി ത്യാഗം സഹിക്കുക. ക്രിസ്തുരാജൻ വാഴട്ടെ! സ്പെയിൻ രാജ്യം ജയിക്കട്ടെ! എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു നീ വീരമരണം കൈവരിക്കുക."

ധീരനായ പിതാവിൻെറ ധീരമായ മറുപടി ലഭിച്ച ക്ഷണത്തിൽ ഉപരിധീരനായ പുത്രൻ "പപ്പായ്ക്കു് എൻെറ വലിയ ചുംബനം" എന്നു് ഉച്ചൈസ്തരം ഉൽഘോഷിച്ചു.

പിതാവു്: "മകനെ, നിനക്കു് എൻെറ അകമഴിഞ്ഞ ആശ്ലേഷവും ചൂടേറിയ ചുംബനവും"

ഈ മാതൃകാപിതാവും പുത്രനും ലോകത്തിൻെറ ആദർശദീപങ്ങളായി വിരാജിക്കട്ടെ!!

(കാത്തലിക്ക് ഡൈജസ്റ്റിൽ നിന്നും സമാഹരിച്ചതു്.)

### അടുത്തയാഴ്ചയിൽ

മേയ്

23 വ്യാ: വി. ഫിദേലിസ് സിഗ്മറിംഗ്

24 വെ: ക്രിസ്ത്യാനികളുടെ സഹായമായ മറിയം

25 ശ: വി. ഗ്രിഗോരിയോസ്

26 ഞാ: ഉയിപ്പ് 5-ാം ഞായർ

27 തി: വി. മറിയം മഗ്ദലേന ദെപാസി

28 ചൊ: വി. മക്കോസ്

29 ബു: വി. ക്ലേത്തോസും മാർസെലീനോസും



ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ (സോപ്പുവക്ക്സ്, തൃശ്ശൂർ)

കൽക്കത്താ നിങ്ങളെ വിളിക്കുന്നു !

പ്രേഷിതതൃഷ്ണാന്തിയാൽ പ്രജ്വലിക്കുന്ന യുവത്തിടമ്പുകളെ വരുവിൻ !

ഈശോസഭയുടെ വിരസ്ഥാനങ്ങളായി കൽക്കത്താ മിഷ്യനിൽ പ്രേഷിതവൃത്തി നടത്തുവാൻ വെമ്പൽകൊള്ളുന്ന യുവസൂനങ്ങൾക്കു് ഒരു സുവർണ്ണാവസരം.

സ്കൂൾഫൈനലെങ്കിലും പ്രശസ്തമായി ജയിച്ചിട്ടുണ്ടെങ്കിൽ, അഥവാ ഇക്കൊല്ലം ജയിക്കുമെന്നു പ്രതീക്ഷയുണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ഉടൻ അപേക്ഷിക്കുക :

Very Rev. Fr. Vice-Provincial,
32 Park Street, Calcutta-13



## ഇടവകവാർത്തകൾ

**കിളിയന്തറ:** വി. ഡോൺ ബോസ്കോയുടെ നാമധേയത്തിലുള്ള, കിളിയന്തറ കത്തോലിക്കാ യുവജനസേവാസമിതിയുടേയും, സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന നിർമ്മലാ റീഡിംഗ് റൂം ആൻറ് റിക്രിയേഷൻ ക്ലബിൻേറയും, പ്രഥമവാർഷികം ഇക്കഴിഞ്ഞ മേയ് 5-ാംനു- സാഘോഷം കൊണ്ടാടപ്പെട്ടു. സമിതിയംഗങ്ങളുടെ പൊതുയോഗത്തിൽ അടുത്ത ഒരു വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ഉണ്ടായി. വാർഷികദിനത്തിൽ, അംഗങ്ങളുടെ പൊതു ദിവ്യകാരുണ്യസ്വീകരണവും, സോഷ്യലും ഉണ്ടായിരുന്നുവെന്നുള്ളതു് പ്രത്യേകംപ്രസ്താവ്യമാണു്.

**മേവെള്ളൂർ:** സ്ഥലത്തെ മരിയസഖ്യത്തിൻെറ വാർഷികം മേയ് 18-ാംനു- ശനിയാഴ്ച സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടി. ശ്രീ ടി. ജെ. പോൾ ബി. എ. പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾക്കു പുറമേ ഏകാങ്കങ്ങളും "വേലക്കാരൻ" എന്ന പ്രഹസനവും അഭിനയിക്കപ്പെട്ടു.

**തോടനാൽ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മിഷ്യൻലീഗ് സൺഡേ സ്കൂൾ മുതലായവയുടെ സംയുക്തവാർഷികമഹാമഹം ഏപ്രിൽമാസം 28-ാംനു- 2 മണിക്കു് റവ. ഫാദർ ജോർജ്ജ് മുളംകാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ബ്രദർ പി. സി അബ്രാഹം, ഒരു പ്രസംഗം നടത്തി. തുടർന്നു പുന്നൂസു് തൊട്ടുകയിൽ, "ചാരിത്രദേവത" എന്ന കഥയെ ആസ്പദമാക്കി ഒരു കഥാപ്രസംഗം നടത്തുകയും ചെയ്തു.

**ചാലിൽ:** ചാലിൽപ്പള്ളിയിൽസ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ 20-ാമതു വാർഷികം മേയ് 12-ാംനു- ഞായറാഴ്ച വൈകുന്നേരം റവ. ആൻറണി ഇടത്രക്കരി അവർകളുടെ അദ്ധ്യക്ഷതയിൽ സമംഗളം നടന്നിരിക്കുന്നു. തദവസരത്തിൽ റവ. തോമസ് പുതിയവെളിയിൽ, ബ്രദർ ആൻറണി പുത്തൻകരി, കുമാരിമാരായ മേരിക്കുട്ടി വണ്ടളത്തുകരി, അന്നക്കുട്ടി ഇടത്തിച്ചിറ എന്നിവർ പ്രസംഗിച്ചു.

**ളാക്കൂർ:** തിരുവനന്തപുരം അതിരൂപതയിൽ ളാക്കൂർ പുതുതായി പണികഴിപ്പിച്ചിരിക്കുന്ന പള്ളിയുടെ കൂദാശാകർമ്മം തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസു് തിരുമനസ്സുകൊണ്ടു്, ഏപ്രിൽമാസം 28-ാം തീയതി ഞായറാഴ്ച അനേകം വൈദികരുടെ സഹകരണത്തിലും, നിരവധി ആളുകളുടെ സാന്നിദ്ധ്യത്തിലും നടത്തിയിരിക്കുന്നു. തലേദിവസം സ്ഥലത്തു ആഗതനായ അതിവന്ദ്യതിരുമേനിക്കു ജനങ്ങൾ ആഘോഷമായ സ്വീകരണം നൽകി. പിറേറദിവസം വന്ദ്യതിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബാനയും ഉണ്ടായിരുന്നു.

**മുത്തോലി:** എം. സി. എസ്. എൽ. ൻെറ ആഭിമുഖ്യത്തിൽ മുത്തോലി സെൻറു് ആൻറണീസ് ഹൈസ്കൂളിൽ നടന്നുകൊണ്ടിരുന്ന നേതൃത്വപരിശീലനക്യാമ്പിൻെറ ഉൽഘാടനം മേയ് 6-ാംനു- 4 മണിക്കു് ശ്രീ ജോർജ് മാത്യു എം. എ. ബി എൽ. നിർവ്വഹിച്ചു. രാവിലെ അഞ്ചരമണിക്കുണർന്നു് 6 മണിക്കു് ദിവ്യബലിയോടുകൂടി ആരംഭിച്ചു ക്യാമ്പുപ്രോഗ്രാം രാത്രി കലാപരിപാടികൾക്കുശേഷം പത്തരമണിയോടുകൂടി അവസാനിച്ചിരുന്നു. ക്യാമ്പുപരിപാടികളിൽ പ്രാധാന്യമർഹിക്കുന്നതു് ഇവിടെ നടന്ന 9 ചർച്ചാക്ലാസുകളാണു്. ഫാദർ വില്യം, ഫാദർ കോൺസ്റ്റൻറയിൻ, ശ്രീ ജോർജ്ജ് മാത്യു എം. എ. ബി. എൽ, ശ്രീ ഇ. പി. ഐസക്കു് ബി. എ. എൽ. റി. എന്നിവരാണു് ക്ലാസ്സുകൾ നയിച്ചതു്. കായികപരിശീലനം, പ്രസംഗപരിശീലനം, കലാപരിശീലനം എന്നിവയും വളരെ പ്രയോജനകരവും രസകരവും ആയ ചടങ്ങുകളായിരുന്നു. ലീഡർഷിപ്പു കോഴ്സിൻെറ സമാപനസമ്മേളനം വിദ്യാർത്ഥിനേതാക്കന്മാരുടെ പരിപൂർണ്ണചുമതലയിൽ മേയ് 10-ാംനു- വെള്ളിയാഴ്ച നടന്നു. ശ്രീ സി. സി. കുട്ടിയച്ചൻ (മുത്തോലി) അദ്ധ്യക്ഷതവഹിച്ചു. മെ. മാത്യു വക്കി (കലയന്താനി), കെ. ബി. അലക്സാണ്ടർ (പാലാ). ജോയി ചെറിയാൻ (തേവര), എൻ. എക്സ്. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. വി എം. ചാക്കോ (അരുവിത്തുറ) ക്യാമ്പുറിപ്പോർട്ടുംവി. ഒ. ദേവസ്യാ (ആലപ്പുഴ) ചർച്ചാറിപ്പോർട്ടും വായിച്ചു. "ഭാരതപുനസംവിധാനത്തിൽ കത്തോലിക്കാവിദ്യാർത്ഥികൾ വഹിക്കേണ്ട പങ്കു്" എന്നതായിരുന്നു ചർച്ചാവിഷയം. 25 സ്കൂളുകളിൽ നിന്നും പ്രതിനിധികൾ ക്യാമ്പിൽ സംബന്ധിച്ചിരുന്നു.

**നസ്രത്തു്:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു് വിൻസെൻറു ഡി പോൾ സൊസൈററിയുടെ 4-ാമതു വാർഷികം മേയ് 5-ാംനു- ഞായറാഴ്ച സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. സമ്മേളനത്തിൽ റവ. ഡോക്ടർ പി. എ. പീററർ ഡി. ഡി. ജെ. യു. ഡി. അദ്ധ്യക്ഷതവഹിച്ചു ബ്രദർ എം. എം. മാത്യു ബി. എ. ബി. എൽ., കുമാരി പി. ജെ. ട്രീസ ബി. എ. ബി. ടി. എന്നിവർ പ്രസംഗിച്ചു. കലാപ്രകടനങ്ങളും, നൃത്തങ്ങളും, സെൻറു് മേരീസു് കലാനിലയത്തിൻെറ ഗാനങ്ങളും ഉണ്ടായിരുന്നു.

**പൊന്നമ്പു്:** ഈ പള്ളിയിലെ വിശുദ്ധ ഗീവർഗീസു് സഹദായുടെ തിരുനാൾ മേയ് 7, 8 എന്നീ തീയതികളിൽ അത്യാഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു.

**തെക്കാട്ടുശ്ശേരി:** അഖിലകേരളഅവശകത്തോലിക്കാ മഹാജനസഭയുടെ സ്ഥലം 68-ാംനമ്പ്ര് ശാഖയുടെ വാർഷികം മേയ് 12-ാംനു- ഞായറാഴ്ച വൈകുന്നേരം തെക്കാട്ടുശ്ശേരി ഹൈസ്കൂൾ ഹാളിൽവെച്ചു റവ. ഫാ. ഐസക്കു് പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. സഭയുടെ കഴിഞ്ഞ കൊല്ലത്തെ നേട്ടങ്ങളെ ക്രോഡീകരിച്ചു സിക്രട്ടറി റിപ്പോർട്ടു സമർപ്പിച്ചു. ശ്രീമാന്മാരായ പി. സി. പോൾ, ഇ. വി. ആൻഡ്രൂസ് എന്നിവർ പ്രസംഗിച്ചു. മീററിങ്ങിനെ തുടർന്നു രണ്ടു ലഘുനാടകങ്ങളും വളരെ ഭംഗിയായി അഭിനയിക്കുകയുണ്ടായി.

**ഉദയംപേരൂർ:** ഈ ഇടവക (നടുവിലെ വീട്ടിൽ) മാണിക്കനാംപറമ്പിൽ വറുഗീസിൻെറ പുത്രൻ ശ്രീമാൻ ജോസഫ് ബി. ഏ ബി. എല്ലും ഇരിഞ്ഞാലക്കുട ശ്രീ പാമ്പി ലോനപ്പൻെറ പുത്രി കുമാരി സിസ്സിലിയാ അലീസു് ബി. ഏ. യും തമ്മിലുള്ള വിവാഹം മേയ് 13-ാംനു- തിങ്കളാഴ്ച സമംഗളം നടന്നിരിക്കുന്നു. വിവാഹകർമ്മം ആശീർവ്വദിച്ചതു് റവ ഫാദർ മാത്യു കല്ലറയ്ക്കൽകടവിൽ അവർകളാണു്.

**ഇരിഞ്ഞാലക്കുട:** ഫാത്തിമാബാലസംഘത്തിൻെറ ആഭിമുഖ്യത്തിൽ ബാലദിനം ഇവിടെ വിപുലങ്ങളായ പരിപാടികളോടുകൂടി നടന്നിരിക്കുന്നു. പ്രാരംഭമായി 3 ദിവസത്തെ കുട്ടികളുടെ ധ്യാനമുണ്ടായിരുന്നു. റവ. ഫാദർ ജോൺ മാളേക്കൽ ധ്യാനിപ്പിച്ചു. ബാലദിനത്തിൽ കുട്ടികളുടെ പൊതു ദിവ്യ കാരുണ്യസ്വീകരണം, ആദ്യകുർബാനസ്വീകരണം മുതലായവ നടത്തി. 8-30നു് ഫാത്തിമാബാലസംഘത്തിൻെറ പതാക റവ. ഫാദർ ജോസഫ് പുളിക്കൽ ഉയർത്തി. ഉച്ചതിരിഞ്ഞു് ഒരു ഘോഷയാത്രയും അതിൻെറ അവസാനത്തിൽ പൊതുസമ്മേളനവും ഉണ്ടായിരുന്നു, എസ്. തേർമാം എം. ഒ. എൽ. അദ്ധ്യക്ഷതവഹിച്ചു. "ത്യാഗത്തിൻെറ വേദിയിൽ" എന്ന നാടകവും അഭിനയിക്കപ്പെട്ടു.

മേയ് 13-ാംതീയതി മാതാവു് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിൻെറ 40-ാം വാർഷികം ഫാത്തിമാബാലസംഘത്തിൻെറ ആഭിമുഖ്യത്തിൽ ആഘോഷിക്കപ്പെട്ടു. ഫാത്തിമാ ബാലസംഘത്തിൻെറ കേന്ദ്രമായ ദൈവപരിപാലനാഭവനത്തിൽ പുതിയ അൾത്താര തൃശ്ശൂർമെത്രാൻ വെഞ്ചരിച്ചു റവ. ഫാദർ ജോസഫ് കണ്ടുകുളം ഫാത്തിമാസന്ദേശത്തെപ്പററി പ്രസംഗിച്ചു.

—ഠ—

## ചരമവാർത്ത

**കവീക്കുന്നു്:** കളിക്കാട്ടിലായ മുളുപാറക്കുന്നേൽ ചാക്കോ മത്തായി ഏപ്രിൽ 19-ാംതീയതി 36-ാമത്തെ വയസ്സിൽ മരണമടഞ്ഞിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ റവ. ഫാദർ ജോബ് പള്ളിപ്പാലം അവർകളുടെ കാർമ്മികത്വത്തിൽ കവീക്കുന്നുപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

R. I. P.

ആദ്ധ്യാത്മികവീഥി

## ദൈവവിളി—കുടുംബം

ദൈവത്തിൻെറ വത്സലമക്കളേ,

ജോസിൻെറ ആദ്യകുർബാന കൈക്കൊള്ളുപ്പാടു കഴിഞ്ഞിട്ടു രണ്ടു മൂന്നു മാസമേ ആയിട്ടുള്ളുവെങ്കിലും അവനൊരു വൈദികനാകണമെന്നു ആഗ്രഹമുണ്ടെന്നു കേട്ടപ്പോൾ അമ്മയ്ക്കു വലിയ സന്തോഷമായി. അവനെ അതിനു പ്രോത്സാഹിപ്പിക്കണമെന്നുതന്നെ അവൾ നിശ്ചയിച്ചു.

"എടാ ജോസേ, ലിസ്സി പറഞ്ഞതു നേരാണോ? നീ ഒരച്ചനാകാൻ പോകയാണോ?" അമ്മ ചോദിച്ചു

"ചേച്ചിക്കു കന്യാസ്ത്രീയാകാമെങ്കിൽ എനിക്കു് അച്ചനാകാൻ പാടില്ലേ?"

"പാടില്ലെന്നാരും പറഞ്ഞില്ലല്ലോ. നീ കളിപറഞ്ഞതാണോ അതോ കാര്യമായിട്ടു പറഞ്ഞതാണോ?"

"കാര്യമായിട്ടുതന്നെ പറഞ്ഞതാണു്."

"എന്നാൽ ഞാനൊന്നു നോക്കട്ടെ നിന്നെ അച്ചനാക്കാൻ കൊള്ളാമോ എന്നു്. അച്ചന്മാർക്കു ആശയടക്കാൻ അറിയാമായിരിക്കണം, നിന്നെക്കൊണ്ടു അതു സാധിക്കുമോ?"

"സാധിക്കും. സംശയമുണ്ടെങ്കിൽ അമ്മ ഒന്നു പരീക്ഷിച്ചുനോക്കിക്കോ"

"കൊള്ളാം. ആദ്യംതന്നെ നിൻെറ കുട്ടതിൻ ഒന്നു നിറുത്താമോ?"

"ഇതാ നിറുത്തിയിരിക്കുന്നു. ഇനി അമ്മ എടുത്തുതന്നല്ലാതെ പഴമോ പലഹാരമോ ഒന്നും തിന്നാൻ ഞാൻ കരുതീട്ടില്ല. മറിച്ചുചെയ്യാൻ എനിക്കു എത്ര ആഗ്രഹം തോന്നിയാലും ഉണ്ണി ഈശോയെക്കുറിച്ചു ഞാൻ ആശയടക്കും."

"അങ്ങനെ നിശ്ചയിച്ചിരിക്കയാണെങ്കിൽ ഒരു കാര്യം ചെയ്യണം. നീ നാളെ വി. കുർബാനയിൽ ഈശോയെ കൈക്കൊള്ളുമ്പോൾ ആശയടക്കാനുള്ള ശക്തി തരാൻ പ്രാർത്ഥിക്കണം. എന്നാലേ നിന്നെക്കൊണ്ടു അതു സാധിക്കയുള്ളു."

പിറേറദിവസം പള്ളിയിൽ നിന്നു തിരിച്ചുവന്നപ്പോൾ അമ്മ ചോദിച്ചു: "നിന്നോടു ഞാൻ ഇന്നലെ പറഞ്ഞതുപോലെ നീ പ്രാർത്ഥിച്ചോ?"

"പ്രാർത്ഥിച്ചു. അതു മാത്രമല്ല, എന്നെ ഒരച്ചനാക്കണമെന്നും ഞാൻ ഈശോയോടു പറഞ്ഞിട്ടുണ്ടു്."

"ഒരാഴ്ചകഴിഞ്ഞു് ജോസു് അമ്മയോടു ചോദിച്ചു: "ഈ ആഴ്ച ഞാൻ വല്ലതും കുട്ടതിന്നോ?"

---

വിശുദ്ധ പത്താം പീയൂസിൻെറ അനുഗ്രഹത്താൽ എൻെറ അമ്മയുടെ സുഖക്കേടു് ഭേദമായതിനു ഉപകാരസ്മരണ.

Mrs Elachar Joseph
എടത്തുരുത്തി

---


"ഇല്ല മോനേ. ഈശോയാണു കുഞ്ഞിനു അതിനുള്ള ശക്തി തന്നതു്. ഇനി അപേക്ഷിച്ചാൽ അടുത്തയാഴ്ചത്തേക്കും ശക്തി കിട്ടും."

"ഞാനപേക്ഷിക്കാം. ഇനി ശനിയാഴ്ചതോറും ചേച്ചിയെപ്പോലെ മാതാവിനെക്കുറിച്ചു് മീനും മോരും കൂട്ടാതെ ഇരുന്നുകൊള്ളട്ടെ?"


"നിനക്കാഗ്രഹമുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. നീ അച്ചനാകാൻ മാതാവും സഹായിക്കും."

ചെറുപ്പത്തിലെ നല്ല പ്രോത്സാഹനം നൽകിയാൽ കുട്ടികൾ ഉദാരമായി ത്യാഗമനുഷ്ഠിക്കുന്നതു കാണാം. അങ്ങനെ അവരുടെ ദൈവവിളി സുരക്ഷിതമായി വളരുകയും ചെയ്യും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.



ആലുവായിൽ ശ്രീ ജോസഫ് കൈമാപറമ്പൻെറ സഹോദരി സിസിലിയും ഉദയമ്പേരൂർ കല്ലറയ്ക്കൽ കണ്ണേത്തു മി. കെ. എം. സേവ്യർ ബി. എ. യും തമ്മിലുള്ള വിവാഹം ഉദയമ്പേരൂർ പുത്തൻപള്ളിയിൽവച്ചു് മേയ് 8-ാം തീയതി നടന്നിരിക്കുന്നു. റവ. ഫാദർ കുരിയാക്കോസ് കോട്ടൂർ വിവാഹകർമ്മം ആശീർവ്വദിച്ചു. തൽസംബന്ധമായി വധൂഗൃഹത്തിൽ നടന്ന തേയിലസൽക്കാരത്തിൽ മി. കെ. പി. ഉറുമീസ് ബി. എ. ബി. എൽ. ടോസ്റ്റു പറയുകയും വരൻ സമുചിതമായി കൃതജ്ഞത പ്രകാശിപ്പിക്കയുംചെയ്തു.



# ചെറുകഥ

## നെടുവീർപ്പുകൾ

(പൊൻകുന്നം തോമസ്)

IV

പിറേറ ദിവസം ആരോ മുററത്തു വന്നുനിന്നു ചുമയ്ക്കുന്ന ശബ്ദം കേട്ടുകൊണ്ടാണ് അമ്മിണി ഉണന്നതു്. പ്രഭാതം അതിൻെറ സകലവിധ ആഡംബരങ്ങളോടുംകൂടി വന്നെത്തിക്കഴിഞ്ഞിരുന്നു. കിളക്കുജികളുടെ ഇമ്പകരമായ ഗാനങ്ങളും ഓമനബാലകരുടെ വസന്തഗീതങ്ങളും, മനോജ്ഞമായ മലർനിരകളും ആ പുലരിയെ മനോഹരമാക്കിക്കൊണ്ടിരുന്നു.

അവൾ തെല്ലു പരിഭ്രമത്തോടെ കണ്ണുകൾ തിരുമ്മി മാത്തൻചേട്ടൻ കിടന്നിരുന്ന കട്ടിലിലേക്കു നോക്കി. പക്ഷെ അയാളെ അവിടെങ്ങും കണ്ടില്ല. അവളുടെ ഉള്ളിൽ ഒരു ഞെട്ടലുണ്ടാകാതിരുന്നില്ല. ഇത്ര രാവിലെ അപ്പൻ എവിടെപ്പോയിരിക്കും. എന്നും നേരം വെളുത്തുവരുമ്പോൾ ഒരു കോപ്പ കട്ടൻകാപ്പി ഉള്ളിൽചെന്നെങ്കിലേ മാത്തനു് കട്ടിലിൽനിന്നും എഴുന്നേൽക്കാൻപോലും തോന്നുകയുള്ളു. ഒരു പക്ഷെ എന്തെങ്കിലും അത്യാവശ്യത്തിൻെറ പേരിൽ അയൽവക്കത്തോട്ടെങ്ങാനും പോയതായിരിക്കും. അവൾ സ്വയം സമാധാനം കണ്ടെത്താൻ ശ്രമിച്ചു. വീണ്ടും മുററത്തുനിന്നും ഷ്സീട്ടുചവിട്ടുന്ന ഒരു ശബ്ദം. ശെടാ. അതാരായിരിക്കും! അവൾ ചിന്തിച്ചു.

ഓലമറയ്ക്കിടയിലൂടെ അവൾ വെളിയിലേക്കു കണ്ണുകളോടിച്ചു. മുററത്തിൻെറ അരികിലായി വിദൂരതയിലേക്കു കണ്ണുകളോടിച്ചുകൊണ്ടു് അപരിചിതനായ ഒരു ചെറുപ്പക്കാരൻ നിൽക്കുന്നു. വെള്ളലിനൻമുണ്ടും വോയിൽ ഷർട്ടും കറുത്ത ഷൂസും സ്വർണ്ണമുത്തുമാലയും അയാൾക്കു നന്നേ ചേരും. കൈയിൽ ഭാരം തോന്നിക്കുന്ന ഒരു ബാഗുമുണ്ടു്. ഇടയ്ക്കിടെ വാച്ചിലേക്കുനോക്കി സമയമെന്തായെന്നു പരിശോധിക്കുന്നുമുണ്ടു്...അമ്മിണിക്കു് അയാളെ ഒട്ടും മനസ്സിലായില്ല. ഒരു കണ്ടുപരിചയം പോലുമില്ല. ഏതോ അജ്ഞാതനായ ഒരു മനുഷ്യൻ! അവൾ മുടിയൊതുക്കികെട്ടി ധൈര്യപൂർവ്വം ഇറയത്തേക്കു ഇറങ്ങിനിന്നു.

"ഉം......എന്താവന്നതു്?" അമ്മിണിയുടെ കിളിയൊച്ചകേട്ടാണു് അയാൾ തിരിഞ്ഞുനോക്കിയതു്. അമ്മിണിയെ അയാൾ സൂക്ഷിച്ചുനോക്കിയെങ്കിലും ഒന്നും സംസാരിച്ചില്ല.

"എന്തിനാ വന്നതെന്നു്?" അവളല്പംകൂടി ഗൗരവത്തിൽ ചോദിച്ചു.

"ഓ...ഒന്നുമില്ല. എനിക്കു വിട്ടുപിശകിപ്പോയതാ ...ക്ഷമിക്കണം".

"എവിടേന്നു വരുന്നതാ?"

"കുറച്ചുകലെനിന്നും വരുവാ. എൻെറയൊരു ബന്ധുവീടു് ഇവിടെയെങ്ങോ ഉണ്ടു്. ഇപ്പഴവരെ ഒക്കെ എവിടാണെന്നു് എനിക്കറിയത്തില്ല. ഞാൻ കൊച്ചുന്നാളിലോ മറേറാ ഒന്നു വന്നിട്ടുള്ളതേ ഉള്ളു." ആഗതൻ സംശയപൂർവ്വം പറഞ്ഞു.

"വീട്ടുപേരു്?."

"ഓർക്കുന്നില്ല."


"എങ്കിലും"

"ഞാറുവാലിൽ എന്നോമറേറാ ആണു്." അയാൾ സിഗരററുപാക്കററിൽനിന്നും ഒരു സിഗരററെടുത്തു കത്തിച്ചു.

"അങ്ങനൊരു വീട്ടുപേരു് ഇവിടെങ്ങും ഉള്ളതായി എനിക്കറിയത്തില്ല. മററുവല്ല കരയിലുമായിരിക്കും."

"അല്ല......ഇവിടെത്തന്നെയാണെന്നാ എൻെറയോമ്മ. ഏതായാലും ഈ കരയ്ക്കും ഗ്രാമത്തിനും നാടിനുമൊക്കെ വളരെ മാററങ്ങൾ വന്നിട്ടുണ്ടു്."

"നിങ്ങളിപ്പം ഏതു നാട്ടിലാ?" അമ്മിണി ജിജ്ഞാസയോടെ മുററത്തേക്കിറങ്ങിച്ചെന്നു.



കഥാകൃത്തു്

"ഞാനന്നു പോയതു് മലബാറിനാ. അവിടൊരു തോട്ടത്തിൽ നാലുകൊല്ലം ജോലിനോക്കി. എന്നിട്ടു കുറച്ചു പണം കിട്ടിയതുംകൊണ്ടു് ഞാനും എൻെറയൊരു കൂട്ടുകാരനുംകൂടി തോട്ടത്തിലെ ജോലിയും കളഞ്ഞേച്ചു് മൈസൂറിനു പോയി. ഇപ്പം ഞങ്ങൾ രണ്ടും ബോംബെയിലെ ഒരു കമ്പനിയിൽ ജോലിയിലാ. ഇവിടന്നു പോയിട്ടു പത്തുപതിന്നാലു കൊല്ലമായി."

"അതെന്നാ അങ്ങു പൊയ്ക്കളഞ്ഞതു്.?"

"ഈ നാട്ടിൽ ഒരു തരത്തിലും ജീവിക്കാൻ നിവൃത്തിയില്ലാഞ്ഞു്."

"ശൊ...കഷ്ടം. നിങ്ങൾക്കു അപ്പനുമമ്മേം ഒന്നുമില്ലാരുന്നോ?"

"ഉണ്ടാരുന്നു. ഞാനിവിടന്നു് ഒളിച്ചുപോയതല്ലെ. അന്നു് അപ്പനും, അമ്മയും, ഒരു കൊച്ചുപെങ്ങളുമുണ്ടാരുന്നു. അവളന്നു് മുലകുടിക്കുന്ന പ്രായമാരുന്നു. അപ്പനു് എന്നോടു വല്യ വഴക്കാരുന്നു. മൂക്കററം കുടിയും കഴിഞ്ഞേച്ചു് എന്നേം അമ്മേം എന്നും വന്നിടിക്കും. അങ്ങനെ ഞാൻ സഹികെട്ടപ്പം ഒരിക്കലൊരു പോക്കുവച്ചുകൊടുത്തു. അതിൽപിന്നെ മിനിഞ്ഞാന്നാ ഈ നാട്ടിൽ കാലുകുത്തുന്നതു്." വെളുത്ത പുകച്ചുരുളുകൾ അന്തരീക്ഷത്തിലേക്കു ഉയരുന്നതു നോക്കിക്കൊണ്ടു് അവൻ പറഞ്ഞു.

"എന്നിട്ടവരൊക്കെ എന്ത്യേ?"

"ആ....എനിക്കറിയത്തില്ല. ഒണ്ടോന്നുപോലുമറിയത്തില്ല. അന്നു ഞങ്ങള് താമസിച്ചിരുന്നതു് ഒരുതോട്ടിൻെറ കരയ്ക്കാരുന്നു. ഞാനിന്നലെ അവിടെച്ചെന്നു നോക്കിയിട്ടു് വീടും കൂട്ടമൊന്നും കണ്ടില്ല. പുരയിരുന്ന സ്ഥാനത്തുപോലും കുറെകരിമ്പു് നട്ടിട്ടുണ്ടു്."

"ഒരു പക്ഷെ അവരെല്ലാം വിറേറച്ചു് വല്ലടത്തോട്ടും പോയിരിക്കും."

"ആർക്കറിയാം. എനിക്കവരെയൊക്കെ ഒന്നു കണ്ടാൽകൊള്ളാമെന്നുണ്ടാരുന്നു; ആ അമ്മച്ചിയെയെങ്കിലും. എത്ര കാലമായി അവരെയൊക്കെ കണ്ടിട്ടു്. ഏതായാലും ഒന്നുകൂടി അന്വേഷിക്കട്ടെ. ഞാൻ പോകുവാ" അയാൾ നടക്കാൻ ഭാവിച്ചു. പ്രഭാതരശ്മികൾ അയാളുടെ മുത്തുമാലയിലെ കാശ്രൂപത്തിലും, സ്വർണ്ണവാച്ചിലുംതട്ടി പ്രതിഫലിച്ചു.

"ഇത്തിരിക്കൂടെകഴിഞ്ഞിട്ടുപോകാം. അപ്പനിങ്ങോട്ടു വരട്ടെ. നിങ്ങടെ വീടുമൊക്കെ എവിടെയാണെന്നു് അറിയാൻ കഴിഞ്ഞെങ്കിൽ! ആട്ടെ ഇങ്ങോട്ടു കേറിയിരി. ഞാൻ കാപ്പിവേണേൽ അനത്തിത്തരാം" അവൾ ഇറയത്തേക്കുകയറി.

"ഓ, ഒന്നുംവേണ്ട സഹോദരി. ഞാനിപ്പം കാപ്പി കുടിച്ചതേയുള്ളു. ആ റോഡുവരെ ഞാനൊന്നു പോയേച്ചുവരാം. എൻെറ കൂട്ടുകാരൻ അവിടെ കാത്തിരിപ്പുണ്ടു്."

"എന്നാച്ചെല്ലു്." അമ്മിണി അയാൾ പോയവഴിയേതന്നെ നോക്കിനിന്നു; തെങ്ങുകളുടേയും മരങ്ങളുടേയും മറവിലൂടെ അയാൾ ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ.

അവൾക്കു ആ അപരിചിതനെപ്പററി ഏതോ ചില സംശയങ്ങൾ തോന്നാതിരുന്നില്ല. ഒരുപക്ഷെ വല്ല കള്ളനോ, കൊലയാളിയോ, വേഷംമാറി വന്നിരിക്കുകയല്ലെന്നു് ആരറിഞ്ഞു എങ്കിലും അയാളുടെ മുഖത്തു ഒരു കലയും നിഷ്ക്കളങ്കതയും ഉള്ളതായി അവൾക്കുതോന്നി. അവൾ അടുക്കളയിലേക്കു പോയി.

കുറേക്കഴിഞ്ഞപ്പോൾ മാത്തൻചേട്ടൻ എങ്ങോ പോയശേഷം തിരിച്ചുവന്നു. അയാളുടെ കണ്ണുകൾ കോപംകൊണ്ടു ചുവക്കുന്നതും, വികാരങ്ങൾക്കു മൂച്ചുകൂടിയതും പാവം അമ്മിണി അറിഞ്ഞതേയില്ല.

"എടി അമ്മിണി" അയാൾ ഇറയത്തുനിന്നുതന്നെ അവളെ ഗൗരവത്തിൽ വിളിച്ചു.

"എന്നാപ്പാ" അമ്മിണി വിളികേട്ടുകൊണ്ടു് ഇറയത്തേക്കു വന്നു. "ആങ്ഹാ അപ്പൻ; അപ്പാ! ഇതെവിടെപ്പോയതാരുന്നു, ഇത്ര രാവിലെ. ഞാനങ്ങു പേടിച്ചുപോയി."

"ച്ഛീ, ചൂലേ! മിണ്ടാതടി" അമ്മിണി നടുങ്ങിപ്പോയി മാത്തൻെറ ആ സ്വരം കേട്ടപ്പോൾ. "എടീ! അതാരാടി, ആ തെങ്ങിൻതോട്ടത്തിൽക്കൂടെ ഒളിച്ചും പാത്തും പോയതു്; ങ്ഹേ?." അയാൾനിന്നു കലിതുള്ളുകയാണു്.

"എൻെറപ്പാ! ഞാനറികേല. ഏങ്ങാണ്ടത്തുകാരനൊരുത്തൻ ..." അരുണിമയുള്ള അവളുടെ അധരങ്ങൾ ഭയംകൊണ്ടു ചലിച്ചു.

"നിനക്കയാളെ അറിയത്തില്ല അല്ലേ?"

"എനിക്കറിയത്തില്ല; ഞാൻ കണ്ടിട്ടുപോലുമില്ല."

തീപാറുന്ന മാത്തൻെറ കണ്ണുകളിലേക്കു ദയനീയമായി നോക്കി പറഞ്ഞുകൊണ്ടു് അവൾ ഓലമറയോടു ചേർന്നുനിന്നു. വാസ്തവത്തിൽ അവൾക്കു അത്ഭുതവും ഭയവും ഹാസവും സന്ദേഹവുമെല്ലാം ഒരു നിമിഷത്തിലുണ്ടായി മാത്തൻെറ ചോദ്യം കേട്ടപ്പോൾ.

"എടി നായേ! ഇതൊന്നും ഞാനറിഞ്ഞില്ലെന്നും കേട്ടില്ലെന്നുമാ നീ വിചാരിച്ചതു്. ങ്ഹേ... എടീ, കുടുംബത്തിനു പാരവെക്കാൻ പൊറന്നോളേ! നിൻെറ ശൃംഗാരം ഞാനിന്നു നിറുത്തിയേക്കാമെടീ. ഞാനോർത്തു നീയെൻെറ മോളാ, പാവമാ, നിഷ്ക്കളങ്കയാ, ചക്കരയാ, പിരപ്പെട്ടിയ്ക്കായാ എന്നൊക്കെ. അമ്പടി കള്ളി! നിന്നെ ഞാൻ......!" അയാൾ അലറിക്കൊണ്ടു് അമ്മിണിയുടെ തലമുടിക്കുത്തിനു കയറിപ്പിടിച്ചു് നിലത്തേക്കു് ഒരു തള്ളുകൊടുത്തു. ഒരു ചുള്ളിക്കെട്ടുപോലെ അവൾ തറയിലേക്കു വീണു. പാവം അമ്മിണി! യാതൊന്നും അറിയാത്ത അമ്മിണി! എന്നാൽ മാത്തൻനിന്നലറുകയാണു്; ഉച്ചത്തിൽ എന്തോ പറയുകയും.

"എൻെറപ്പാ! ഞാനൊന്നും ചെയ്തില്ലേ...എനിക്കൊന്നു മറിയത്തില്ലേ....എൻെറമ്മച്ചിയേ....എന്നെ രക്ഷിക്കണേ....എൻെറ മാതാവേ!" അവളുടെ ദയനീയമായ നിലവിളി ആ ഗ്രാമാന്തരീക്ഷത്തിൽ മുഖരിതമായി. കോപംകൊണ്ടു മതിമറന്ന മാത്തൻ അവളെ തിണ്ണയിൽനിന്നും തള്ളി മുററത്തുക്കൂടെ വലിച്ചുകൊണ്ടുപോയി. ഒരു ലതപോലെ അവൾ അയാളുടെ കൈകളിലിരുന്നു ഞെരുങ്ങി. മുററത്തിൻെറ ഒരുകിൽക്കിടന്നു അവൾ ദീനദീനം കരഞ്ഞെങ്കിലും, കേണപേക്ഷിച്ചെങ്കിലും മാത്തൻ തൻെറ നിലതന്നെ മറന്നുപോയതുപോലെ നില്ക്കുന്നു.

"എടി ശവമേ! അതാരാടി താഴെക്കൂടെ ഇപ്പം പോയതെന്നു്. എടി നായേ! അതാ പുന്നൻെറ വീട്ടിലെ റൈട്ടുമാത്തുക്കുട്ടി, ഞാനില്ലാത്ത തക്കംനോക്കി ശൃംഗരിക്കാൻ വന്നതല്ലേടി. എടി......" അയാൾ തിണ്ണയിൽക്കിടന്ന ഒരു കാപ്പിക്കമ്പെടുക്കാനായിപാഞ്ഞു. അവിടെങ്ങും ആക്രന്ദനങ്ങളുടേയും പൊട്ടിക്കരച്ചിലുകളുടേയും സ്വരം ഏകകാലത്തു മുഖരിതമായി.

ആരോ ചിലരെല്ലാം ബഹളവും കരച്ചിലുംകേട്ടു് ഓടിവരികയും മാത്തൻെറ കൈയിലിരുന്ന കമ്പു് തട്ടിദൂരെക്കളയുകയുംചെയ്തു.

"ഇവളെ ഞാൻ കൊല്ലും...... ങ്ഹും ......" അയാൾ വീണ്ടുമലറി. വന്നവരെല്ലാം അന്തിച്ചുപോയി. അമ്മിണി മുററത്തു കമിഴ്ന്നുകിടന്നു കരയുകയാണു്, ഒരു കൊച്ചുകുട്ടിയെപ്പോലെ.

ചാക്കോച്ചനും, കറമ്പിയേലിയും ഈ ബഹളമെല്ലാം കേട്ടു ഓടിക്കിതച്ചുവന്നു. ചാക്കോച്ചൻ മാത്തനെ ഒന്നു പിടിച്ചുമാററിയില്ലായിരുന്നുവെങ്കിൽ അയാൾ അമ്മിണിയെ ഒരിടികൊണ്ടു കൊന്നേനെ.

"അയാളെ പിടിച്ചു കെട്ടടാ... അതിയാനു കിറുക്കാ" ആരോ വിളിച്ചുപറഞ്ഞു. അലറുകയും, ഓടിനടക്കുകയും, നിലത്തുകിടക്കുന്ന അമ്മിണിയെ അടിക്കുകയും ചവിട്ടുകയും ചെയ്തുകൊണ്ടിരുന്ന മാത്തനെ ആളുകൾ ഞൊടിയിടകൊണ്ടു പിടിച്ചു്, കൈകൾ കെട്ടി, ഒരു മുളക്കൻ തെങ്ങിൽ ബന്ധിച്ചു. എന്നിട്ടും അയാളുടെ നാവും ശരീരവും പ്രവർത്തിച്ചുകൊണ്ടിരുന്നു.

കറമ്പിയേലിയും, കത്രിച്ചേടത്തിയുംകൂടി, മണ്ണിൽ തളർന്നുകിടന്ന അമ്മിണിയെ താങ്ങിപ്പിടിച്ചെഴുന്നേല്പിച്ചു. അവളുടെ നിറഞ്ഞുതുളുമ്പുന്ന നയനങ്ങൾ ചെന്താമരനിറമാന്നും, കവിളുകളിൽ മുറിവണിഞ്ഞും, ദേഹമെല്ലാം പച്ചമണ്ണു പുരണ്ടും, മുടിക്കെട്ടു് അഴിഞ്ഞുലഞ്ഞും ആകെ പ്രാകൃതമായി കാണപ്പെട്ടു. മരച്ചില്ലകൾക്കിടയിൽക്കൂടി അരിച്ചിറങ്ങുന്ന ബാലകിരണങ്ങൾ പതിഞ്ഞപ്പോൾ, അമ്മിണിയുടെ കാതിപ്പൂക്കളും, അവളുടെ കപോലങ്ങളിൽ പാറിനിന്ന കണ്ണുനീർകണങ്ങളും, മാത്തൻെറ നെററിയിലെ വിയർപ്പുതുള്ളികളും ഒരേസമയത്തു മിന്നുങ്ങി.

കറമ്പിയേലിയും കത്രിച്ചേടത്തിയുംകൂടി അവളെ തിണ്ണയിൽ കൊണ്ടുപോയി കിടത്തി, ചെളിയും മണ്ണും തുത്തുകളഞ്ഞു; വെള്ളമൊഴിച്ചു് മുഖവും കൈകളും കഴുകി. ഒറോത അവളുടെ സമൃദ്ധമായ മുടികെട്ടിവച്ചു. അച്ചാമ്മ ഒരു പാളമുറികൊണ്ടു് വീശി.

അമ്മിണി ഈ ഞൊടിയിടകൊണ്ടു സംഭവിച്ചതെല്ലാം ഗദ്ഗദത്തോടെ വിവരിച്ചുപറഞ്ഞു. കുശുമ്പിയായ കറമ്പിയേലി ഉള്ളിൽ ചിരിക്കുകയും, മാത്തൻ അരിശംകൊണ്ടു് പല്ലിറുമ്മുകയും ചെയ്തു. അമ്മിണിയുടെ നെടുവീർപ്പുകൾക്കു കൂട്ടുനിന്നതു് നിശ്ശബ്ദമായ നിമിഷങ്ങൾമാത്രം.

"ശൊ! അതു കൊള്ളാം" ചാക്കോച്ചൻ അത്ഭുതത്തോടെ പറഞ്ഞു.

"ഉം. എന്താ?" കത്രിച്ചേടത്തി ചാക്കോച്ചനെ നോക്കി.

"അയാളെ ഞാനിച്ചിരി മുമ്പ


## വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ

അന്നൊരിക്കൽ ക്രിസ്തുനാഥൻ മത്തായിയോടു പറഞ്ഞു: "Follow me." ഇരുപതാം നൂററാണ്ടിലെ മത്തായിയും പത്രോസും തോമ്മായും ആകുവാൻ ആയിരങ്ങളോടു് അവിടുന്നു അതേ ആഹ്വാനംതന്നെ ആവർത്തിക്കുന്നുണ്ടു്. വൈദികനാകുവാൻ ദിവ്യനാഥൻെറ ആമന്ത്രണം നിങ്ങൾ ശ്രവിക്കുന്നുണ്ടോ? എങ്കിൽ വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ ഇക്കൊല്ലവും നിങ്ങളെ സ്വാഗതം ചെയ്യുന്നു. സ്കൂൾഫൈനൽക്ലാസിൽ നല്ല മാർക്കുകളോടെ പാസ്സായവരും പാസ്സാകുമെന്നു പ്രതീക്ഷിക്കുന്നവരും ഉടനെതന്നെ എഴുതുക:

Rector, St. Vincent's Petit Seminary, Ankamaly P. O





കൃഷ്ണൻനായരുടെ ചായക്കടയിൽ വച്ചു കണ്ടതാ. ഏതോ സാധു വഴിപോക്കൻ. ഇവിടെക്കേറിവന്നതു് വഴിചോദിക്കാനാരിക്കും."

"അതാ ശരി." ഒററക്കണ്ണൻ അപ്രേൻ അഭിപ്രായപ്പെട്ടു. അഞ്ചാറു സെക്കൻറുകൾകൂടി ശബ്ദരഹിതമായി കടന്നുപോയി.

ആരോ രണ്ടു പേർ ഈ ബഹളങ്ങളൊന്നുമറിയാതെ അവിടേക്കു കയറിവന്നു. മാത്തൻചേട്ടൻ ആ തെങ്ങിൻചുവട്ടിൽ കണ്ണുമടച്ചു് മിണ്ടാതങ്ങനെ കഴിയുകയായിരുന്നു. അമ്മിണി ആഗതരിൽ ഒരാളെ പെട്ടെന്നു തിരിച്ചറിഞ്ഞു. പക്ഷെ അവളൊന്നു ചിരിക്കുകപോലും ചെയ്തില്ല. ആ പരിസരങ്ങളിലും വീട്ടിനുള്ളിലും അത്രയും പേർ കൂടി നില്ക്കുന്നതും, അമ്മിണിയെ വീശിക്കൊണ്ടിരിക്കുന്നതും കണ്ടപ്പോൾ ആ അപരിചിതക്കു പരിഭ്രമവും, സന്ദേഹവുമുണ്ടാകാതിരുന്നില്ല. "ഇതെന്തുപററി" ആഗതരിൽ ഒരാൾ ചാക്കോച്ചനോടു ചോദിച്ചു. പക്ഷെ ചാക്കോച്ചൻ ഒന്നും പറഞ്ഞില്ല. അമ്മിണിയുടെ നെടുനിശ്വാസം മാത്രം ഉയന്നു കേൾക്കപ്പെട്ടു.

"ഞാനിത്തിരി മുൻപേ ഇവിടെ വന്നപ്പം ഈ ബഹളവും കുഴപ്പങ്ങളുമൊന്നുമില്ലാരുന്നല്ലോ."

അയാൾ അമ്മിണിയുടെ സമീപത്തേക്കു ജിജ്ഞാസയോടെ നീങ്ങിനിന്നു. മാത്തൻചേട്ടൻ പെട്ടെന്നു കണ്ണുതുറന്നു. അയാൾ ആ അപരിചിതരെ പലതവണ സൂക്ഷിച്ചുനോക്കി. ഏതോ മുഖപരിചയംപോലെ അയാൾക്കൊരു തോന്നൽ. മാഞ്ഞുമറഞ്ഞുപോയ വർഷങ്ങൾക്കു മുൻപുള്ള ഒരു പരിചയം. അയാൾ കണ്ണുകൾ തുടച്ചുകൊണ്ടു് വീണ്ടും ആ പുതിയ മനുഷ്യരിൽ ഒരാളെ സൂക്ഷിച്ചുനോക്കി. ലിനൻമുണ്ടും, വോയിൽഷർട്ടും, ഷൂസും, സ്വർണ്ണവാച്ചുമുള്ള ആ ചെറുപ്പക്കാരനെ മാത്തൻചേട്ടനല്ലാതെ മററാർക്കും മനസ്സിലായില്ല.

"എന്റെമ്മിണീ!.......എന്റെ പൊന്നുമോളേ!" മാത്തന്റെ ഹൃദയംപൊട്ടിയുള്ള ആ വിളി സകലപശ്ചാത്താപത്തിന്റേയുംകൂടിയുള്ള ആ[illegible]കത്തുകയായിരുന്നു. അയാൾ കണ്ണുപൊത്തിക്കരയുവാൻ തുടങ്ങി. ആ കൈകളിലെ കെട്ടുകൾ പൊട്ടിക്കുവാൻ അയാൾ ശ്രമിച്ചെങ്കിലും, ദയയില്ലാത്ത "മുപ്പിരി"ക്കയറുകൾ അയാൾക്കു വഴങ്ങിക്കൊടുത്തില്ല. ആ യുവാവു് മാത്തന്റെ സമീപത്തേക്കു ധൃതിയിൽ ചെന്നു. അതാ! ആ പിതാവിന്റെ കരൾക്കെട്ടുകൾ ഉരുകിവരുന്ന കണ്ണുനീർത്തുള്ളികൾ ചാലുകളായി ബഹിർഗമിക്കാൻ തുടങ്ങുന്നു.

"എന്റെ പൊന്നുമോനേ ...!" അയാൾക്കതു പൂരിപ്പിക്കുവാൻ കഴിഞ്ഞില്ല. ഗദ്ഗദംകൊണ്ടു് ശബ്ദം പതറിപ്പോയി. ഒരുകാലത്തു് വജ്രഹൃദയനും, ക്ഷിപ്രകോപിയും, കുടിയനുമായിരുന്ന ആ പഴയ "പിടമാത്തൻ" തന്റെ സ്നേഹമില്ലായ്മയും ചിത്തപ്രവൃത്തികളും കാരണം ഒളിച്ചുപോയ തന്റെ ഓമനപ്പുത്രന്റെ കണ്ണുകളിലേക്കു തന്നെ നോക്കി. അയാളുടെ കണ്ണുകളിലും ഹൃദയത്തിലും തിങ്ങിനിന്നിരുന്ന മൂടൽമഞ്ഞു്, യാഥാർത്ഥ്യത്തിനും പവിത്രസ്നേഹത്തിനും വഴിമാറിക്കൊടുത്തു. ചാക്കോച്ചൻ അയാളുടെ കെട്ടുകൾ അഴിച്ചുകളഞ്ഞു. അമ്മിണി അവരുടെ അടുത്തേക്കു ഓടിച്ചെന്നു. അവൾ അവരെ അത്ഭുതപാരവശ്യത്തോടെ മാറിമാറിനോക്കി. മാത്തൻചേട്ടന്റെ മുഖച്ഛായതന്നെ അവൾ ആ യുവാവിൽ കണ്ടു. അമ്മിണി അവളുടെ ഏകസഹോദരനെ കെട്ടിപ്പിടിച്ചു. അവളുടെ ദേഹത്തെ വേദനകളെല്ലാം പാടെ നീങ്ങിയതുപോലെ അവൾക്കു തോന്നി.

ആ മൂന്നു ഹൃദയങ്ങൾ ഒരേനിമിഷത്തിൽ തുടിച്ചു. അവരുടെ നാഡിസ്പന്ദനങ്ങളിൽ സ്നേഹത്തിന്റെ കുളിർവീചികൾ ലയിച്ചിരുന്നു. മററുള്ളവർ ഈ കാഴ്ചകണ്ടു സ്തംഭിച്ചുനിന്നു.

തോമ്മാച്ചൻ അന്നു വീട്ടിൽനിന്നും ഒളിച്ചുപോകുമ്പോൾ കണ്ട ആ തന്റേടിയായ പിടമാത്തനെയല്ല ഇപ്പോൾ തന്റെ കൺമുമ്പിൽ കാണുന്നതു്. മെലിഞ്ഞു്, കണ്ണുകുഴിഞ്ഞു്, കവിളൊട്ടി, മുടിമുഴുവൻ നരച്ചു്, താടിമീശയും വളത്തി, പ്രായാധിക്യത്താൽ ക്ഷീണിതനായ ഒരു വയസ്സനെയാണു്. അന്നത്തെ ആ തന്റേടവും, തടിമിടുക്കുമൊക്കെ ഇന്നെവിടെ പോയി? കാലം അവ അപഹരിച്ചതോ, അതോ മനഃപൂർവ്വം ഒളിച്ചുവച്ചതോ? തന്റെ അപ്പനു് ഇത്രമാത്രം ശാരീരികമാനസ്സികവ്യതിയാനങ്ങൾ സംഭവിക്കുമെന്നു് അയാൾ സ്വപ്നത്തിൽപ്പോലും ഊഹിച്ചിരുന്നില്ല.

മാത്തൻചേട്ടൻ, ഇറയത്തു തളന്നവശയായിക്കിടന്ന ആ പെൺകൊടിയെ "അമ്മിണീ" എന്നു വിളിച്ചപ്പോഴാണു് തോമ്മാച്ചനറിയുക, അവൾ അന്നു താൻ പോകുമ്പോൾ ഒരു കൈക്കുഞ്ഞുമാത്രമായിരുന്ന—കുറച്ചുമുമ്പേ കുശലപ്രശ്നങ്ങൾക്കുശേഷം കാപ്പിയനത്തിത്തരാമെന്നുപറഞ്ഞ— സ്നേഹമയിയായ സ്വന്തം കുഞ്ഞനുജത്തിയായിരുന്നെന്നു്. ഹൊ! അവൾക്കിന്നു എന്തു മാററം സംഭവിച്ചിരിക്കുന്നു! അന്നത്തെ കൈക്കുഞ്ഞിന്റെ സ്ഥാനത്തു് അഴകും മിഴിവും ആരോഗ്യവുമുള്ള ഒരു വല്യമ്മിണി! അയാൾ നെടുതായൊന്നു നിശ്വസിച്ചു.

അവിടെ കൂടിയിരുന്നവരെല്ലാം കഥകളെല്ലാം കേട്ടപ്പോൾ അത്ഭുതത്തോടെ പരസ്പരം നോക്കി. അപ്രതീക്ഷിതമായി വന്നുകൂടിയ സംഭവങ്ങളേയും, സന്ദേഹഫലങ്ങളേയും, തോമ്മാച്ചന്റെ തിരിച്ചുവരവിനെയും പററി വളരെനേരം സംസാരിക്കുകയും ആ കുടുംബത്തിന്റെ ഭാഗ്യോദയത്തെ പുകഴ്ത്തുകയും ചെയ്തു...എങ്കിലും മുററത്തരികിൽ നിന്ന കുശുമ്പിയേലി മാത്രം മൂകയായിരുന്നു. ഒരുപക്ഷെ അസൂയ അവളുടെ നാക്കു് താഴേക്കു വലിച്ചിറക്കിയതായിരിക്കും.

ആളുകളെല്ലാം ഹൃദയാഹ്ലാദത്തോടെ തിരിച്ചുപോയി. ആ പ്രശാന്തമായ ഗ്രാമമുഖവിലെങ്ങും ഒരു പുതിയ മംഗളവാർത്ത പരന്നു. കുരുവികളും മാടത്തകളും പാട്ടുപാടുകയും, ദലമമ്മരങ്ങൾ അതിനു താളം പിടിക്കുകയും ചെയ്തു.

ശോശാമ്മയുടെ മരണത്തിന്റെയും, രോഗത്തിന്റെയും, അന്ത്യയാത്രചോദിക്കലിന്റെയും, ആ രാത്രിയിലത്തെ പേമാരിയുടേയും കൊടുങ്കാററിന്റെയുമെല്ലാം കഥകൾ തോമ്മാച്ചൻ കണ്ണുനീർ പ്രവാഹത്തോടെ അമ്മിണിയിൽനിന്നു ശ്രവിച്ചു. അവർ പഴയ കഥകളും അനന്തരജീവിതങ്ങളുമെല്ലാം പറഞ്ഞുകൊണ്ടിരുന്നപ്പോൾ മാത്തൻചേട്ടൻ മൗനം ദീക്ഷിച്ചതേയുള്ളു.

അന്നവർക്കു് സ്മരണകളും, കോരിത്തരിപ്പുകളും ഹൃദയാനന്ദവും കലന്ന ഒരു പുതിയ ജീവിതത്തിന്റെ ആരംഭമായിരുന്നു. അതെ! സ്നേഹം പുതുക്കലിന്റെ ഒരുത്സവം. അന്നു നേരം വെളുക്കുന്നതുവരെയും, ആ പെണ്ണുങ്ങളും ആണുങ്ങളും അപ്പനും തോമ്മാച്ചന്റെ സുമുഖനായ കൂട്ടുകാരനും നൂറുനൂറുകാര്യങ്ങളെപ്പററി പറയുകയും, ചിരിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഏറിയ നാളായി ജീവനില്ലാതിരുന്ന ആ കുടിലിനും തണുത്തുറഞ്ഞ അന്തരീക്ഷത്തിനും ഒരുണർവുണ്ടായതുപോലെ തോന്നി. പയ്യത്തെ വേലിയിലും പ്ലാവിലുമിരുന്നു് രാപ്പാടികൾ ആനന്ദഭരിതരായി ശബ്ദിച്ചു.

തോമ്മാച്ചനും അമ്മിണിയും അതിരാവിലെതന്നെ ശോശാമ്മ അന്ത്യവിശ്രമം കൊള്ളുന്ന ആ കുഴിമാടത്തുങ്കൽ വേദനയോലുന്ന ഹൃദയത്തുടിപ്പുകളോടെ ഏറെനേരം കഴിച്ചുകൂട്ടി. നിറം മങ്ങിത്തുടങ്ങിയ ആ മണ്ണിൽ ആ ഓമനമക്കൾ പലപ്രാവശ്യം ചുംബിച്ചു. സ്നേഹം നിറഞ്ഞ ആ അമ്മ ആ പാഴ്മണ്ണിനടിയിൽകിടന്നു് ഒരുപക്ഷെ ഹൃദയം കുളുക്കെ സന്തോഷിക്കുന്നുണ്ടാവും. ആ നെടുവീർപ്പുകളിൽ പ്രതീക്ഷകളുടേയും ആനന്ദത്തിന്റെയും മധുരിമ ലയിച്ചിട്ടുണ്ടാവണം...

അമ്മിണി പണ്ടു നാട്ടിവച്ച ആ റോസച്ചെടിയിൽ വിടരാറായ രണ്ടു പൂമൊട്ടുകൾ പ്രഭാതത്തിന്റെ കുളിരുമേററു്, വെൺമഞ്ഞാകുന്ന ഒരു നേരിയ ശിരോവസ്ത്രവുമണിഞ്ഞു്, ലജ്ജാവതികളായ നവവധുക്കളെപ്പോലെ നിന്നിരുന്നു.

× × ×

തോമ്മാച്ചൻ വാങ്ങിയ ഇരുപതു സെൻറു സ്ഥലത്തിന്റെ നടുക്കായി മൂന്നു മുറികളും, മൂന്നു വരാന്തകളും നെടിയ ഇറയവുമുള്ള ഒരു പുതിയ ഓടിട്ട കെട്ടിടം രണ്ടുമാസങ്ങൾക്കകം രൂപം പ്രാപിച്ചു. ആ കൊച്ചുമുററത്തു് പൂച്ചെടികൾ നട്ടുപിടിപ്പിക്കുകയും വെള്ള പൂശിയ മുറിയുടെ ഭിത്തികളിൽ വിശുദ്ധന്മാരുടെ രൂപങ്ങൾകൊണ്ടലങ്കരിക്കുകയും ചെയ്തു.

നീലക്കല്ലുകളുള്ള പുതിയ കാതിപ്പൂക്കളും, പൊൻവളകളും, ജോർജിയററു് സാരിയും, ചുവന്ന ബ്ളൗസും ധരിച്ചപ്പോൾ അമ്മിണി ജീവനുള്ള ഒരു മഴവില്ലുപോലെ ശോഭിച്ചു. സൗന്ദര്യവതിയായ തന്റെ പുന്നാരമകളുടെ നിഷ്കളങ്കമായ മുഖകമലം ദശിച്ചപ്പോൾ മാത്തൻചേട്ടൻ അകമഴിഞ്ഞാനന്ദിച്ചു.

മനോഹരമായ ആ വസന്തകാലത്തിലെ ഒരു തിങ്കളാഴ്ച രാവിലെ അടുത്തുള്ള ഇടവകപ്പള്ളിയിലെ വികാരിയുടെ മുൻപാകെവച്ചു്, "വിധിപ്രകാരം" അമ്മിണിയുടെ കുളിർകണ്ഠത്തിൽ പാപ്പച്ചൻ—തോമ്മാച്ചന്റെ പിരിയാത്ത, സുമുഖനും സുശീലനുമായ ആ കൂട്ടുകാരൻ—ഒരു സ്വർണ്ണമിന്നു ചാത്തി.

ആ മംഗളകൃത്യം കണ്ടു്, അടുത്തുള്ള ശ്മശാനത്തിലെ കുഴിമാടത്തിൽകിടന്നു് ഒരു മാതൃഹൃദയം അതിരററ ആനന്ദവായ്പോടെ നെടുവീർപ്പിട്ടുകാണണം.

(ശുഭം)




# മനഃശാസ്ത്രം എന്തുപറയുന്നു?

(അപ്രേം പുതുശേരി)

നമുക്കറിയാം കല്ലു്, മണ്ണു്, വായു, വെള്ളം ഇവയ്ക്കും അസ്തിത്വമുണ്ടെന്നു്. അവയെപ്പോലെ മനുഷ്യനുമുണ്ടു് അസ്തിത്വം. കാരണം മനുഷ്യനും ഒരു വസ്തുവാണു്. വള്ളികളും സസ്യങ്ങളും ചെടികളും വൃക്ഷങ്ങളും ജീവിക്കുന്നു. അവ വളരുന്നു. അവയും ഉല്പാദിപ്പിക്കുന്നു. ഇവയും മനുഷ്യനും തമ്മിൽ സാമ്യമുണ്ടു്. കാരണം നാമും അവയെപ്പോലെ ജീവിക്കുന്നു. ജന്തുസാമാന്യമായ പഞ്ചേന്ദ്രിയങ്ങളും എല്ലാ മനുഷ്യർക്കുമുണ്ടു്. അതുകൊണ്ടു് മനുഷ്യർക്കു ബാഹ്യലോകമായി സമ്പർക്കംപുലത്താം. എന്നാൽ ഇവയുടെയെല്ലാം ഒരാകത്തുകയാണോ മനുഷ്യൻ?

അങ്ങനെയെന്നു പറയുന്നവരുണ്ടു്. അവരാരാണു്? ആധുനികലോകത്തിൽ അവരിൽ പ്രധാനപ്പെട്ടവർ "വൈരുദ്ധ്യാത്മക ഭൗതികവാദികൾ" (Dialectical Materialists) ഇവരാണു് ഇന്നത്തെ വലിയ വിപത്തു്. കമ്മ്യൂണിസം. എന്താണു് ഈ അബദ്ധസിദ്ധാന്തം? അന്ധമായ ഒരു ശക്തിയുണ്ടു്. അതിന്റെ നിരന്തരപ്രവത്തനംമൂലം ഈ ഭൗതികവസ്തുക്കൾ സദാ പുരോഗമനത്തിലേക്കു പരിവത്തനം ചെയ്തുകൊണ്ടിരിക്കുന്നു. വ്യക്തികളും കുടുംബങ്ങളും സമുദായങ്ങളും ഈ പരിവത്തനത്തിനധീനമാണു്. മനുഷ്യൻ ആത്മശരീരങ്ങളുടെ സങ്കരമല്ല. അവനു അനശ്വരമായ ആത്മാവില്ല. ആത്മീയമായ യാതൊന്നും ലോകത്തിലില്ലെങ്കിൽ, മനുഷ്യൻ ഇരുകാലിമൃഗമായി തരംതാഴുന്നു. തന്മൂലം മനുഷ്യനു പ്രകൃതിദത്തമായ അവകാശങ്ങളൊന്നുമില്ല. ഇങ്ങനെയെല്ലാമാണെങ്കിൽ ഈശ്വരൻ ഇല്ല. മതം വേണ്ട. ഇങ്ങനെ കമ്മ്യൂണിസ്റ്റുസിദ്ധാന്തപ്രകാരം മനുഷ്യൻ മേല്പറഞ്ഞ വസ്തുക്കളുടെയെല്ലാം ഒരാകത്തുകയാകുന്നു.

എന്നാൽ അങ്ങനെയല്ല. ഒരിക്കലുമല്ല. വസ്തുക്കൾക്കും മൃഗങ്ങൾക്കുമില്ലാത്ത എന്തോ ഒന്നു മനുഷ്യനുണ്ടു്. അതാണു് മനുഷ്യനെ മനുഷ്യനാക്കിത്തീക്കുന്നതു്. അതു അവനുമാത്രമായിട്ടുള്ളതാണു്. അതാണു് മനുഷ്യത്വം. മനുഷ്യസ്വഭാവം (Human nature) എല്ലാവരിലും ഒന്നാണു്. അവൻ എവിടെ ജീവിച്ചുകൊള്ളട്ടെ എങ്ങനെ ജീവിച്ചുകൊള്ളട്ടെ മനുഷ്യനെ മനുഷ്യനാക്കിത്തീക്കുന്നതു എന്താണു്? അവന്റെ ബുദ്ധിയും മനസ്സും (intellect and will). അവകൾ ചിന്തിക്കുന്നതിനും മനസ്സാകുന്നതിനുമുള്ള അവന്റെ കഴിവുകളാണു്. തന്മൂലം ഇന്ദ്രിയവിജ്ഞാനത്തെ കവച്ചുവയ്ക്കുന്ന ചിന്തകൾ ഉല്പാദിപ്പിക്കുവാൻ മനുഷ്യനു കഴിയും. കാരണങ്ങൾ അന്വേഷിക്കുന്നു. വസ്തുക്കൾക്കു തമ്മിലുള്ള പരസ്പരബന്ധം ഗ്രഹിക്കുവാൻ കഴിയുന്നു. കൂടാതെ മനുഷ്യനു സ്വാതന്ത്ര്യവുമുണ്ടു്. അതുകൊണ്ടു് അവനു ചിന്തിക്കാം, മനസ്സാകാം, തിരിഞ്ഞെടുക്കാം.

പ്രകൃതിയിലെ പ്രവത്തനങ്ങളെ മനുഷ്യൻ ദശിക്കുന്നു. ഭൂമി സൂര്യനെ ക്രമമായി ചുററുന്നു. സൂര്യൻ ഉദിക്കുന്നു. അസ്തമിക്കുന്നു. ആ പ്രവത്തനം ക്രമമായി ദിനംപ്രതി നടക്കുന്നുണ്ടു്. ആകാശഗോളങ്ങളെ കാണുന്നു. അവകൾ പരസ്പരം ആകർഷിച്ചുനില്ക്കുന്നു. ഇങ്ങനെ പ്രകൃതിയിലെ ക്രമം (Order) കണ്ടു മനുഷ്യൻ ചിന്തിച്ചു. ഏതോ ഒരു ബുദ്ധിശക്തിയുടെ നിയന്ത്രണം പ്രകൃതിയിൽ ഉണ്ടാകണം ആ ബുദ്ധിശക്തിയായിരിക്കണം പ്രകൃതിയിലെ നിയമത്തിന്റേയും ക്രമത്തിന്റേയുമെല്ലാം കാരണം (Cause).

ഇനിയും മനുഷ്യൻ ചിന്തിക്കാൻ തുടങ്ങി. മനുഷ്യൻ എങ്ങനെ ഉണ്ടായി? അവൻ എന്തിനു ജീവിക്കുന്നു? എങ്ങോട്ടു പോകുന്നു? അവന്റെ ജീവിതലക്ഷ്യമെന്തു്? എന്നെല്ലാം. അവന്റെ സാമാന്യമായ മൗലികമായ ഒരഭിലാഷമാണിതു്. എന്താണു് ആ അഭിലാഷം? പ്രകൃതിയുടെ കാരണമായ ആ ബുദ്ധിശക്തിയെ കണ്ടെത്തണം. അതിനായുള്ളതാണു് അവന്റെ ദാഹം. ആ ദാഹം ശമിച്ചാൽ അവനു സൗഭാഗ്യമായി. അപ്പോൾ അവന്റെ ബുദ്ധിയും മനസ്സും തൃപ്തിപ്പെട്ടു. പ്രകൃതിയുടെ ഉറവിടമായ കലപ്പില്ലാത്ത ആ പരിശുദ്ധ ജീവനാണു് മനുഷ്യന്റെ ബുദ്ധിയുടേയും മനസ്സിന്റേയും അന്തിമലക്ഷ്യം. ആ പരിശുദ്ധ ജീവനിൽനിന്നാണു് എല്ലാം ഉണ്ടായതു്. അതാണു് സാക്ഷാൽ ജീവൻ. അവിടുന്നാണു് എല്ലാം നിയന്ത്രിക്കുന്നതും ഭരിക്കുന്നതും. അവിടുന്നു സവ്വശക്തനാണു്. അതാകുന്നു ഈശ്വരൻ.




രോഗവിവരക്കത്തുകൾ
അയക്കേണ്ട വിലാസം:-
കാളൻവൈദ്യൻ,
നെല്ലായി (S. India)

## സ്വകാര്യ ഉടമയെപ്പററി

ബാങ്കളൂർ മെത്രാപ്പോലീത്ത

സ്വകാര്യ ഉടമയെ നിമ്മാർജ്ജനം ചെയ്തിട്ടു് വ്യക്തികൾ സ്റ്റേററിന്റെ വകകളായിത്തീരണം എന്ന കമ്മ്യൂണിസ്റ്റു് സിദ്ധാന്തം അദ്ധ്വാനിക്കുന്ന മനുഷ്യന്റെ താല്പര്യത്തിനുതന്നെ ഹാനികരമാണെന്നു് ബാങ്കളൂർ മെത്രാപ്പോലീത്താ തിരുമേനി പ്രസ്താവിച്ചിരിക്കുന്നു. അതു നിയമാധിഷ്ഠിതമായസ്വത്തവകാശങ്ങളെ അപഹരിക്കുകയും, സാമൂഹ്യമായ കുഴപ്പങ്ങൾക്കു കാരണമാവുകയും ചെയ്യും. ഓരോ മനുഷ്യനും അവന്റേതായ സ്വത്തു വച്ചുകൊണ്ടിരിക്കുന്നതിനു അവകാശമുണ്ടു്. പ്രകൃത്യാതന്നെയുള്ള ഒരവകാശമാണു്, മനുഷ്യനേയും മൃഗത്തേയും തമ്മിൽ വേർതിരിക്കുന്ന ഒരു മുഖ്യഘടകമാണതു്. സ്വകാര്യസ്വത്തിന്റെ പരിധി നിണ്ണയിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും സ്റ്റേററു് അധികാരികൾക്കു അവകാശമുണ്ടു്.

(2-ാം പേജ് തുടർച്ച)

ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധത്തിലുള്ളവർ തമ്മിൽ വിവാഹം പാടില്ലെന്നു് ക്രിസ്തു നേരിട്ട് എന്തെങ്കിലും നിയമം ഏർപ്പെടുത്തിയതായി കാണുന്നില്ല. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായൽക്കാരുടെ ഇടയിൽ രക്തബന്ധത്തിലുള്ളവർ തമ്മിൽ വിവാഹം നടന്നിരുന്നതായി വേദപുസ്തകത്തിൽ നാം വായിക്കുന്നു. ഉദാഹരണമായി അബ്രാഹത്തിന്റെ ഭാര്യ സാറാ, അദ്ദേഹത്തിന്റെ സഹോദരനായ ഹാറാന്റെ പുത്രിയായിരുന്നു. ഇസഹാക്കിന്റെ ഭാര്യ റിബേക്കാ, പിതൃസഹോദരനായ നാഹോന്റെ പുത്രനായ ബസൂവേലിന്റെ പുത്രിയായിരുന്നു. യാക്കോബാകട്ടെ മാതൃസഹോദരനായ ലാബാന്റെ രണ്ടു പുത്രിമാരെയാണു വിവാഹം ചെയ്തതു്. രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം യൂദന്മാരുടെ ഇടയിൽ സാധാരണമായിരുന്നു.

പുതിയ നിയമത്തിലാകട്ടെ, ക്രിസ്തു നേരിട്ടൊന്നും അനുശാസിച്ചിട്ടില്ലെന്നു പറഞ്ഞുവല്ലോ. ആവിഷ്കൃതസത്യങ്ങളുടെ പരമപരിപാലകയായ സഭയാണു് ഇക്കാര്യത്തിൽ ചില നിയമങ്ങളൊക്കെ ഏർപ്പെടുത്തിയിട്ടുള്ളതു്. നാലാം തലമുറവരെയുള്ള രക്തബന്ധവും ആത്മീയബന്ധവും മററും വിവാഹത്തെ അസാധുവാക്കുന്ന വിഘ്നങ്ങളായി സഭ നിശ്ചയിച്ചു. ഇങ്ങനെ നിശ്ചയിക്കുന്നതിൽ കാലദേശാവസ്ഥകളും വിവിധരാജ്യങ്ങളിലെ ആചാരങ്ങളും നിയമങ്ങളും സഭ പരിഗണിക്കുക ഉണ്ടായിട്ടുണ്ട്. ഈ നിയമങ്ങൾ ഉണ്ടാക്കിയതു് സഭയാണെന്നു പറഞ്ഞുവല്ലോ. നിയമം ഉണ്ടാക്കാൻ അധികാരമുള്ളയാൾക്കു് അതിൽ ഭേദഗതിവരുത്തുവാനും അതിൽനിന്നു് ആരെയെങ്കിലും ഒഴിവാക്കാനും അധികാരമുണ്ടായിരിക്കുമല്ലോ. അധികാരമുള്ള സഭ ആക്കെങ്കിലും ഒഴിവു് അനുവദിക്കുന്നെങ്കിൽ, അതു് അധികാരമുള്ള പ്രവൃത്തിയായിരിക്കുന്നതിനാൽ സാധുവായിരിക്കുന്നതാണു്.

ഒഴിച്ചുകൂടാൻ പാടില്ലാത്ത ചില ഘട്ടങ്ങളിൽ സഭ ഇങ്ങനെ ചില ഒഴിവുകൾ അനുവദിക്കാറുണ്ട്. അതു് എപ്പോഴാണെന്നും എങ്ങനെയാണെന്നും വിവാഹത്തെപ്പററിയുള്ള കാനൻനിയമങ്ങളിൽ വ്യക്തമായി അനുശാസിച്ചിട്ടുണ്ട്. (പ്രത്യേകിച്ചു കാനൻനിയമം 1076 നോക്കുക.) എന്നാൽ ഒന്നാം തലമുറയിൽപെട്ടവർ തമ്മിലുള്ള വിവാഹത്തിനു് സഭ ഒരിക്കലും അനുമതി നൽകാറില്ല. അതായതു് പുത്രിയേയോ സഹോദരിയേയോ വിവാഹംചെയ്യുവാൻ ഒരു കാരണവശാലും സഭ അനുവദിക്കാറില്ല. ആദ്യഭാര്യ ജീവിച്ചിരിക്കെ മറെറാരു സ്ത്രീയെ വിവാഹം ചെയ്യുന്നതിനും സഭ അനുവദിക്കുകയില്ല. എന്നാൽ സഭ കാരുണ്യവതിയായ ഒരു മാതാവുകൂടിയാണു്. തന്മൂലം ഒഴിച്ചുകൂടാൻ പാടില്ലാത്ത ചില ചുററുപാടുകളിൽ, ഇരുകക്ഷികളുടെയും ആത്മരക്ഷയ്ക്കു് ആവശ്യമെന്നു ബോദ്ധ്യപ്പെടുന്ന അവസരങ്ങളിൽ, സഭ രണ്ടും മൂന്നും തലമുറകളിൽപെട്ടവരുടെ വിവാഹം ചിലപ്പോൾ അനുവദിക്കാറുണ്ട്. താൻ ഓമനിച്ചു വളർത്തുന്ന ശിശുവിന്റെ കാലോ കൈയോ ശസ്ത്രക്രിയ ചെയ്തുകൊള്ളുവാൻ അനുവദിക്കുന്ന അമ്മ, തെററായ ഒരു പ്രവൃത്തിയാണു ചെയ്യുന്നതെന്നു ലോകത്തിൽ ആരെങ്കിലും പറയുമോ?

ചോദ്യത്തിൽ പറയുന്ന "യുവതിയും പുരുഷനും" തമ്മിലുള്ള "അടുത്ത ബന്ധം" ഏതുതരത്തിലുള്ളതാണെന്നു ചോദ്യത്തിൽനിന്നു വ്യക്തമല്ല. തീർച്ചയായും അവർ സഹോദരീസഹോദരന്മാർ ആയിരിക്കുകയില്ലല്ലോ. അവർ തമ്മിൽ വിവാഹം ചെയ്യുവാൻ സഭ അനുവദിച്ചതിൽനിന്നു്, എന്തെങ്കിലും അടുത്ത ബന്ധമുണ്ടെങ്കിൽതന്നെ, ഒഴിവു് അനുവദിക്കത്തക്ക ഒരു ബന്ധമേ ആയിരുന്നുള്ളു അതു് എന്നു്, സഭ ഒഴിവു നൽകിയതിൽനിന്നു സ്പഷ്ടമാണു്. അത്തരം കേസുകളിൽ ഒഴിവുനൽകുന്നതു് ഏററവും ശരിയായിട്ടുള്ള ഒരു പ്രവൃത്തിയുമാകുന്നു.

അങ്ങനെ ശ്രീ വി. എം. മാത്യൂ (ആനിക്കാട്ട്) ഉന്നയിച്ച 12 സംശയങ്ങളുടെയും യഥാർത്ഥസ്ഥിതി ഞങ്ങൾ ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. ആ പന്ത്രണ്ടു ചോദ്യങ്ങളിലെയും അദ്ദേഹത്തിന്റെ നിഗമനങ്ങൾ തെററാണെന്നു് ആ പ്രതിപാദനങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതാണു്. "എന്റെ നിഗമനങ്ങൾ ശരിയാണെങ്കിൽ, ഞാൻ രക്ഷയ്ക്കുവേണ്ടി റോമാസഭയിൽ ചേരേണമോ" എന്ന ചോദ്യത്തിനു് ഇനി അദ്ദേഹത്തിനുതന്നെ തൃപ്തികരമായ സമാധാനം കണ്ടുപിടിക്കാം. നിഗമനങ്ങൾ തെററാണെന്നു ബോദ്ധ്യപ്പെട്ടാലും അദ്ദേഹം റോമാസഭയിൽ ചേരുക വിഷമമാണെന്നു ഞങ്ങൾ നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. സംശയങ്ങൾ ഉള്ളതുകൊണ്ടല്ലാ അദ്ദേഹം റോമാസഭയിൽ ചേരാതിരിക്കുന്നതു്; പ്രത്യുത റോമാസഭയിൽ ചേരാതിരിക്കുന്നതിനുവേണ്ടി കൃത്രിമങ്ങളായ സംശയങ്ങളെ അദ്ദേഹം തേടിപ്പിടിക്കുകയാണു എന്നു ഈ ചോദ്യാവലിയിൽനിന്നു വ്യക്തമായതുകൊണ്ടാണു് അങ്ങനെയൊരു അനുമാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നതു്. ഞങ്ങളുടെ അനുമാനം തെററാണെന്നു തെളിഞ്ഞാൽ മററാരെക്കാളും കൂടുതലായി സന്തോഷിക്കുന്നതും ഞങ്ങളായിരിക്കും.

Lead Kindly Light (ദയാർദ്രമായ പ്രകാശമേ എന്നെ നയിച്ചാലും) എന്നു കർദ്ദിനാൾ ന്യൂമാനെപ്പോലെ പ്രാർത്ഥിക്കാം. സത്യം കണ്ടെത്തുന്നതിനും, കണ്ടെത്തിയാലുടനെ അതിനെ ധീരമായി അവലംബിക്കുന്നതിനും വേണ്ട ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കാം. മനുഷ്യന്റെ ശക്തികൊണ്ടല്ലാ, ദൈവത്തിന്റെ കാരുണ്യംകൊണ്ടാണു് നാം രക്ഷപെടേണ്ടതു്. ആകയാൽ ദൈവത്തിന്റെ കാരുണ്യം നമ്മിലേക്കു പ്രവഹിക്കുന്ന ചാൽ ഏതെന്നു തിരഞ്ഞു കണ്ടുപിടിച്ചു് അവിടെത്തന്നെ ഉറച്ചുനില്ക്കേണ്ടതു് നമ്മുടെ ഒഴിച്ചുകൂടാത്ത ആവശ്യമാണു്. തീരപ്രദേശത്തു് മുള്ളുകളോ ചെളിയോ ഉണ്ടെന്നു സങ്കല്പിച്ചു ചാലിലേക്കിറങ്ങാതിരുന്നാൽ, കാരുണ്യപ്രവാഹം നമുക്കു ലഭിക്കുകയില്ല. "ഈ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ നിനക്കെന്തു പ്രയോജനം?"

# ചോദിച്ചാൽ പറയാം

107 ചോ: ശാസ്ത്രം തെററാണോ? കൈരേഖാശാസ്ത്രം, മുഖലക്ഷണശാസ്ത്രം, പ്രശ്നം ഇവ കത്തോലിക്കർക്കു മുടക്കിയിരിക്കുന്നതു് എന്തുകൊണ്ട്? അതു തെററാണെങ്കിൽ എങ്ങനെ ഗ്രിഗോരിയൻ പഞ്ചാംഗവും മററും ജനങ്ങൾ വിശ്വസിക്കും?

(കെ. ററി. ററി. മന്നന്തോടി)

ഉ: ശരിയായ ശാസ്ത്രം തെററാൻ നിവൃത്തിയില്ല. പക്ഷെ അതുകൊണ്ട് ശാസ്ത്രത്തിന്റെ പേരിൽ പുറത്തുവരുന്നതോ ശാസ്ത്രകാരന്മാർ പറയുന്നതോ എല്ലാം ശരിയായിക്കൊള്ളണമെന്നില്ല. ശാസ്ത്രം (സയൻസ്) എന്ന പദമാണു ചോദ്യകർത്താവിനെ സംശയാലുവാക്കിത്തീർത്തിരിക്കുന്നതെന്നു തോന്നുന്നു. ശാസ്ത്രം (സയൻസ്) എന്ന പദം പ്രകൃതിശാസ്ത്രങ്ങൾ എന്ന ഒരു സങ്കുചിതാർത്ഥത്തിലാണു് സാധാരണ പ്രയോഗിക്കാറുള്ളതു്. ആ അർത്ഥത്തിലല്ലല്ലോ ചോദ്യത്തിൽ ആ പദം ഉപയോഗിച്ചിരിക്കുന്നതു്.

ഇനി വ്യാപകമായ അർത്ഥത്തിൽ ശാസ്ത്രം എന്താണു്? "തെളിവുകളിൽനിന്നു ലഭിക്കുന്ന അസന്നിഗ്ദ്ധവും പ്രത്യക്ഷവുമായ ജ്ഞാനം" എന്നാണു് അരിസ്റ്റോട്ടൽ ആ പദത്തെ നിർവ്വചിച്ചിരിക്കുന്നതു്. ഏതെങ്കിലും സംഗതിയെപ്പററി അതിന്റെ കാരണങ്ങളിൽ (Causes) നിന്നു ലഭിക്കുന്ന ജ്ഞാനം എന്നു വിശുദ്ധ തോമ്മസ് അക്വിനാസും പറയുന്നു. സംഗതമായ സാങ്കേതികമാർഗ്ഗം വഴിയുള്ള ഏതെങ്കിലും നിർണ്ണായകമായ വിഷയത്തെപ്പററിയുള്ള പഠനം എന്നു ചേംബേഴ്സ് എൻസൈക്ലോപീഡിയായും പറയുന്നു. ചുരുക്കത്തിൽ വ്യാപകമായ അർത്ഥത്തിലും എന്തും ശാസ്ത്രം (സയൻസ്) ആകയില്ല. ഊഹങ്ങളെയും സങ്കല്പങ്ങളെയും ആസ്പദമാക്കിയുള്ള അതിശയോക്തികഥനങ്ങളെ ശാസ്ത്രമെന്നു പറയുന്നതു ശരിയല്ല.

പക്ഷെ മലയാളത്തിൽ ശാസ്ത്രം എന്ന പദം വളരെ ശിഥിലമായ അർത്ഥത്തിലാണു പ്രയോഗിക്കുന്നതു്. ലക്ഷണശാസ്ത്രം, കൈരേഖാശാസ്ത്രം, ഗൗളിശാസ്ത്രം, അലങ്കാരശാസ്ത്രം, വൃത്തശാസ്ത്രം, പാചകശാസ്ത്രം ഇങ്ങനെ "ശാസ്ത്ര"ങ്ങൾ നിരവധിയാണു്. ഇവയെയെല്ലാം സയൻസ് എന്ന അർത്ഥത്തിൽ ശാസ്ത്രമെന്നു വ്യവഹരിക്കുന്നതു് ശരിയല്ല. ഇവയെ ശാസ്ത്രമെന്നു പറഞ്ഞാൽ, ആ ശാസ്ത്രം തെററു തന്നെയാകുന്നു. കൈരേഖാശാസ്ത്രം, മുഖലക്ഷണശാസ്ത്രം, പ്രശ്നം മുതലായവ വ്യാപകമായ അർത്ഥത്തിൽപോലും സയൻസ് അല്ല. വസ്തുതകളല്ലാ അവയ്ക്കു് ആധാരം. സങ്കല്പങ്ങളും ഊഹങ്ങളുമാകുന്നു. അവ ശരിയായ ശാസ്ത്രമല്ലാത്തതുകൊണ്ടുകൂടിയാണു് കത്തോലിക്കസഭ അവയെ മുടക്കിയിരിക്കുന്നതു് (മുകളിൽ 102-ം 103-ം ചോദ്യങ്ങൾക്കു നൽകിയിരിക്കുന്ന ഉത്തരങ്ങൾകൂടി നോക്കുക.)

എന്നാൽ ഗ്രിഗോരിയൻ പഞ്ചാംഗത്തിന്റെ കാര്യം ഒന്നുവേറെ. പഞ്ചാംഗനിർണ്ണയം ജ്യോതിശ്ശാസ്ത്രത്തെ ആധാരമാക്കിയാണു്. ജ്യോതിശ്ശാസ്ത്രം ശരിയായ സയൻസുതന്നെയാണു്. ഗ്രഹങ്ങളുടെ ഗതിവിഗതികളെ ആധാരമാക്കിയുള്ളതാണല്ലോ പഞ്ചാംഗം. ഗ്രഹങ്ങളുടെ ഗതിവിഗതികൾ ഇന്നതാണെന്നു പറയുന്നതു വസ്തുസ്ഥിതികഥനംമാത്രമാണു്. (ആ ഗതിവിഗതികളുടെ ഫലം ഊഹിച്ചു പറയുമ്പോഴാണു് അതു ജോത്സ്യമായിത്തീരുന്നതു്. അതിനെ സഭ അനുകൂലിക്കുന്നില്ല) ഗ്രിഗോരിയൻ പഞ്ചാംഗം വിശ്വസിക്കുക എന്നു പറയുന്നതിന്റെ പ്രസക്തി വ്യക്തമല്ല. ഒരു വിശ്വാസസത്യംപോലെ ആരും അതിനെ വിശ്വസിക്കുന്നില്ല. എന്നുതന്നെയല്ല, കത്തോലിക്കർ അവശ്യം അതിനെ സ്വീകരിച്ചുകൊള്ളണമെന്നു സഭ അനുശാസിക്കുന്നുമില്ല. പക്ഷെ അതിനെക്കാൾ പൂർണ്ണവും ശരിയുമായ ഒരു പഞ്ചാംഗം വേറേ ഇല്ലാത്തതിനാൽ ലോകം മുഴുവൻതന്നെ, കാലഗണനയ്ക്കു വേണ്ടി അതിനെ സ്വീകരിക്കുന്നു.

108 ചോ: ഹംഗറിയിലെ റഷ്യൻ ഇടപെടലിനെ അങ്ങേഅററം ആക്ഷേപിക്കുന്ന സത്യദീപം എന്തുകൊണ്ടാണു് അൾജീരിയായിലെയും കിനിയായിലെയും കൂട്ടക്കൊലയെപ്പററിയും ഈജിപ്തിലെ ആംഗ്ലോഫ്രഞ്ചു് ആക്രമണത്തെപ്പററിയും പ്രതിഷേധിക്കാത്തതു്?

കെ. ജെ എ. പൊൻകുന്നം

ഉ: ഈ ചോദ്യത്തിലെ നിഗമനവും അതിനാധാരമായ വസ്തുതകളും ഒന്നുപോലെ അസംഗതവും അയഥാർത്ഥവുമാകുന്നു. കൂട്ടക്കൊല എവിടെ നടന്നാലും സത്യദീപം അതിനെ പ്രതിഷേധിച്ചിട്ടുണ്ട്. പ്രതിഷേധിക്കുകയും ചെയ്യും. കൂട്ടക്കൊലയുടെ ഗുരുലഘുത്വമനുസരിച്ചു ആ പ്രതിഷേധത്തിന്റെ ശക്തി കൂടിയും കുറഞ്ഞും വന്നുവെന്നുവരാം. സത്യദീപത്തെ അപലപിക്കുവാൻ പഴുതുനോക്കുന്ന ചോദ്യകർത്താവുതന്നെ ചെയ്തിരിക്കുന്നതു് എന്താണു്? ആൾജീരിയായിലെ വ്യവസ്ഥാപിത ഗവമ്മെൻറിനെതിരായി നടക്കുന്ന വിപ്ലവം അമർച്ച ചെയ്യുവാൻ അവിടത്തെ ഗവമ്മെൻറു സ്വീകരിക്കുന്ന നടപടിയെ "കൂട്ടക്കൊല"യായി കാണുന്ന ചോദ്യകർത്താവു്, ഹംഗറിയിലെ വ്യവസ്ഥാപിത ഗവമ്മെൻറിന്റെ ഇഷ്ടത്തിനെതിരായി സൈന്യത്തെയും ടാങ്കുകളെയും മററും ബലമായി അയച്ചു് നിരപരാധികളായ 25000 ഹംഗറിക്കാരെ തോക്കിനിരയാക്കിയ റഷ്യാക്കാരുടെ പ്രവൃത്തിയെ വെറും "ഇടപെട"ലായി മാത്രമേ കാണുന്നുള്ളു. ഉപയോഗിച്ച കണ്ണടയുടെ വ്യത്യാസമായിരിക്കണം അതു്.

അക്രമം ആരുകാണിച്ചാലും അതു അക്രമംതന്നെയാണു്. ഒരു തിന്മയെ മറെറാരു തിന്മ ന്യായീകരിക്കുകയുമില്ല. എന്നിരുന്നാലും ഹംഗറിയിലും അൾജീരിയായിലും ഈജിപ്തിലും നടന്ന പ്രവൃത്തികൾ തമ്മിൽ അജഗജാന്തരമുണ്ടു്. വിദേശാധിപത്യത്തിലുള്ളതാണെങ്കിലും അൾജീരിയായിൽ ഒരു വ്യവസ്ഥാപിതഗവമ്മെൻറുണ്ടു്. ആ ഗവമ്മെൻറിനെ തകിടംമറിക്കുവാൻ ശ്രമിക്കുന്ന വിപ്ലവകാരികളെ അമർച്ചചെയ്യുവാനാണു് അവിടത്തെ ഗവമ്മെൻറു കർശനനടപടികൾ കൈക്കൊണ്ടിരിക്കുന്നതു്. അവർ കൊല നടത്തുന്നുണ്ടെങ്കിലും അതു് ഒരർത്ഥത്തിലും കൂട്ടക്കൊലയല്ല. വിപ്ലവകാരികളെ ഉന്മൂലനംചെയ്യുന്ന അൾജീരിയൻഗവമ്മെൻറിന്റെ പ്രവൃത്തി അക്രമമാണെങ്കിലും അതിനു് അവർക്കൊരു ന്യായമുണ്ടെന്നു സമ്മതിക്കണം. ഉടമ്പടിയനുസരിച്ചു് കഴിഞ്ഞ 90-ൽപ്പരം വർഷങ്ങളായി തങ്ങളുടെ ഉടമയിലിരുന്ന സൂയസ്കനാൽകമ്പനി ദേശസാല്ക്കരിച്ചതാണു് ബ്രിട്ടനേയും ഫ്രാൻസിനേയും പ്രകോപിപ്പിച്ചതു്. കമ്പനി ദേശസാല്ക്കരിക്കാൻ ഈജിപ്തിനു പരമാധികാരമുണ്ടെങ്കിലും, ഉടമ്പടിപ്രകാരമുള്ള ഒരവകാശം ബ്രിട്ടനും ഫ്രാൻസിനുമുണ്ടു്. കൈയൂക്കുകൊണ്ടു് ഈജിപ്തു് ദേശസാല്ക്കരണം നടത്തിയപ്പോൾ, കൈയൂക്കുകൊണ്ടു് തങ്ങളുടെ അവകാശം പുനഃസ്ഥാപിക്കാമോ എന്നു് ബ്രിട്ടനും ഫ്രാൻസും ശ്രമിച്ചുനോക്കുകയായിരുന്നു. അവരുടെ പ്രവൃത്തി തെററായിരുന്നെങ്കിലും അക്രമത്തിനു വിധേയരായവർ എന്ന ഒരു ന്യായം അവരുടെ പക്ഷത്തുണ്ടായിരുന്നു.

എന്നാൽ റഷ്യയോ? ഹംഗറി റഷ്യയുടെ ഒരംശമോ റഷ്യയുടെ ഭരണത്തിൻകീഴുള്ള ഒരു രാജ്യമോ അല്ല. 1945 വരെ അതു സർവ്വതന്ത്രസ്വതന്ത്രമായ ഒരു രാഷ്ട്രമായിരുന്നു. 1945-ൽ അവിടത്തെ ജനങ്ങളുടെ ഇഷ്ടത്തിനു വിരോധമായിട്ടാണു് അവിടെ കമ്മ്യൂണിസ്റ്റ്ഭരണം നടപ്പാക്കിയതു്. ആ ഭരണത്തെ 1956-ൽ അവിടത്തെ ജനങ്ങൾ നീക്കുകയും അവർക്കിഷ്ടമുള്ള ഒരു ഭരണം നടപ്പാക്കുകയും ചെയ്തു. ഐക്യരാഷ്ട്രസമിതിയിൽ അംഗത്വമുള്ള ഒരു സ്വതന്ത്രരാഷ്ട്രമായ ഹംഗറിയുടെ ഈ പ്രവൃത്തിയെ ചോദ്യംചെയ്യുവാൻ മറെറാരു രാഷ്ട്രത്തിനും അവകാശമില്ല. എന്നിട്ടും നിലവിലുള്ള ഗവമ്മെൻറിന്റെ ആജ്ഞകൾക്കെതിരായി, ആരും ആവശ്യപ്പെടാതെ, റഷ്യ പട്ടാളത്തെ അയക്കുകയും 25000 നിരപ്രാധികളെ വെടിവച്ചുകൊല്ലുകയുമാണു ചെയ്തതു്. ബ്രിട്ടനും ഫ്രാൻസും മുന്നറിവുകൊടുത്തശേഷമാണു് ഈജിപ്തിലേക്കു സൈന്യങ്ങളെ അയച്ചതു്. യാതൊരു മുന്നറിയിപ്പും നൽകാതെയാണു് റഷ്യ ഹംഗറിയിലേക്കു സൈന്യങ്ങളെ അയച്ചതു്. ഇങ്ങനെ സൈന്യങ്ങളെ അയക്കുന്നതിനോ കൂട്ടക്കൊല നടത്തുന്നതിനോ റഷ്യയ്ക്കു യാതൊരു ന്യായീകരണവും ഉണ്ടായിരിക്കുന്നില്ല. ഇതാണു് ഇവ തമ്മിലുള്ള മൗലികമായ വ്യത്യാസം.

അൾജീരിയായിലേയും ഈജിപ്തിലേയും പ്രശ്നം തനി രാഷ്ട്രീയമാണു്. മതവിശ്വാസത്തിനുവേണ്ടിയോ പാർട്ടിതാല്പര്യങ്ങൾക്കുവേണ്ടിയോ അല്ല അവിടെ ഏററുമുട്ടലുകൾ ഉണ്ടാകുന്നതു്. എന്നാൽ ഹംഗറിയിലേതു മതവിശ്വാസത്തിനും പാർട്ടിതാല്പര്യത്തിനുംവേണ്ടിയുള്ള ഒരു കൂട്ടക്കൊലയായിരുന്നു. നിർമ്മതത്വത്തോടും കമ്മ്യൂണിസ്റ്റ്പാർട്ടിയോടുമുള്ള എതിർപ്പാണു് ഹംഗേറിയൻജനത പ്രകടിപ്പിച്ചതു്. തങ്ങളുടെ മതം വിശ്വസിക്കുന്നതിനുവേണ്ടിയുള്ള സ്വാതന്ത്ര്യത്തിനായിട്ടാണു് അവർ സമരംചെയ്തതു്. കൂട്ടക്കൊലമൂലം ആ സ്വാതന്ത്ര്യത്തെയാണു് റഷ്യ അടിച്ചമർത്തിയതു്. ഹംഗേറിയൻ കൂട്ടക്കൊലയെ സത്യദീപം അങ്ങേഅററം ആക്ഷേപിച്ചതിന്റെ കാരണം ഇതിൽനിന്നു വ്യക്തമാണല്ലോ. ഹംഗറിക്കാരുടെ ഏകകുററം അവർ അവരുടെ മതത്തിനുവേണ്ടി നിലകൊണ്ടു എന്നതുമാത്രമാണു്. അൾജീരിയായിലെ വിപ്ലവകാരികൾ ഫ്രാൻസുകാരോടു ചെയ്തതുപോലെ, ഒരൊററ റഷ്യാക്കാരനെപ്പോലും ഹംഗറിക്കാർ വധിക്കുകയുണ്ടായിട്ടില്ല.

ചോദ്യകർത്താവു അഭ്യൂഹിക്കുന്നതുപോലെയുള്ള കൂട്ടക്കൊലയൊന്നും അൾജീരിയായിൽ നടന്നിട്ടില്ല നിയമംലംഘിച്ചു രാജ്യത്തിൽ അരാജകത്വം സൃഷ്ടിക്കുന്ന വിപ്ലവകാരികളോടു ഗവമ്മെൻറു കർശനമായി പെരുമാറി എന്നതു ശരിതന്നെയാണു്. അതു് ഒരർത്ഥത്തിലും കൂട്ടക്കൊലയല്ല. തന്മൂലം കൂട്ടക്കൊല എന്ന നിലയിൽ അതിനെ പ്രതിഷേധിക്കുക സാദ്ധ്യവുമല്ല.

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവേസ്റ്റേഷൻ സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

Wednesday
May 22
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 39

## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

ഹങ്കറിയുടെ ചരിത്രത്തെപ്പറ്റി വല്യേട്ടൻ ചിലതെല്ലാം നിങ്ങളോടു പറഞ്ഞുവല്ലോ. അവിടെ കഴിഞ്ഞകൊല്ലം നടന്നതെന്തായിരുന്നുവെന്നു നാം മനസ്സിലാക്കി. റഷ്യൻ കമ്മ്യൂണിസ്റ്റ് അടിമത്തത്തിൽ നരകിച്ചിരുന്ന ഹങ്കറിക്കാർ ഒന്നാകെ ഉണർന്നു ആ അടിമത്തത്തെ വലിച്ചെറിഞ്ഞു സ്വാതന്ത്ര്യം നേടുന്നതിനു ഒരു പരിശ്രമം നടത്തി. അക്രമപരമായി അവർ ഒന്നും ചെയ്തില്ല. റഷ്യയുടെ മേധാവിത്വത്തെ ഉപേക്ഷിച്ചു സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അവർ ബുഡാപ്പെസ്റ്റ് നഗരം സ്വാധീനപ്പെടുത്തി അവിടെ ഒരു പുതിയ ഭരണകൂടം സ്ഥാപിച്ചു. ഇതെല്ലാം ഹങ്കറിയിലെ ജനങ്ങളുടെ കാര്യമാണ്. പക്ഷെ, ഈ അവസരത്തിൽ റഷ്യ യാതൊരു കാരണവും കൂടാതെ നീതിവിരുദ്ധമായി സൈന്യത്തേയും ആയുധങ്ങളേയും ഹങ്കറിയിലേക്കയച്ചു അവിടെ ഒരു രക്തക്കളമുണ്ടാക്കി. അതിന്നും തുടർന്നുപോരുകയാണ്. എന്നാൽ ഇക്കാര്യത്തിൽ വിചിത്രമായ ഒന്നുള്ളത്, ഇത്ര പ്രത്യക്ഷമായ ഈ അനീതിയെപ്പോലും സാധൂകരിക്കുന്നതിനു നമ്മുടെ ഇടയിൽ ചില കൂട്ടരുണ്ട് എന്നുള്ളതാണ്. ചുമപ്പു ചായ്‌വുള്ളവരോ, സംഗതികളുടെ യാഥാർത്ഥ്യം അറിഞ്ഞിട്ടില്ലാത്ത പരമാർത്ഥികളോ ആവാം അവർ. ഏതായാലും കുഞ്ഞനുജന്മാരും കുഞ്ഞനുജത്തികളും അക്കൂട്ടരുടെ തട്ടിപ്പിൽ പെടാതിരിക്കുന്നതിനും, ഹങ്കറിയിൽ സ്വാതന്ത്ര്യത്തിനും മതത്തിനുംവേണ്ടി പോരാടുന്ന സ്വരാജ്യസ്നേഹികളും വിശ്വാസികളുമായ ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുംവേണ്ടിയാണ് ആ മർദ്ദിത സഹോദരങ്ങളെപ്പറ്റി നിങ്ങളോടു പറയാമെന്നു വച്ചതു്. പാവപ്പെട്ട ആ രാജ്യത്തോടു സഹതാപവും ആർദ്രതയും നിങ്ങൾക്കുണ്ടാകാതിരിക്കുകയില്ല എന്നു വല്യേട്ടൻ വിശ്വസിക്കുന്നു.

ഹങ്കറിയിൽ സ്വാതന്ത്ര്യത്തിനും മതവിശ്വാസത്തിനും വേണ്ടി പോരാടിയ ഒരു സഹോദരന്റെ ചരിത്രം കേൾക്കണമോ? ആവുരെൽ കെമെനി എന്നാണ് അയാളുടെ പേർ. ചെറുപ്പത്തിൽത്തന്നെ ഒരു രോഗം പിടിച്ച് ഒരു കാൽ സ്വാധീനമില്ലാതായി. എങ്കിലും ചെറുപ്പം മുതലെ നല്ല ധീരനും ഏതൊരു സൽക്കാര്യത്തിനും വേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കുന്നതിനു സന്നദ്ധനുമായിരുന്നു. 14 വയസ്സുകാരനായ ഒരു ബാലനായിരുന്നു 1944-ൽ ഡച്ചാവുവിൽനിന്നു അദ്ദേഹം മോചിതനാകുന്ന കാലത്തു്. 16 വയസ്സിൽ ബുഡാപ്പെസ്റ്റിലേക്കു യാത്രചെയ്തുകൊണ്ടിരിക്കെ സോവ്യറ്റുപട്ടാളം അദ്ദേഹത്തെ പിടികൂടി തടവിലാക്കി. അതിൽനിന്നു മോചനം കിട്ടിയശേഷം ബുഡാപ്പെസ്റ്റിനടുത്തു ഒരു കൽക്കരിഖനിയിൽ ജോലിയിലേർപ്പെട്ടു. ഹങ്കറിയിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനായി സമരം ചെയ്യുന്ന വിവരം ആവുറെൽ അറിഞ്ഞു. അദ്ദേഹവും ഖനിയിലെ ജോലിക്കാരായ കൂട്ടുകാരുംകൂടി ടനബാനിയായിലെ തീവണ്ടിസ്റ്റേഷനും റേഡിയോ നിലയവും എല്ലാം കരസ്ഥമാക്കി. അതിനുശേഷം ഒരു ട്രക്കിൽ കയറി ബുഡാപ്പെസ്റ്റിലെത്തി. കമ്മ്യൂണിസ്റ്റുകളെ അവിടെനിന്നും തുരത്തുന്നതിനുള്ള സമരത്തിൽ പങ്കെടുത്തു. അതിനിടയിൽ അദ്ദേഹത്തിന്റെ സ്വാധീനമുള്ള കാലിൽ ഒരു വെടിയുണ്ടയേററു. അദ്ദേഹം ആശുപത്രിയിലായി. ഒരുവിധം നടക്കാറായപ്പോൾ ആശുപത്രിയിൽനിന്നു കടന്നു രക്ഷപെട്ടു. രഹസ്യപ്പോലീസ് പിന്തുടരുന്നുണ്ടായിരുന്നു, എങ്കിലും അദ്ദേഹം ധൈര്യസമേതം മുമ്പോട്ടുപോയി മഞ്ഞുകട്ടകളിലൂടെയും മഞ്ഞുരുകിയ തണുത്ത വെള്ളത്തിലൂടെയും ഇഴഞ്ഞുനീന്തി 55 മൈൽ ദൂരം സഞ്ചരിച്ചു് ആസ്ട്രിയൻ അതിർത്തി കടന്നു രക്ഷപ്പെട്ടു. യാത്രാമദ്ധ്യേ കമ്മ്യൂണിസ്റ്റ്ഭടന്മാരുടെ വെടിയുണ്ടകൾ അദ്ദേഹത്തിന്റെ അടുത്തുകൂടി ചീറിപ്പാഞ്ഞുപോയിരുന്നു. എങ്കിലും ഭാഗ്യവശാൽ അവ അദ്ദേഹത്തിന്റെമേൽ പതിച്ചില്ല. ഇനിയും കമ്മ്യൂണിസ്റ്റുകളെ തുരത്തി ഹങ്കറിയിലെ സ്വാതന്ത്ര്യവായു ശ്വസിച്ചു് ഉത്തമകത്തോലിക്കനായി സ്വരാജ്യത്തു ജീവിക്കുവാൻ അവസരം വരുമെന്നു അദ്ദേഹം പ്രതീക്ഷിക്കുന്നു. ഈവിധത്തിൽ സ്വാതന്ത്ര്യപ്രേമികളായ ഹങ്കേറിയൻ ലക്ഷങ്ങളുടെ ഉള്ളിൽ കത്തിയെരിയുന്ന തീവ്രമായ അഭിലാഷത്തേയും ദൃഢമായ നിശ്ചയത്തേയും വളരെക്കാലം റഷ്യൻ ആയുധങ്ങൾക്കു ഒതുക്കിനിർത്തുവാൻ സാദ്ധ്യമല്ലതന്നെ.



ആവ്റൽ കെമെനി കല്ക്കരി ഖനിയിൽ ജോലിചെയ്യുന്നു.



വിപ്ലവവാർത്ത കേട്ടയുടനെ അദ്ദേഹം കൂട്ടുകാരോടുകൂടി ബുഡാപ്പെസ്റ്റിലെത്തി.



സമരത്തിൽ രണ്ടാമത്തെ കാലും നഷ്ടപ്പെട്ടു. എങ്കിലും ഒരു ഐസിൽക്കൂടി ഇഴഞ്ഞു രക്ഷപെട്ടു.

### 116-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—സംസാരം.

### പ്രശ്നം നമ്പ്ര് 117

(കെ. വി. പൗലോസ്
Reg. No. 58)

ചെറുപ്പക്കാരുടെ ഇടയിൽ ഞാനൊരു സാധാരണ കൂട്ടുകാരനാണ്. പെൺകുട്ടികൾ മിക്കവാറും എളുപ്പത്തിൽ എന്റെ വലയിൽ പെടും. ഞാൻ പിടികൂടിയാൽ പിന്നെ ആരുതന്നെയായാലും സാവധാനത്തിൽ അവർ എന്റെ അടിമയായിത്തീരാതെ ഗത്യന്തരമില്ല. ഞാനായിരിക്കും അവരെ എല്ലാക്കാര്യത്തിലും ഭരിക്കുക. എന്റെ പേരിനു മൂന്നക്ഷരമേയുള്ളൂ. ആദ്യക്ഷരം നിലത്തുനോക്കിയാൽ കാണാം, ഭൂമിയിലില്ല. രണ്ടാമത്തെ അക്ഷരം ഭഗവാനിൽനിന്നു കിട്ടും, ഈശ്വരൻ തരില്ല. മൂന്നാമത്തെ അക്ഷരം മംഗളത്തിലുണ്ടു്, കുശലത്തിലില്ല. എന്റെ പേരു പറയുമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## “ഞാനും മരിക്കും”

(ജോസഫ് വാരികാട്ട്, തിടനാട്
Reg. No. 77)

സന്ധ്യാസൂര്യന്റെ ചെങ്കതിരുകളേററു പ്രശോഭിച്ചിരുന്ന കുന്നിൻചെരിവുകളും അവയ്ക്കിടയിൽക്കൂടി “കള, കള” നാദം ഉയർത്തിക്കൊണ്ടു് മന്ദംമന്ദമായി വളഞ്ഞുപുളഞ്ഞൊഴുകുന്ന കൊച്ചരുവികളും അവയുടെ വക്കിൽ തഴച്ചുവളരുന്ന വൃക്ഷങ്ങളും എല്ലാം കൂടിച്ചേർന്നപ്പോൾ ആ ഗ്രാമം വളരെ മനോഹരമായി കാണപ്പെട്ടു. മാടത്തപ്പക്ഷികൾ വൃക്ഷക്കൊമ്പുകളിൽ ചേക്കേറുവാൻ തുടങ്ങുകയായിരുന്നു. വൃക്ഷത്തലപ്പുകളുടെ ഇടയിൽക്കൂടിയൊരു മന്ദമാരുതൻ തത്തിക്കളിക്കുന്നുണ്ടായിരുന്നു.

ഗ്രാമപ്രദേശത്തുനിന്നും അല്പം അകലെയായിട്ടാണ് വി. യൗസേപ്പുപിതാവിന്റെ ദേവാലയം സ്ഥിതിചെയ്യുന്നതു്. ഗ്രാമപ്രദേശത്തിന്റെ പ്രകൃതിഭംഗിയിൽ തനിക്കു പങ്കില്ല എന്നു തോന്നിക്കുമാറു്. ഫാദർ മാത്യു ജാലകത്തിലൂടെ വിദൂരതയിലേക്കു നോക്കിക്കൊണ്ടു് തന്റെ മുറിയിൽ ഏകാകിയായിരിക്കുകയാണ്. പള്ളിപ്പരിസരങ്ങളിൽനിന്നും അകന്നു സ്ഥിതിചെയ്യുന്ന പ്രകൃതിസൗന്ദര്യത്തെ ആസ്വദിക്കാനായിരിക്കും.

ചക്രവാളത്തിന്റെ കിഴക്കെ അരുകിൽനിന്നും വന്ന ഒരു മന്ദമാരുതൻ അച്ചന്റെ മുറിയിലേക്കു പ്രവേശിച്ചു, ഏതോ പുതിയ സന്ദേശവുമായി.

കിഴക്കേ റോഡിൽക്കൂടി ആരോ ഒരാൾ അതിവേഗം നടന്നു വരുന്നതും അദ്ദേഹം കണ്ടു.

“അല്ല, സഖാവു് ജോണിയല്ലേ ആ വരുന്നതു്” അച്ചൻ തന്നത്താൻ പറഞ്ഞു.

ഭൂതകാലത്തിന്റേതായ ചില ചിന്തകൾ അദ്ദേഹത്തിന്റെ മനസ്സിൽക്കൂടി കടന്നുപോയി. ഹോ! ഭയാനകങ്ങളായ ചിന്തകൾ!

“ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ” അച്ചനെ കണ്ടപ്പോൾ ജോണി സ്തുതിചൊല്ലി. അദ്ദേഹം വരാന്തയിലേക്കിറങ്ങിച്ചെന്നു.

“അച്ചാ, ഞാൻ ചെയ്ത തെററുകളെല്ലാം എന്നോടു ക്ഷമിക്കേണമെ” ജോണി അച്ചന്റെ കാൽക്കൽ വീണപേക്ഷിച്ചു

എന്താണിതിനു കാരണമെന്നറിയാതെ അച്ചൻ കുഴങ്ങി. “എന്താണു വിശേഷം?” അദ്ദേഹം ചോദിച്ചു. “കാര്യം പറഞ്ഞിട്ടു കരയൂ.”

“അച്ചാ, ക്ഷമിക്കണമേ. എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. ഞാനും മരിക്കും അച്ചാ!” ജോണിയുടെ കണ്ണുകളിൽനിന്നും മഴവെള്ളംപോലെ കണ്ണുനീർത്തുള്ളികൾ അടർന്നുവീഴുന്നതു അച്ചൻ കണ്ടു. അദ്ദേഹത്തിന്റെ മനസ്സ് ഭൂതകാലത്തുകൂടിയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു്. ഇന്നു ഈ നേരംവരേയും കൊള്ളരുതായ്മയും കള്ളത്തരവും കാണിച്ചുകൊണ്ടുനടന്ന സ്ഥലത്തെ കമ്മ്യൂണിസ്റ്റ്നേതാവു് ഇന്നിതാ തന്റെ കാല്ക്കൽവീണപേക്ഷിക്കുന്നു. കാരണം എന്തെന്നു പറയുന്നില്ല.

“കാര്യം പറഞ്ഞിട്ടു കരയൂ” അച്ചൻ പറഞ്ഞു.

“പറയാം. ഞാനും മരിക്കും.”

“അതിനെന്താ, എല്ലാവരും മരിക്കുമല്ലോ” അച്ചൻ പറഞ്ഞു

“അച്ചാ.”

“എന്താ, പറയൂ.”

“പറയാം. ഞാനിന്നൊരു കമ്മ്യൂണിസ്റ്റ്ജാഥയ്ക്കുപോയി. ഞാനായിരുന്നു നേതൃത്വം വഹിച്ചിരുന്നതു്. അപ്പോൾ ആരോ ഒരാൾ എന്നോടു പറഞ്ഞു, ബേബി ഹൃദയസ്തംഭനംമൂലം മരിച്ചുവെന്നു്. എന്റെ ഉററമിത്രം. കേട്ടുപാതി കേൾക്കാത്തതുപാതി ഞാൻ അവന്റെ വീട്ടിലേക്കോടി. അവിടെ ചെന്നപ്പോൾ ഞാൻ കണ്ട കാഴ്ച, ഹോ! ഭയപ്പെടുത്തുന്ന കാഴ്ച! വേദനിപ്പിക്കുന്നകാഴ്ച. മനസ്സുരുകുന്ന കാഴ്ച. ഹൃദയം തകരുന്ന കാഴ്ച. തിണ്ണയുടെ നടുവിൽ ഒരു കട്ടിലിൽ നിശ്ചലനായി മൃതനായിക്കിടക്കുന്ന എന്റെ സ്നേഹിതനെക്കണ്ടപ്പോൾ എന്റെ ഹൃദയം തകർന്നു. മനസ്സുരുകി. ശവസംസ്കാരവും ഇന്നുതന്നെ ഉണ്ടായിരുന്നു. അതിൽ ഞാൻ കേട്ട ഓരോ മണിയടിയും എന്റെ ഹൃദയത്തെ നിത്യരക്ഷയുടെ വഴിയിലേക്കു തിരിച്ചുവിടുന്നതായിട്ടെനിക്കു തോന്നി. ശവസംസ്കാരത്തിനുമുമ്പായി അവിടത്തെ അച്ചൻ ഒരു ചരമപ്രസംഗം നടത്തി. ഏതു കടുത്തഹൃദയവും ഉരുകിവെണ്ണപോലാകത്തക്ക പ്രസംഗം. ഏതു് ഉരുക്കുഹൃദയവും അലിഞ്ഞു പോകുന്ന പ്രസംഗം. ആ പ്രസംഗം എന്നെ ഭ്രാന്തുപിടിപ്പിക്കുന്നതുപോലെ തോന്നി. എന്താണു ചെയ്യേണ്ടതെന്നറിയാതെ കുഴങ്ങി. അതിനുശേഷം എന്റെ മനസ്സിൽ ഉണ്ടായ ചിന്തയാണ് “ഞാനും മരിക്കും” എന്നതു്. ഞാൻ അവിടെനിന്നും ഇങ്ങോട്ടോടി മനസ്സിനു് ഒരു സമാധാനം കണ്ടെത്താൻ. അച്ചാ എനിക്കൊന്നു കുമ്പസാരിക്കണം” ഒററശ്വാസത്തിനെന്നോണം ജോണി പറഞ്ഞുതീർത്തു. ഇത്രയും പറയുന്നതിനിടയിൽ പലപ്രാവശ്യം കണ്ണീർ തുടയ്ക്കുന്നതു് അച്ചൻ കണ്ടു.

“സമാധാനമായിരിക്കൂ. അതിനുശേഷം കുമ്പസാരിക്കാം” അച്ചൻ പറഞ്ഞു. “അച്ചാ ഞാനും മരിക്കും. മരണം നിശ്ചയം; സമയം നിശ്ചയമില്ല. എനിക്കു വേഗം ഒന്നു കുമ്പസാരിക്കണം.”

“അതിനെന്താ പേടിക്കാനിരിക്കുന്നതു്” അച്ചൻ പറഞ്ഞു.

കുറേസമയം കഴിഞ്ഞപ്പോൾ ജോണി സമാധാനമായി കുമ്പസാരിച്ചു. ഒരു വലിയ ചുമടു് തലയിൽനിന്നും ഇറക്കിയാലെന്നപോലെ അവന്റെ ഹൃദയത്തിന്റെ വലിയ ഭാരം ഒഴിഞ്ഞതായി അവനു തോന്നി.

അപ്പോഴേക്കും നേരം നന്നേ ഇരുട്ടിയിരുന്നു. ആയിരക്കണക്കിനു നക്ഷത്രങ്ങൾ ആകാശമദ്ധ്യത്തിൽ തെളിഞ്ഞു നിൽപുണ്ടായിരുന്നു. അവയിലൊന്നു താഴെ വീണതുപോലെ പള്ളിയിലെ കെടാവിളക്കു പ്രകാശിക്കുന്നു. ആകാശത്തിന്റെ പടിഞ്ഞാറെ കോണിൽ ചന്ദ്രിക മേഘങ്ങൾക്കിടയിൽ ഒളിച്ചു കളിക്കുന്നുണ്ടായിരുന്നു. എല്ലാം നിശ്ശബ്ദമായിരിക്കുന്നു.

അവർ പ്രാർത്ഥനചൊല്ലി.

അതിനു ശേഷം ജോണി പറഞ്ഞു: “എന്റെ അമ്മയെക്കണ്ടിട്ടു് 6 വർഷമായി. എന്റെ അമ്മയ്ക്കു് ഞാൻ മാത്രമേയുള്ളു മകനായിട്ടു്. അമ്മയെവിടെയാണെന്നറിയാമോ അച്ചാ?”

“അറിയാം”

“നമുക്കു് ഒന്നു പോകാം” അച്ചനെ ക്ഷണിച്ചു.

“നാളെ രാവിലെയാകട്ടെ” അച്ചൻ പറഞ്ഞു.

“അതുപോരാ അച്ചാ, അതിനു മുമ്പു ഞാൻ മരിച്ചാൽ....അമ്മയെത്രമാത്രം കരഞ്ഞുകാണും” ജോണി പറഞ്ഞു.

“കാണാതായ മകൻ തിരിച്ചു വരുമ്പോൾ വളരെയധികം സന്തോഷിക്കും” അച്ചൻ പറഞ്ഞു.

“എന്നാൽ നമുക്കു പോകാം.” അവർ രണ്ടുപേരും കൂടി, ജോണിയുടെ അമ്മ താമസിക്കുന്ന വീട്ടിലേക്കു തിരിച്ചു.

അപ്പോഴും ചന്ദ്രിക പടിഞ്ഞാറെ ചക്രവാളത്തിന്റെ കോണിൽ പ്രകാശിക്കുന്നുണ്ടായിരുന്നു.

## വിനോദവീഥി



“ഈശ്വരാ! ഇവന്മാരു് നമ്മടെ “L” കാണുന്നില്ലെന്നു തോന്നണല്ലോ!”

x x x

ഭാര്യ:- “ഡോക്ടറേ, ഇതിയാന്റെ സുഖക്കേടെന്തൊന്നാണെന്നു ഒന്നു നല്ലവണ്ണം പരിശോധിക്കണേ.”

ഡോക്ടർ:- (പരിശോധനയ്ക്കുശേഷം) ഇതു സാരമില്ല. മനപ്പൂർവ്വമുള്ള ഒരു തരം “ഇനേർഷിയാ”യാണിതു്.”

ഭാര്യ:- “ദൈവമേ, മടിപിടിച്ചിരിക്കുകയാണെന്നുപറഞ്ഞു ഞാൻ അതിയാനെ എത്ര തവണ കുററംപറഞ്ഞുപോയി!”

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1